2011 ആഗസ്റ്റ് | പുസ്തകം 2 ലക്കം 8 | ISSN 0970-0579 | വില: 4 രൂപ

Coconut for Healthy Living

# ഇന്ത്യൻ നാളികേര ജേണൽ

## നാളികേരോത്പാദക സംഘങ്ങൾ കേരകർഷകരുടെ ശോഭനഭാവിക്ക്



ഈ ഓണക്കാലത്ത് കരിക്ക് പ്രഥമൻ ആസ്വദിക്കൂ



പുസ്തകം 2 ലക്കം 8
2011 ആഗസ്റ്റ്
വില 4 രൂപ

*ഇന്ത്യൻ നാളികേര ജേണലിൽ
ഈ ലക്കത്തിലെ മുഖ്യ വിഷയം*
***ക്ലസ്റ്ററും നാളികേരോത്പാദകസംഘവും***

## ഉള്ളടക്കം

നാളികേര ഉത്പാദകസംഘങ്ങൾ കേര കർഷകരുടെ നല്ല നാളെയ്ക്ക് ....................2

റബ്ബർ ബോർഡിന്റെ മുൻ ചെയർമാൻ ശ്രീ. പി.സി.സിറിയക് ഐഎഎസ് (റിട്ട.)മായുള്ള അഭിമുഖം ..4

റബ്ബർ ബോർഡ് ചെയർമാൻ ശ്രീമതി ഷീല തോമസ് ഐഎഎസുമായുള്ള അഭിമുഖം ....................9

തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പ്രവൃത്തിപഥത്തിൽ ....................11

വെളിച്ചെണ്ണയുടെ തിരിച്ചുവരവ്....................12
*ആർ. ഹേലി*

വിഎഫ്പിസികെയുടെ കർഷകസംഘ രൂപീകരണവും പഴം-പച്ചക്കറി മേഖലയിൽ ....................15
സ്വാശ്രയ സംഘങ്ങളുടെ സ്വാധീനവും
*എൻ. വിജയൻ*

തെങ്ങുകൃഷിയിൽ തിളങ്ങുന്ന കേര കേസരി ....................17

ഒന്നായാൽ നന്നായി, നന്നായാൽ കരുത്തായി ....................20
*ദീപ്തി നായർ എസ്*

നാളികേര ഉത്പാദക സംഘങ്ങൾ ....................24
*കെ. എസ്. സെബാസ്റ്റ്യൻ*

കേരകർഷകർക്കും സ്വാശ്രയസംഘം ....................26
*ടി. എസ്. വിശ്വൻ*

ഉദ്യാൻ വികാസ് പദ്ധതി - ബോംഗൈഗാവ് ജില്ലാ ഭരണകൂടത്തിന്റെ ഒരു നൂതനസംരംഭം....................28

ബോർഡിന്റെ മാണ്ഡ്യ പ്രദർശന വിത്തുത്പാദന തോട്ടം-ഒരു മാതൃകാ ഫാം ....................29
*രമണി ഗോപാലകൃഷ്ണൻ*

നാളികേര ചിപ്സ് നിർമ്മാണവും വിപണനവും വനിതാ സ്വാശ്രയ സംഘങ്ങളിലൂടെ -
ഒരു 'കല്പകം' വിജയ കഥ ....................31
*സി. തമ്പാൻ, കെ. മുരളീധരൻ, എം. കൃഷ്ണൻ*

കുരുത്തോലപന്തൽ ....................34

സമ്മർ ഫാൻസി ഫുഡ് ഷോ ....................37

ഏഷ്യൻ ആന്റ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റിയിലെ അംഗ രാഷ്ട്രങ്ങൾ ....................38

കമ്പോളാവലോകനം ....................39

# നാളികേര ഉത്പാദകസംഘങ്ങൾ നാളികേര കർഷകരുടെ നല്ല നാളെയ്ക്ക്

പ്രിയപ്പെട്ട കേര കർഷകരേ,

'ഐകമത്യം മഹാബലം' എന്നത് ചെറുപ്പകാലം മുതൽ നമുക്ക് മന:പ്പാഠമാണ്. കേരളത്തിൽ സംഘടിത ശക്തിയുടെ നേട്ടങ്ങൾ നമ്മുടെ കൺമുമ്പിൽതന്നെ ധാരാളമുണ്ട്. എങ്കിലും നാളികേര കൃഷിയുടെ കാര്യത്തിൽ ഇനിയും ഉത്പാദകർ ഈ അറിവിനെ വേണ്ടത്ര തിരിച്ചറിഞ്ഞിട്ടില്ല എന്നു കരുതേണ്ടിയിരിക്കുന്നു. തെങ്ങ് കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നാണ്യവിളയാണ്. ഭൂവിസ്തൃതിയിലും, ഉത്പാദനത്തിലും കേരളം ഇക്കാര്യത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. പക്ഷേ ഉത്പാദനക്ഷമതയിൽ കേരളം 9-ാം സ്ഥാനത്തേയ്ക്ക് തള്ളപ്പെട്ടിരിക്കുന്നു. കേരളത്തിന്റെ ഉത്പാദനക്ഷമത 7365 നാളികേരം മാത്രമാണ്. ലക്ഷദ്വീപ്, (19630), പോണ്ടിച്ചേരി (14619), തമിഴ്നാട് (13771), പശ്ചിമബംഗാൾ (12430), ഗുജറാത്ത് (9861), ആന്ധ്ര (9327), മഹാരാഷ്ട്ര (8338), ആസ്സാം (7824) എന്നിവരാണ് മറ്റ് മുൻനിരക്കാർ.

ഇന്ത്യൻ ശരാശരി ഹെക്ടറിന് 8303 നാളികേരമാണ്. ഒരു പക്ഷേ ദേശിയ ശരാശരിയേക്കാൾ കേരളം പിന്നിലായ ഏക കാര്യവും നാളികേരത്തിന്റെ ഉത്പാദനക്ഷമതയിലാണ്. ഇതൊരു വൈരുദ്ധ്യമല്ലേ? എന്തുകൊണ്ടായിരിക്കും നൂറ്റാണ്ടുകളുടെ തെങ്ങുകൃഷി പാരമ്പര്യമുള്ള കേരളം ഇത്രയേറെ ഉത്പാദനക്ഷമതയിൽ പിൻതള്ളപ്പെട്ടത്? നിരവധി ഉത്തരങ്ങളും, ആശയഗതികളും നിരത്താനുണ്ടെങ്കിലും, ചില യാഥാർത്ഥ്യങ്ങൾ നമ്മെ തുറിച്ചു നോക്കുന്നുണ്ട്. പ്രധാനപ്പെട്ടവയെന്ന് തോന്നുന്ന ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കട്ടെ. കുറഞ്ഞുവരുന്ന ആളോഹരി ഭൂമിയുടെ അളവ്, രോഗ-കീടബാധ, അസ്ഥിരമായവിലയും വിപണിയും, തെങ്ങുകൃഷിയിലുള്ള അശ്രദ്ധ, ശാസ്ത്രീയ പരിചരണ മുറകളുടെ അഭാവം, ജലസേചന സൗകര്യക്കുറവ് എന്നിവ കാരണങ്ങളായി പലരും പറയുന്നുണ്ട്. അതിനോടൊപ്പംതന്നെ അഥവാ അതിനേക്കാൾ ഗൗരവമായ ഒരു കാരണം ഉത്പാദക കൂട്ടായ്മകൾ നാളികേര മേഖലയിൽ വളരാത്തതും ശക്തി പ്രാപിക്കാത്തതുമാണെന്ന് വിശ്വസിക്കാൻ നിരവധി ന്യായങ്ങളുണ്ട്.

ദുർബലമായ കർഷക കൂട്ടായ്മയിൽ നിന്നുതന്നെ ആരംഭിക്കാം. നാളികേര കൃഷിയുടെ ദുർഗ്ഗതിയുടെ മറ്റു കാരണങ്ങളിൽ പലതിനും വ്യക്തികൾ എന്ന നിലയിൽ ഓരോ കർഷകനും പരിഹാരം കാണാൻ വളരെ വിഷമമാണ്. പ്രതിശീർഷ കൃഷിഭൂമിയുടെ അളവ് വർദ്ധിപ്പിക്കാനോ, ഉത്പാദനച്ചിലവ് കുറയ്ക്കാനോ വ്യക്തികൾ എന്ന നിലയിൽ സാധാരണഗതിയിൽ കഴിയില്ലതന്നെ. എന്നാൽ സുശക്തമായ നാളികേരോത്പാദക സംഘങ്ങളുടെ ഒരു ശൃംഖല തെങ്ങ് കൃഷി ചെയ്യുന്ന പ്രധാന പ്രദേശങ്ങളിലുണ്ടായാലോ? പരസ്പരം അറിവുകളും, ആശയങ്ങളും പങ്കുവയ്ക്കപ്പെട്ടാലോ? നൂതനാശയങ്ങൾ മത്സരബുദ്ധിയോടെ ആർജ്ജിച്ചെടുത്താലോ? ഉത്പാദനച്ചിലവ് കുറയ്ക്കുന്നതിന് ഒരുമിച്ച് നിർവ്വഹിക്കുന്ന പ്രവർത്തനങ്ങൾ ഒത്തൊരുമയോടെ ചെയ്താലോ? ശാസ്ത്രീയ കൃഷിരീതികളും വളപ്രയോഗവും, സസ്യസംരക്ഷണ പ്രവർത്തനങ്ങളും, കൂട്ടായ നാളികേരത്തിന്റെ വിളവെടുപ്പും വഴി, ഒത്തൊരുമയോടെ പ്രവർത്തിച്ചാൽ ഉത്പാദനച്ചിലവ് കുറയ്ക്കുന്നതിന് തീർച്ചയായും നമുക്ക് കഴിയും.

ഉത്പാദകസംഘങ്ങൾ എന്ന ആശയം കേരകൃഷിയിൽ പുതിയതൊന്നുമല്ല. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്ത കോക്കനട്ട് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി (സിപിഎസ്) അഥവാ നാളികേരോത്പാദക സംഘങ്ങൾ ഇപ്പോൾതന്നെ 114 എണ്ണമുണ്ട്. ക്ലസ്റ്റർ ഡവലപ്മെന്റിൽ രൂപീകരിച്ച 386 ക്ലസ്റ്ററുകളും കേരളത്തിലുണ്ട്. വ്യക്തമായ ലക്ഷ്യത്തോടെ, സമയബന്ധിതമായി, ലക്ഷ്യബോധത്തോടെയുള്ള കൂട്ടായ പ്രവർത്തനമാണിനി വേണ്ടത്. സിപിഎസ്കളുടെ സമയബന്ധിതമായ രൂപീകരണം; അത് ചുരുങ്ങിയത് 1000 എണ്ണമെങ്കിലും ഈ വർഷം കേരളത്തിലും 500 എണ്ണം തമിഴ്നാട്ടിലും, 500 എണ്ണം കർണ്ണാടകത്തിലും, 500 എണ്ണം ആന്ധ്രയിലും, മറ്റെല്ലാ നാളികേരോത്പാദക സംസ്ഥാനങ്ങളിലുംകൂടി 500 എണ്ണവും എന്ന നാഴികക്കല്ലാണ് (milestone) ഈ സാമ്പത്തിക വർഷം നാളികേര വികസന ബോർഡ് ലക്ഷ്യമിടുന്നത്. ചുരുങ്ങിയത് കായ്ക്കുന്ന 10 തെങ്ങുകളെങ്കിലും സ്വന്തമായുള്ള കൃഷിക്കാരെ സിപിഎസ്കളിൽ അംഗങ്ങളാക്കാം. 40 മുതൽ 100 വരെ കൃഷിക്കാർ ഓരോ സിപിഎസ് ലും ആവാം. ശരാശരി 4000-5000 എങ്കിലും കായ്ക്കുന്ന തെങ്ങുകൾ ഓരോ സിപിഎസ് ന്റെയും പ്രവർത്തന പരിധിയിലുണ്ടാവാം. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്ന സിപിഎസ് കളെ നാളികേര വികസന ബോർഡിലും രജിസ്റ്റർ ചെയ്യുക. ആവശ്യമായ നിയമാവലി നാളികേര വികസന ബോർഡ് ഇതിനോടകം തയ്യാറാക്കികഴിഞ്ഞിട്ടുണ്ട്. ഇത്രയുമാണ് സംഘാടനത്തിന്റെ പ്രാഥമിക തലം.

പ്രവർത്തനപഥത്തിൽ സിപിഎസ് കൾക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങളേവ? അംഗങ്ങളുടെ ഭാവനയും, ക്രിയാത്മകതയും, സർഗ്ഗശേഷിയും ഉപയോഗപ്പെടുത്തി നാളികേര കൃഷിവികസനത്തിനും, കർഷകരുടെ ഉന്നമനത്തിനും വേണ്ട ഏത് കാര്യങ്ങളും സിപിഎസ്കൾക്ക് ചെയ്യാം. എങ്കിലും സിപിഎസ്കൾ ഏറ്റെടുക്കേണ്ട ചില അടിസ്ഥാന പ്രവർത്തനങ്ങളിൽ ഐകരൂപ്യവും ഏകതാനതയും വേണ്ടതുണ്ട്. തെങ്ങ് കൃഷിയിലെ ശാസ്ത്രീയ പരിചരണ മുറകൾ എല്ലാ അംഗങ്ങളും അവലംബിക്കൽ, ശാസ്ത്രീയമായ മണ്ണുപരിശോധന, രോഗ-കീട നിയന്ത്രണ പ്രവർത്തനങ്ങൾ, വിളവെടുപ്പ്, ഏകോപിപ്പിക്കൽ സംഭരണത്തിനും വിപണനത്തിനുമുള്ള പ്രവർത്തനങ്ങൾ, സംസ്ക്കരണ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ, വില സ്ഥിരതയ്ക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ എന്നിവ എല്ലാ സിപിഎസ് കളും ആരംഭിക്കുന്നത് ഉചിതമാവും. ഇവയോരോന്നിലും ഏതെല്ലാം ഘടകങ്ങളാവാം എന്നത് സ്ഥലപരിമിതിയാൽ ഇവിടെ വിശദീകരിക്കുന്നില്ല. മറ്റ് ലേഖനങ്ങളിലും ചർച്ചകളിലും ഇക്കാര്യം പ്രതിപാദിക്കുന്നുണ്ട്.

പടിപടിയായി 3 വർഷം കൊണ്ട്, കേരളത്തിലെ ആകെയുള്ള പതിനഞ്ചുകോടി തെങ്ങുകളിൽ 5 കോടി തെങ്ങുകളെയും അവ ഉൾക്കൊള്ളുന്ന കർഷകരേയുമെങ്കിലും സിപിഎസ് ശൃംഖലയിൽ കൊണ്ടുവരാൻ കഴിയണം. അതുവഴി കേരളത്തിലെ മൊത്തം തെങ്ങുകളുടെ മൂന്നിൽ ഒന്നെങ്കിലും; അതായത് 10-12 ലക്ഷം കൃഷിക്കാരെയെങ്കിലും ഈയൊരു പ്രക്രിയയിൽ പങ്കാളികളാക്കാൻ നമുക്കു ലക്ഷ്യമിടാം. ഇത് വഴി ഉത്പാദനച്ചിലവിൽ 15-20% കുറവും ഉത്പാദനക്ഷമതയിൽ 50% എങ്കിലും വർദ്ധനവും വരുത്താൻ കഴിയില്ലേ? സിപിഎസ്കളുടെ പരിധിയിലെ ഉത്പാദനത്തിന്റെ 25%

എങ്കിലും മൂല്യവർദ്ധിത ഉൽപന്നങ്ങളാക്കി മാറ്റുന്നതിനു നമുക്ക് ശ്രമിച്ചുകൂടേ? 20-25% നാളികേര ഉത്പാദനം കരിക്ക് ആയി വിളവെടുക്കുന്നതിനും മറ്റൊരു 15-20% സിപിഎസ്കൾ വഴിയോ, സിപിഎസ്കളുടെ കീഴിലുള്ള നെറ്റ്‌വർക്കുകൾ വഴിയോ നഗര ചില്ലറ വ്യാപാര കേന്ദ്രങ്ങളിലെത്തിക്കാനും നമുക്ക് ശ്രമിച്ചാലോ? കരിക്കിന്റെ 10 പ്രധാന മാർക്കറ്റുകൾ കേരളത്തിൽ സൃഷ്ടിക്കാൻ കഴിയില്ലേ? കേരളത്തിൽ 500-600 മാർക്കറ്റുകളിലെങ്കിലും, നാളികേരം (പച്ചതേങ്ങ) വിപണനം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടാക്കാമോ? ഇന്ന് കയർ നിർമ്മാതാക്കൾ തൊണ്ടും ചകിരിയും കിട്ടാതെ നട്ടം തിരിയുകയാണ്. അതുകൊണ്ടുതന്നെ തൊണ്ട്, ചിരട്ട എന്നിവ കൂടുതലായി സംഭരിക്കുന്നതിനും അവയ്ക്ക് വിലസ്ഥിരത ഉറപ്പു വരുത്തുന്നതിനും നമുക്ക് ശ്രദ്ധിക്കാൻ കഴിയില്ലേ? ഈ ലിസ്റ്റിൽ ഇനിയും പലകാര്യങ്ങളും ചേർക്കാനുണ്ട്. 10 ലക്ഷം തെങ്ങുകൃഷിക്കാർ സിപിഎസ് നെറ്റ്‌വർക്കിലുണ്ടായിരുന്നെങ്കിൽ തെങ്ങും, തെങ്ങുകർഷകരും ഇന്നത്തേതിനേക്കാൾ ശ്രദ്ധിക്കപ്പെടുമായിരുന്നില്ലേ? സഹായാഭ്യർത്ഥനയുമായി വിവിധ പടിവാതിലുകൾ കയറിയിറങ്ങി നടക്കേണ്ടി വരുമായിരുന്നോ? സഹായിക്കാൻ കഴിയുന്നവർ, സഹായിക്കേണ്ടവർ, സഹായ വാഗ്ദാനവുമായി കർഷകരെത്തേടി വരുമായിരുന്നില്ലേ? നാളികേര കർഷകരുടെ ന്യായമായ ആവശ്യങ്ങൾക്കുവേണ്ടി ശബ്ദമുയർത്താൻ അധികാരത്തിന്റെ വിവിധ ശ്രേണിയിലുള്ളവർ തയ്യാറാകുമായിരുന്നില്ലേ? കേരളത്തിലെയും ഇന്ത്യയിലെ തെങ്ങുകൃഷിയുള്ള 18 സംസ്ഥാനങ്ങളിലെയും 3 കേന്ദ്ര ഭരണ പ്രദേശങ്ങളിലേയും കേരകർഷകർ അംഗങ്ങളായ സിപിഎസ്കളും അവയുടെ ശക്തമായ ഫെഡറേഷനുകളും അന്തർസംസ്ഥാന പ്രവർത്തന ബന്ധങ്ങളുമുണ്ടായിരുന്നെങ്കിൽ വിവിധ സംസ്ഥാന ബജറ്റുകളിലും, കേന്ദ്രഗവൺമെന്റിന്റെ പഞ്ചവത്സര പദ്ധതികളിലും ഉയർന്ന തോതിൽ നാളികേര വികസനത്തിനുള്ള നിരവധി പദ്ധതികളുണ്ടാകുമായിരുന്നില്ലേ? ഇവിടെയാണ് സിപിഎസ്കളുടെയും അവ ഉൾക്കൊള്ളുന്ന നെറ്റ്‌വർക്കിന്റെയും ആവശ്യകതയും ഉപയുക്തതയും സാംഗത്യവും.

മാസത്തിലൊരിക്കലെങ്കിലും സിപിഎസ്കൾ യോഗം ചേരുകയും പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും, പ്ലാനനുസരിച്ചുള്ള നിർവ്വഹണത്തിനും, മോണിട്ടറിംഗിനും ശ്രദ്ധിക്കുകയുമാവാം. ഓരോ കൃഷി സീസണും മുമ്പായി അടുത്ത ഒരു വർഷക്കാലത്തേക്കുള്ള കാർഷിക പ്രവർത്തനങ്ങളുടെ കലണ്ടർ തയ്യാറാക്കുക, കൃഷിഭവനുകളും പഞ്ചായത്ത്-നഗരസഭകളുമായി ചേർന്ന് പരമാവധി ഏകോപനം ഉറപ്പുവരുത്തുക, കൂട്ടായ വളപ്രയോഗത്തിനും, രോഗകീട നിയന്ത്രണത്തിനും പദ്ധതി ആസൂത്രണം ചെയ്തു നടപ്പാക്കുക എന്നിവയൊക്കെ സിപിഎസുകളുടെ ലക്ഷ്യങ്ങളിൽപെടുത്താം. ഒരു പഞ്ചായത്ത്/നഗരസഭയിലെ സിപിഎസ്കൾ ഒത്തുചേർന്നാൽ വർഷത്തിൽ രണ്ടുതവണയെങ്കിലും, നാളികേര കൃഷി, ഇടവിളകൾ, മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവയെപ്പറ്റി പഠന സെമിനാറുകൾ സംഘടിപ്പിക്കുകയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായിച്ചേർന്നു അന്തർ ജില്ല/സംസ്ഥാന സിപിഎസ്കളുടെ ആശയങ്ങളും വിജയകഥകളും കൈമാറുന്നതുൾപ്പെടെ വിവിധ പദ്ധതികൾ ആവിഷ്ക്കരിക്കയുമാവാം. ഇത്തരം പദ്ധതികളുടെ നിർവ്വഹണ ഏജൻസിയായും സിപിഎസുകളെ നമുക്ക് മാറ്റാനാവും..

അടുത്തപടി, സിപിഎസ്കളുടെ മേൽതലമാണ്. അനുയോജ്യമായ തലത്തിൽ, 15-20 സിപിഎസുകൾ എങ്കിലും ചേർന്നുണ്ടാക്കുന്ന ഫെഡറേഷനുകൾ, ഈ രംഗത്തെ പ്രവർത്തനങ്ങൾക്കു മാർഗ്ഗനിർദ്ദേശവും, ദിശാബോധവും നൽകുന്നതിന് സഹായിക്കും. അതേതുടർന്ന് ഉത്പാദകരുടെ കമ്പനികൾ (Producer's Company) രൂപികരിക്കുന്നതിനും നമുക്ക് ലക്ഷ്യമിടേണ്ടതുണ്ട്. 20-25 ഉത്പാദക കമ്പനികൾ നാളികേര മേഖലയിൽ രൂപീകരിക്കാൻ കഴിഞ്ഞാൽ, വിപണന സംസ്ക്കരണ മേഖലയിലും, എന്തിനധികം, അന്യസംസ്ഥാനങ്ങളിലും മൂല്യവർദ്ധിത ഉൽപന്നങ്ങൾ എത്തിക്കുന്നതിനും, കയറ്റുമതി രംഗത്ത് നമുക്ക് മുൻകൈ നേടാനും അതുവഴി മെച്ചപ്പെട്ട വില നാളികേര കർഷകർക്ക് ലഭ്യമാക്കാനും കഴിയും. ഉത്പാദകർക്ക് ഉൽപ്പന്നങ്ങളുടെ മേലും, വിപണിയിലും സ്വാധീനമുള്ള ഒരു കാലഘട്ടത്തിലേയ്ക്ക് നാളികേര മേഖലയെ കൈപിടിച്ചെത്തിക്കണമെങ്കിൽ സിപിഎസുകൾ വഴിയല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലതന്നെ.

തെങ്ങുകൃഷിക്ക് വേണ്ട പ്രോത്സാഹനവും, സഹായവും, നയരൂപീകരണവും നടത്തുന്നതിന് ഗവൺമെന്റുകളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നതിനും, സ്വാധീനിക്കുന്നതിനും, സിപിഎസുകളും, ഫെഡറേഷനും, ഉത്പാദക കമ്പനികളും, അവയിലെല്ലാം സജീവമായ അംഗങ്ങളായി കേരകർഷകരും ഉണ്ടായാൽ മാത്രമേ കഴിയൂ. ഇതായിരിക്കണം നമ്മുടെ ലക്ഷ്യം. അതോടൊപ്പം ഇതൊരു വലിയ വെല്ലുവിളിയുമാണ്. ഇത് നാം ഏറ്റെടുക്കുന്നില്ലെങ്കിൽ മറ്റാർക്കാണിത് കഴിയുക? അന്യരാരെങ്കിലും നമുക്കുവേണ്ടി ഇതെല്ലാം ചെയ്തുതരുമോ? നാംതന്നെയാണീക്കാര്യത്തിൽ മുമ്പോട്ടിറങ്ങേണ്ടത്. ആരംഭകാല കഷ്ടപ്പാടുകളും, ബുദ്ധിമുട്ടുകളും പ്രതീക്ഷിച്ചുകൊണ്ടുതന്നെ മുന്നിട്ടിറങ്ങുക; കേവലം സഹായങ്ങളോ, സബ്സിഡികളോ, ദാനങ്ങളോ അല്ല വേണ്ടത്. മറിച്ച് പ്രവർത്തനം സുഗമമാക്കൽ, പിന്തുണ നൽകൽ, അവസരങ്ങൾ സൃഷ്ടിക്കൽ എന്ന ത്രിമാന തലങ്ങളാണ് നമുക്കു വേണ്ടത്. ഇക്കാര്യങ്ങൾ പ്രദാനം ചെയ്യുന്നതിന് ബോർഡ് നിങ്ങളോടൊപ്പമുണ്ട്.

അടുത്തതലമുറയിലേക്ക് തെങ്ങിനെയും, തെങ്ങുകൃഷിയെയും എത്തിക്കുന്നതിനും അവബോധമുണ്ടാക്കുന്നതിനുമായി നമ്മുടെ മാസികയിൽ ഈ ലക്കം മുതൽ കുട്ടികൾക്കായി കുരുത്തോലപ്പന്തൽ എന്ന പംക്തി ആരംഭിക്കുകയാണ്. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളുടെ നാളികേര സംബന്ധിയായ രചനകളാണ് ഇതിൽ വരേണ്ടത്. നമ്മുടെ മാസിക കേരളത്തിലെ എല്ലാ സ്കൂൾ ലൈബ്രറികളിലും എത്തേണ്ടതുണ്ട്. അതുപോലെതന്നെ ബയോളജി അദ്ധ്യാപകരുടെ മേൽ നോട്ടത്തിൽ, തിരഞ്ഞെടുത്ത സ്കൂളുകളിൽ കോക്കനട്ട് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും ഈ വർഷം ലക്ഷ്യമിടുന്നു. നാളികേരത്തിന്റെ ഗുണവും, മഹത്വവും ഇന്ത്യയിലെ ഇളം തലമുറവഴി ഓരോ കുടുംബങ്ങളിലേയ്ക്കും എത്തിക്കാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു. മാസികയുടെ അടുത്ത ലക്കങ്ങളിലെ കുരുത്തോലപ്പന്തൽപംക്തിയിലേക്ക് നിങ്ങളുടെ രചനകൾ സഹർഷം ക്ഷണിക്കുന്നു.

ആയിരം പുതിയ സിപിഎസ്കൾ കൂടി ഈ മലയാള വർഷത്തിൽ ആരംഭിക്കുകയെന്ന ദൗത്യം നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയാണ്. കേരളത്തിലെ കർഷകർ ഇക്കാര്യത്തിനു മുൻകൈയെടുക്കുമെന്നും നേതൃത്വം നല്കുമെന്നും പ്രത്യാശിക്കുന്നു. ഒരു തലമുറക്കാലം കൊണ്ട് റബർ കൃഷിയിൽ ലോകത്തിലെ ഏറ്റവും മികച്ച ഉത്പാദനക്ഷമത കൈവരിച്ച നേട്ടം നമുക്കു പിൻബലമായുണ്ട്. ആത്മാർത്ഥമായ പ്രവർത്തനങ്ങൾ സിപിഎസ്കളുടെ രൂപീകരണത്തിനും പ്രവർത്തന വിജയത്തിനും പ്രതീക്ഷിച്ചുകൊണ്ട്,

മാന്യവായനക്കാർക്ക് സമ്പൽസമൃദ്ധമായ തിരുവോണവും മലയാള നവവർഷവും ആശംസിച്ചു കൊള്ളുന്നു.

സ്നേഹാദരങ്ങളോടെ,

ടി.കെ. ജോസ് ഐഎഎസ്
**ചെയർമാൻ**



# ഉത്പാദക സംഘങ്ങൾ കർഷകക്ഷേമത്തിന് അനിവാര്യം

റബ്ബർ ബോർഡിന്റെ മുൻ ചെയർമാൻ ശ്രീ. പി. സി. സിറിയക് ഐഎഎസ് (റിട്ട.)മായുള്ള അഭിമുഖം

**റബ്ബർ ഉത്പാദകസംഘങ്ങളിൽ നിന്ന് പാഠം ഉൾക്കൊണ്ട് മറ്റ് കൃഷികൾ സജീവമാക്കാനും പുനഃസംഘടിപ്പിക്കാനും വേണ്ടി കർഷകരുടെ ഗ്രാമതല ഉത്പാദകസംഘങ്ങൾ സ്ഥാപിച്ച് വളർത്തേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്.**

***റബ്ബർ ഉത്പാദക സംഘങ്ങളെ (ആർപിഎസ്)പ്പറ്റി ചിന്തിക്കുവാനുണ്ടായ കാരണം എന്തായിരുന്നു? പശ്ചാത്തലമെന്തായിരുന്നു? ഏതു കാലഘട്ടത്തിൽ? എന്തെങ്കിലും മുൻ അനുഭവങ്ങൾ ഉണ്ടായിരുന്നോ?***

1985–86 കാലഘട്ടത്തിൽ റബ്ബറിന്റെ വിലയിടിവ് ഒരു പ്രശ്നമായിരുന്നു. ഈ വിലയിടിവിനെ പ്രതിരോധിക്കാനും കർഷകർക്ക് ന്യായവില ഉറപ്പുവരുത്താനും ചില ശ്രമങ്ങൾ നടത്തുകയുണ്ടായി. ഇത്തരം ശ്രമങ്ങൾ വിജയിപ്പിക്കണമെങ്കിൽ 90 ശതമാനം റബ്ബർ ഉത്പാദനവും ലഭ്യമാക്കുന്ന ചെറുകിട കർഷകരുടെ റബ്ബർ ന്യായവിലയ്ക്ക് വാങ്ങി വിപണനം ചെയ്യാൻ കർഷകരോട് പ്രതിബദ്ധതയുള്ള ഏജൻസികൾ വേണമെന്ന് മനസ്സിലായി. പാലാ മാർക്കറ്റിംഗ് സൊസൈറ്റി, മീനച്ചിൽ റബ്ബർ ഗ്രോവേഴ്സ് സൊസൈറ്റി, മൂവാറ്റുപുഴ, തൊടുപുഴ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾ മുതലായ സഹകരണ മേഖലയിലെ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികൾ 1950കൾ മുതൽക്ക് തന്നെ പ്രവർത്തിക്കുന്നുണ്ടായിരുന്നു. പക്ഷേ, 30 കൊല്ലം കഴിഞ്ഞിട്ടും അവർക്ക് ഉത്പാദനത്തിന്റെ 7–8 ശതമാനം മാത്രമേ കൈകാര്യം ചെയ്യാൻ കഴിഞ്ഞിരുന്നുള്ളൂ. റബ്ബർ കർഷക മേഖലകളിലുള്ള ജില്ല, താലൂക്ക് ആസ്ഥാനങ്ങളിലാണ് ഈ സംഘങ്ങൾ പ്രവർത്തിച്ചിരുന്നത്. കർഷകർ ജീവിക്കുകയും റബ്ബർ ഉത്പാദിപ്പിക്കുകയും ചെയ്യുന്ന ഗ്രാമങ്ങളിൽ ഇവയ്ക്ക് വേരുകളില്ലായിരുന്നു. കർഷകർ ഗ്രാമങ്ങളിൽ നിന്ന് അവരുടെ ഉൽപന്നങ്ങൾ ജില്ല, താലൂക്ക് ആസ്ഥാനങ്ങളിൽ കൊണ്ടുവന്ന് വിൽക്കുകയെന്നത് അസാദ്ധ്യമായിരുന്നു. അപ്പോൾ അവർ വിപണനത്തിൽ സ്വകാര്യ ഡീലർമാരെ തന്നെ ആശ്രയിച്ചു. സഹകരണമേഖല മുരടിക്കുകയും ചെയ്തു. സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘങ്ങൾക്ക് ഗ്രാമതലത്തിൽ ഇല്ലാതിരുന്ന വേരുകൾ ഇപ്രകാരം സൃഷ്ടിച്ച് കൊടുക്കാൻ വേണ്ടിയാണ് റബ്ബർ ഉത്പാദകസംഘം,ഓരോ ഗ്രാമത്തിലും സംഘടിപ്പിക്കാൻ റബ്ബർ ബോർഡ് ആദ്യം പദ്ധതി ഇട്ടത്.

കർഷകർ ഏറിയ പങ്കും സ്വകാര്യ ഏജൻസികൾക്കാണ് ഉൽപന്നങ്ങൾ വിൽപന നടത്തിയിരുന്നതെന്ന് പറഞ്ഞല്ലോ. അവരാകട്ടെ റബ്ബർ ഗ്രേഡ് ചെയ്യാതെ ലോട്ട് റബ്ബർ എന്ന പേരിൽ എടുത്ത് കുറഞ്ഞവില നൽകുകയാണ് ചെയ്തിരുന്നത്. ഉയർന്ന ഗുണനിലവാരമുള്ള റബ്ബർ ഷീറ്റ് ഉണ്ടാക്കുന്ന കർഷകർക്ക് പോലും അതിന്റെ ഗുണം ലഭിച്ചിരുന്നില്ല. സ്വകാര്യ ഏജൻസികൾക്ക് പലപ്പോഴും ടയർ കമ്പനികളുടെ ഏജന്റുമാരായിട്ട് മാത്രമാണല്ലോ പ്രവർത്തിക്കാൻ കഴിയുന്നത്. ടയർ കമ്പനികൾ നിശ്ചയിക്കുന്ന വിലയിൽ നിന്ന് അവർക്കുള്ള ലാഭം കുറച്ച് ബാക്കി കർഷകർക്ക് കൊടുക്കുകയല്ലേ അവർക്ക് ചെയ്യാൻ കഴിയൂ. ഗ്രാമങ്ങളിൽ സംഭരണ കേന്ദ്രങ്ങളില്ലാതിരുന്ന സഹകരണ റബ്ബർ മാർക്കറ്റിംഗ് സംഘങ്ങളും റബ്ബർ സംഭരണത്തിന് സ്വകാര്യ ഏജൻസികളെയാണ് ആശ്രയിച്ചിരുന്നത്. ഗ്രാമങ്ങളിൽ വേരുകളില്ലാതിരുന്ന സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾക്ക് കുറഞ്ഞ ചെലവിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചപ്പോഴാണ് ഗുജറാത്തിലെ അമൂൽ മാതൃകയിൽ റബ്ബർ ഉത്പാദകസംഘംങ്ങൾ തുടങ്ങി കർഷകരുടെ ഉൽപന്നം ശേഖരിച്ച് പ്രാഥമിക സംസ്ക്കരണം നടത്തി വിപണനത്തിനെത്തിച്ചാൽ അവർക്ക് നേട്ടമാകുമല്ലോ എന്ന് ബോദ്ധ്യമായത്.

***റബ്ബർ ഉത്പാദക സംഘം എന്ന ആശയം ആദ്യം അവതരിപ്പിച്ചപ്പോൾ എവിടെ നിന്നെങ്കിലും എതിർപ്പുകൾ ഉണ്ടായിരുന്നോ? സഹപ്രവർത്തകരിൽ നിന്നും പൊതുജനങ്ങളിൽ നിന്നും കർഷകരിൽ നിന്നും മാധ്യമങ്ങളിൽ നിന്നും കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായ പ്രതികരണങ്ങൾ എങ്ങനെയായിരുന്നു? റബ്ബർ വ്യാപാരികളുടെയും, സഹകരണ സംഘങ്ങളുടെയും, വ്യവസായികളു***

*ടെയും പ്രതികരണമെന്തായിരുന്നു?*

റബ്ബർ കർഷകർക്ക് വേണ്ടി റബ്ബർ കർഷകരാൽ നടത്തപ്പെടുന്ന റബ്ബർ കർഷകരുടെ സംഘം എന്ന ആശയമാണ് റബ്ബർ ഉത്പാദക സംഘങ്ങൾ സ്ഥാപിച്ചതിന് പിന്നിലുണ്ടായിരുന്നത്. ഈ ആശയത്തെക്കുറിച്ച് ഞാൻ മലയാള ദിനപത്രങ്ങളിൽ ലേഖനങ്ങളെഴുതി. റബ്ബർ ബോർഡിലെ ഉദ്യോഗസ്ഥരുടെ മുമ്പാകെ ഈ ആശയം അവതരിപ്പിച്ചു. അനുദിനം പെരുകിവരുന്ന കർഷകരുടെ എണ്ണത്തിനനുസരിച്ചുള്ളത്ര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ ബോർഡിൽ ലഭ്യമാക്കാൻ കഴിയുകയില്ലെന്ന് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതിനാൽ വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ ഫലവത്തായി നടന്നിരുന്നില്ല. തോട്ടങ്ങൾ സന്ദർശിച്ച് കുറവുകൾ ചൂണ്ടിക്കാട്ടി സബ്സിഡി കൊടുക്കുന്ന സംവിധാനത്തിലും കാലതാമസം നേരിട്ടിരുന്നു അതിനാൽ വിജ്ഞാനവ്യാപനം ഫലപ്രദമാക്കാനും ഇൻസ്പെക്ഷൻ പ്രവർത്തനങ്ങളും സബ്സിഡി നൽകലുമൊക്കെ കാര്യക്ഷമമാക്കുവാനും ഓരോ പ്രദേശത്തും 100–150 കർഷകരെ ഒരുമിച്ച് കൂട്ടി റബ്ബർ ഉത്പാദക സംഘം രൂപീകരിക്കേണ്ടത് അത്യാവശ്യമാണെന്ന രീതിയിലാണ് വിഷയം അവരുടെ മുമ്പിൽ അവതരിപ്പിച്ചത്. ആദ്യം ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്ന് എതിർപ്പുകൾ ഉണ്ടായി. രാഷ്ട്രീയ താൽപര്യങ്ങൾ വരുമെന്ന് അവർ ഭയന്നു. വിജ്ഞാന വ്യാപന പ്രവർത്തനം കാര്യക്ഷമവും ഫലപ്രദവുമാക്കണമെങ്കിൽ റബ്ബർ ഉത്പാദക സംഘം അനിവാര്യമാണെന്ന എന്റെ ബോദ്ധ്യം ഉറപ്പിച്ചു പറഞ്ഞു. വിജ്ഞാന വ്യാപനത്തിനും സെമിനാറുകൾ സംഘടിപ്പിക്കാനും ഫാർമേഴ്സ് സഹകരണ ബാങ്കുകളും, മറ്റ് പല സന്നദ്ധ സേവാ സംഘങ്ങളും റബ്ബർ ബോർഡിനെ സഹായിക്കാൻ എപ്പോഴും സന്നദ്ധരാണെന്നും അവരെ ഉപയോഗിച്ചാൽ പ്രശ്നം തീരുമെന്നും ചിലർ അഭിപ്രായപ്പെട്ടു. മറ്റ് ഏജൻസികൾക്ക് താൽപര്യങ്ങൾ പലതായതുകൊണ്ട് റബ്ബറിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഏജൻസി അത്യാവശ്യഘടകമാണെന്നും അതിലൂടെ മാത്രമേ റബ്ബർ കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കാനാവൂ എന്നും വ്യക്തമാക്കി. മറുവശത്ത് പ്രശ്നങ്ങളെപ്പറ്റിയും വെല്ലുവിളികളെപ്പറ്റിയും യഥാതഥമായ ചർച്ചകളും നടത്തി. ബോർഡ് ചെയർമാൻ ഈ സംഘങ്ങൾ രൂപീകരിക്കുന്ന കാര്യത്തിൽ അതീവ താൽപര്യം കാണിക്കുന്നുണ്ടെന്നും കർഷകരോട് ആശയവിനിമയം നടത്തി, അവരെ സംഘടിപ്പിക്കുന്ന കാര്യത്തിൽ പ്രദർശിപ്പിക്കുന്ന സാമർത്ഥ്യം അവരുടെ കാര്യക്ഷമതയുടെ സൂചകമായി കരുതപ്പെടുമെന്നും അവർ മനസ്സിലാക്കി.

ചില റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളുടെ ഭാഗത്ത് നിന്ന് എതിർപ്പുകളുണ്ടായി. അവർ കേന്ദ്ര വാണിജ്യ മന്ത്രാലയത്തോട് ചെയർമാൻ സഹകരണ സംഘങ്ങളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നുവെന്ന് പരാതിപ്പെട്ടു. പരീക്ഷണാർത്ഥം 10 ലക്ഷം രൂപയുടെ ചെറിയ പദ്ധതികളുമായി മുന്നോട്ടു പോകുകയാണെന്ന് കേന്ദ്ര മന്ത്രാലയത്തെ ധരിപ്പിച്ചു. പാലാ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി, മീനച്ചിൽ റബ്ബർ ഗ്രോവേഴ്സ് സൊസൈറ്റി, കറുകച്ചാൽ റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി തുടങ്ങിയവർ റബ്ബർ ഉത്പാദക സംഘം എന്ന ആശയവുമായി സഹകരിച്ചു.

***റബ്ബർ ഉത്പാദക സംഘത്തിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു? എന്തെല്ലാം തയ്യാറെടുപ്പുകളാണു വേണ്ടി വന്നത്? ചെലവുകൾ എങ്ങനെ നേരിട്ടു?***

സ്വാഭാവിക അതിരുകളുള്ള (ഉദാ:- റോഡിനും തോടിനും പുഴയ്ക്കും ഇടയ്ക്ക് കിടക്കുന്ന പ്രദേശം) ഒരു നിർദ്ദിഷ്ട പ്രദേശത്തുള്ള 50 മുതൽ 200 വരെ റബ്ബർ കർഷകരെ അംഗങ്ങളാക്കിക്കൊണ്ട് റബ്ബർ ഉത്പാദക സംഘം സ്ഥാപിക്കാനാണ് തീരുമാനിച്ചത്. ഇത്തരം പ്രദേശത്ത് സ്ഥാപിക്കുന്ന ഒരു സംഘത്തിനു മാത്രമേ റബ്ബർ ബോർഡിന്റെ അംഗീകാരം നൽകൂ എന്ന് തീരുമാനിച്ചു.

കർഷകർ അവരുടെ ഉൽപന്നങ്ങൾ സംഘത്തിന് നൽകണം എന്നൊരു വ്യവസ്ഥയുണ്ടായിരുന്നു സംഘത്തിന്റെ നിയമാവലിയിൽ. സംഘത്തിന്റെ ഭരണം നിർവ്വഹിക്കാൻ വേണ്ടി കർഷകരുടെ തന്നെ ഒരു ഡയറക്ടർ ബോർഡ് ഉണ്ടായിരുന്നു. 7–8 അംഗങ്ങളുള്ള ഡയറക്ടർ ബോർഡിൽ റബ്ബർ ബോർഡിന്റെ പ്രസ്തുത പ്രദേശത്തെ ഫീൽഡ് ആഫീസറും അംഗമായിരിക്കും. ഒരേ ഫീൽഡ് ആഫീസർ 10 സംഘങ്ങളുടെ ബോർഡിൽ അംഗമായിരുന്ന സാഹചര്യം ഉണ്ടായിരുന്നു. സംഘത്തിന്റെ പ്രസിഡന്റിനെയും വൈസ് പ്രസിഡന്റിനെയും കർഷകരിൽ നിന്ന് തിരഞ്ഞെടുക്കും. അവരെ ഭരണ നിർവ്വഹണത്തിൽ സഹായിക്കാൻ ഒരു കളക്ഷൻ ഏജന്റ് കം സെക്രട്ടറി ഉണ്ടായിരിക്കണം. റബ്ബർ പാൽ സംഭരിച്ച് ഉണക്ക റബ്ബറിന്റെ അളവ് കണ്ടെത്താനും റബ്ബർ ഷീറ്റ് ഗ്രേഡ് ചെയ്യാനും പരിശീലനം ലഭിച്ചയാളായിരിക്കും സെക്രട്ടറി. അദ്ദേഹത്തിന് സ്ഥിരം ശമ്പളം ഉണ്ടായിരിക്കില്ല. സംഭരിക്കുന്ന റബ്ബർ ഷീറ്റിന്റെയോ റബ്ബർ പാലിലെ ഉണക്കറബ്ബറിന്റെയോ അടിസ്ഥാനത്തിൽ നൽകുന്ന കമ്മീഷൻ വ്യവസ്ഥയിലായിരുന്നു സെക്രട്ടറി പ്രവർത്തിച്ചിരുന്നത്.

ആദ്യം നിയമാവലി ബോർഡ് തയ്യാറാക്കി, ആവശ്യാനുസരണം കോപ്പികൾ അച്ചടിച്ച് ഫീൽഡ് ആഫീസർമാർക്ക് നൽകി. അവരുടെ ഉത്സാഹം കൊണ്ടും പത്ര ലേഖനങ്ങൾ കണ്ട് കാര്യം മനസ്സിലാക്കി അനേകം പ്രദേശങ്ങളിൽ കർഷകർ തന്നെ ഉത്സാഹിച്ചും സംഘങ്ങൾ ഉണ്ടായി വന്നു. രജിസ്ട്രേഷൻ നടത്തിക്കഴിഞ്ഞ് അവർ റബ്ബർ ബോർഡിന്റെ അംഗീകാരത്തിനായി സമീപിക്കാൻ

തുടങ്ങി. 1986 ജനുവരിയിൽ 8-10 സംഘങ്ങൾ തിരുവിതാംകൂർ - കൊച്ചി ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്തു. അവയ്ക്ക് ഫീസൊന്നും വാങ്ങാതെ തന്നെ റബ്ബർ ബോർഡിന്റെ അംഗീകാരം നൽകി. ഫീൽഡ് ആഫീസറുടെ ശുപാർശ അനുസരിച്ചാണ് അംഗീകാരം നൽകിയത്.

റബ്ബർ ഷീറ്റ് ശേഖരിച്ച് തൂക്കം നോക്കാനുള്ള ഒരു പ്ലാറ്റ്ഫോം ബാലൻസും റബ്ബർപാൽ ശേഖരിച്ച് അതിനകത്തുള്ള ഉണക്കറബ്ബറിന്റെ അംശം കണ്ടു പിടിക്കാനുള്ള ഏറ്റവും കുറഞ്ഞ ലബോറട്ടറി സംവിധാനങ്ങളും ഓരോ റബ്ബർ ഉത്പാദക സംഘത്തിനും റബ്ബർ ബോർഡിൽ നിന്ന് സൗജന്യമായി നൽകി. ഒരു സൊസൈറ്റിക്ക് ഇതിനായി ഏകദേശം 13000 രൂപ എന്ന തോതിൽ ചെലവ് വരുമായിരുന്നു. ഇത് റബ്ബർ ബോർഡ് ഇറക്കിയ ടെൻഡർ അനുസരിച്ച് വില നിർണ്ണയിച്ചതുകൊണ്ട് ചെലവ് 10000 രൂപ ആയി പരിമിതപ്പെടുത്താൻ സാധിച്ചു.

പത്ത് ലക്ഷം രൂപവരെയുള്ള പദ്ധതികൾ അംഗീകരിക്കാൻ റബ്ബർ ബോർഡ് ചെയർമാന് അധികാരമുണ്ടായിരുന്നു. ഇങ്ങനെ ഓരോ സാമ്പത്തികവർഷത്തിലും 100 സംഘങ്ങളെ വീതം ഉല്പന്നം സംഭരിക്കാനുള്ള ശേഷിയുള്ളവ ആക്കി തീർക്കാൻ കഴിഞ്ഞു.

അതു കൂടാതെ, മറ്റ് ചില പദ്ധതികളും ഉത്പാദക സംഘാംഗങ്ങൾക്കായി അവതരിപ്പിച്ചു. സാധാരണ ചിരട്ടയ്ക്കകത്ത് റബ്ബർ പാൽ ഒട്ടിപ്പിടിച്ച് ചിരട്ടപ്പാൽ എന്ന നിലയ്ക്ക് ധാരാളം പാൽ നഷ്ടപ്പെട്ടിരുന്നു. സാധാരണ ചിരട്ടയുടെ വലിപ്പം കുറവായിരുന്നതിനാൽ കൂടുതൽ ഉത്പാദന ശേഷിയുള്ള മരങ്ങൾ ടാപ്പ് ചെയ്യാൻ തുടങ്ങിയതോടെ ഒരു ചിരട്ട മതിയാകാതേയും വന്നു. പാൽ നഷ്ടപ്പെടുന്നത് ഒഴിവാക്കാനും ചിരട്ടയുടെ വലിപ്പം കൂട്ടുവാനുമായി വലിയ പ്ലാസ്റ്റിക്ക് ചിരട്ടകൾ ഉണ്ടാക്കി സംഘങ്ങൾക്ക് നൽകി, ഒരു ചിരട്ടയ്ക്ക് 1.50 രൂപയാണ് ചെലവ് വന്നത്. പ്ലാസ്റ്റിക് ചിരട്ട ജനപ്രിയമാക്കാൻ വേണ്ടി ചിരട്ടയുടെ പകുതിവില ചെറിയ സബ്സിഡിയോടെ കൊടുത്തു. ഇതിനു പുറമെ റെയിൻ ഗാർഡിംഗിനുള്ള പ്ലാസ്റ്റിക്ക് ഷീറ്റ്, പശ എന്നിവയ്ക്കും റബ്ബർ ഉത്പാദക സംഘം വഴി സബ്സിഡി നൽകി. കേരളത്തിൽ റെയിൻ ഗാർഡുകളുടെ ഉപയോഗം പ്രചരിച്ചത് ഇക്കാലത്തായിരുന്നു.

മണ്ണും ഇലയും പരിശോധിച്ച് വളം ചെയ്യുക എന്ന ആശയം പ്രചരിപ്പിക്കുവാൻ സംഘങ്ങൾ മുൻകൈഎടുത്തു. റബ്ബർ ബോർഡിന്റെ ലബോറട്ടറികൾ സംഘങ്ങൾ സന്ദർശിച്ച് സാമ്പിൾ എടുക്കാൻ തുടങ്ങിയതോടെ ആവശ്യക്കാർ വർദ്ധിച്ചു. മണ്ണ് പരിശോധിക്കുന്നതിനും, ഇല പരിശോധിക്കുന്നതിനും പത്തോളം ലബോറട്ടറികൾ സ്ഥാപിച്ചു. മൊബൈൽ ലബോറട്ടറികളും ഉണ്ടായിരുന്നു. പത്തു ലക്ഷം രൂപ ചെലവ് വരുന്ന വ്യത്യസ്ത പദ്ധതികളായാണ് ഇവ അംഗീകരിച്ചത്. മണ്ണും ഇലയും പരിശോധിച്ച് കഴിഞ്ഞപ്പോൾ വാങ്ങിയിടേണ്ട വളത്തിന്റെ തോത് പരിശോധനഫലം അനുസരിച്ച് പലയിടങ്ങളിലും തീരെ കുറഞ്ഞു. കൃഷി ചെലവ് അങ്ങനെ കുറയ്ക്കാൻ കഴിഞ്ഞു. ഒന്നിച്ച് വളം വാങ്ങി വിതരണം ചെയ്തപ്പോൾ വിലയിലും 30 ശതമാനത്തോളം കുറവ് വന്നു. ബോർഡ് ഇതിനായി നാമമാത്രമായി സബ്സിഡിയും കൂടി നൽകിയപ്പോൾ കർഷകന് വിപണി വിലയേക്കാൾ 35 ശതമാനത്തോളം കുറവിൽ വളം ലഭിച്ചു.

***എങ്ങനെയാണ് പ്രവർത്തനങ്ങൾക്ക് ആരംഭം കുറിച്ചത്? ചെറുതായി തുടങ്ങുകയായിരുന്നോ? അതോ ഒന്നിച്ച് വൻതോതിൽ തുടങ്ങുകയാണോ ചെയ്തത്? ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു?***

1986 ജനുവരിയിൽ 8-10 സംഘങ്ങൾ ആദ്യമായി രജിസ്റ്റർ ചെയ്തു. കറുകച്ചാൽ, പാലാ, മീനച്ചിൽ തുടങ്ങി കോട്ടയത്തിനടുത്തുള്ള പ്രദേശങ്ങളിലായിരുന്നു ഈ സംഘങ്ങൾ. 1986 അവസാനം ആകുമ്പോഴേക്കും ഇരുനൂറോളം സംഘങ്ങൾ രജിസ്റ്റർ ചെയ്തു കഴിഞ്ഞിരുന്നു. 1987 ആയപ്പോഴേക്കും സംഘങ്ങളുടെ എണ്ണം 400 കവിഞ്ഞു. ഓരോ സംഘവും പ്രവേശനഫീസായി 100 രൂപ ഓരോ കർഷകനിൽനിന്ന് സംഭരിച്ചു. അംഗത്വം പുതുക്കാൻ ഓരോ വർഷവും 25 രൂപ പുറമേയും.

പ്രതിവർഷം 500 സംഘങ്ങൾ സ്ഥാപിക്കുകയെന്നതായിരുന്ന ലക്ഷ്യം. 1990 ആയപ്പോഴേയ്ക്ക് രണ്ടായിരത്തോളം സംഘങ്ങൾ സ്ഥാപിച്ചു. ഫീൽഡ് ആഫീസർമാർക്ക് പ്രത്യേകം പ്രവർത്തന ലക്ഷ്യം (target) നൽകിക്കൊണ്ട് പ്രവർത്തിച്ചതിനാലാണ് നിർദ്ദിഷ്ട ലക്ഷ്യം കൈവരിക്കാനായത്. ഉത്പാദക സംഘങ്ങളുടെ പ്രവർത്തനത്തിൽ ആകൃഷ്ടരായി വളരെയധികം കർഷകരും സംഘങ്ങൾ സ്ഥാപിക്കണമെന്ന ആവശ്യവുമായി മുന്നോട്ട് വന്നു. കർഷകരുമായി നല്ല ബന്ധം പുലർത്തിയിരുന്ന ഫീൽഡ് ആഫീസർമാരുടെ ജോലി വളരെ എളുപ്പമായി തീർന്നു.

***റബ്ബർ ബോർഡിന് ഫീൽഡിൽ ഒരു വലിയ നെറ്റ്‌വർക്ക് (റീജിയണൽ ആഫീസുകളും ഫീൽഡ് ആഫീസുകളും) ഉണ്ടായിരുന്നത് എങ്ങനെയാണ് റബ്ബർ ഉത്പാദക സംഘങ്ങളുടെ രൂപീകരണത്തെയും പ്രവർത്തനത്തെയും സ്ഥിരതയാർജ്ജിക്കലി (stabilisation) നെയും സ്വാധീനിച്ചത്?***

ഫീൽഡിൽ ആഫീസുകൾ ഉണ്ടായിരുന്നത് വളരെ സഹായകമായി. ഉദ്യോഗസ്ഥന്മാരെല്ലാം നന്നായി പ്രവർത്തിച്ചു. യോഗങ്ങളിൽ ചെയർമാൻ പ്രവർത്തനലക്ഷ്യം നേടാത്ത ഉദ്യോഗസ്ഥരെ ലക്ഷ്യം നേടുന്നതിനായി സമ്മർദ്ദം ചെലുത്തി. എല്ലാവരും

പ്രവർത്തനലക്ഷ്യം കൈവരിക്കാൻ പരിശ്രമിച്ചിരുന്നതു കൊണ്ടും കർഷകർ അത്യുത്സാഹത്തോടെ മുന്നോട്ടു വന്നതു കൊണ്ടും ഉദ്ദേശിച്ച ലക്ഷ്യം നേടാനായി.

***ഇത്തരത്തിലുള്ള യാതൊരു ഫീൽഡ് നെറ്റ്‌വർക്കും ഇല്ലാത്ത ഒരു സ്ഥാപനത്തിന് ഉത്പാദക സംഘം എന്ന ആശയത്തെ വിജയകരമായി ആവിഷ്ക്കരിക്കാൻ കഴിയുമോ? കഴിയണമെങ്കിൽ ഏതെല്ലാം മുൻകരുതലുകളും മുന്നൊരുക്കങ്ങളുമാണ് വേണ്ടത്?***

കാർഷികമേഖലയിൽ പ്രവർത്തിക്കുന്ന മറ്റു കർഷക സന്നദ്ധ സംഘടനകളെ ഉപയോഗപ്പെടുത്തിയാൽ ഫീൽഡിൽ പ്രവർത്തിക്കുന്ന ആഫീസുകളുടെ എണ്ണം കുറവാണെങ്കിൽപോലും ഉത്പാദകസംഘങ്ങൾ വിജയകരമായി ആവിഷ്ക്കരിക്കാൻ കഴിയും. ബോർഡിന്റെ ക്ലസ്റ്ററുകളിൽ അംഗങ്ങളല്ലാത്തവരടക്കം ഒരു പ്രദേശത്തുള്ള എല്ലാ കേരകർഷകരേയും ഉത്പാദക സംഘങ്ങളിൽ ചേർക്കാൻ ശ്രമിക്കണം. സംഘങ്ങൾ സംഘടിപ്പിച്ച് ബോർഡിൽ രജിസ്റ്റർ ചെയ്യുക. പിന്നീട് സംഘങ്ങൾക്ക് അവരുടേതായ പ്രവർത്തനം കാഴ്ചവെയ്ക്കാവുന്നതാണ്. കർഷകർ തന്നെയാണ് പ്രവർത്തനത്തിന് മുൻകൈയ്യെടുക്കേണ്ടത്. ബോർഡിന്റെ ഫീൽഡ്തലത്തിലുള്ള മേൽനോട്ടം മതിയാകും. ഞാൻ റബ്ബർ ഉത്പാദകസംഘങ്ങളുടെ കാര്യത്തിൽ എടുത്തതായി മുകളിൽ സൂചിപ്പിച്ച എല്ലാവിധ തയ്യാറെടുപ്പുകളും നാളികേരോത്പാദക സംഘങ്ങളുടെ വിഷയത്തിലും ആവശ്യമാണ്.

നാളികേര വികസന ബോർഡിന് ഗവേഷണ വിഭാഗം വേണം. കേരള കാർഷിക സർവ്വകലാശാലയുടേയോ കേന്ദ്ര തോട്ട വിള ഗവേഷണ സ്ഥാപനത്തിന്റേയോ ഒരു ഗവേഷണ കേന്ദ്രം എങ്കിലും ബോർഡിന്റെ കീഴിലാക്കണം. വിജ്ഞാനവ്യാപന പ്രവർത്തനത്തിന് ആവശ്യമായ ഉദ്യോഗസ്ഥർ കുറവാണ്. ഉടൻ തന്നെ കാർഷിക ബിരുദമുള്ള 100 പേരെയെങ്കിലും ബോർഡ് നിയമിക്കണം; ക്രമേണ എണ്ണം വർദ്ധിപ്പിക്കുകയും വേണം. കർഷകരുടെ പ്രശ്നങ്ങൾ ഫീൽഡ് ഉദ്യോഗസ്ഥർ മനസ്സിലാക്കി ബോർഡിന്റെ ഗവേഷണകേന്ദ്രത്തിൽ പരീക്ഷണങ്ങൾ നടത്തണം. ഗവേഷണ ഫലങ്ങൾ കർഷകരിലെത്തിക്കുവാനും വിജ്ഞാന വ്യാപന പ്രവർത്തകർ പ്രത്യേകം താൽപര്യം എടുക്കണം.

ബോർഡിന് വിപണന സംവിധാനവും ഉണ്ടാകണം. കൃഷി ചെയ്യുന്നവരുടെ സംഘടനശൃംഖല ബോർഡുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുമ്പോൾ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാകുകയും നേട്ടങ്ങൾ ഉണ്ടാക്കാനാകുകയും കഴിയും. കർഷകരുടെ സംഘടന ശൃംഖലപോലെ പ്രധാനമാണ് ബോർഡിന്റെ ഘടനയും അതിന് ലഭ്യമായ അധികാരവും.

***നാളികേരോത്പാദകസംഘങ്ങൾ (സിപിഎസ്) എന്ന ആശയത്തെ എങ്ങനെ നോക്കിക്കാണുന്നു? കേരളത്തിന്റെ ഇന്നത്തെ പശ്ചാത്തലത്തിൽ സംഘങ്ങളുടെ പ്രസക്തിയെന്ത്? സാധ്യതകളെന്ത്? എപ്രകാരം, സംഘങ്ങളെ രൂപീകരിക്കാനും സ്ഥിരത നേടാൻ ശ്രമിക്കാനും കഴിയും? ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാം?***

നാളികേരോത്പാദക സംഘം എന്ന ആശയത്തിന് ഈ കാലഘട്ടത്തിൽ വളരെയേറെ പ്രസക്തിയുണ്ട്. വളരെ സാധ്യതയുള്ള ഒരു പ്രസ്ഥാനമാണിത്. കർഷകർ ഒത്തൊരുമിച്ച് കാർഷികോപാധികൾ വാങ്ങുന്നതും പ്രയോഗിക്കുന്നതും കൃഷിച്ചെലവ് കുറയ്ക്കാൻ സഹായകമാകും. ശാസ്ത്രീയമായ കേരകൃഷി സമ്പ്രദായം വിജയകരമായി അവലംബിക്കാൻ നാളികേരോത്പാദക സംഘങ്ങൾ വഴിതെളിയ്ക്കും. ഉൽപന്ന വിപണനത്തിനും സംസ്ക്കരണത്തിനുമുള്ള അവസരങ്ങളുണ്ടാകും. ഉൽപന്നങ്ങളുടെ വില സംരക്ഷിക്കുന്നതിനും ഇത്തരം സംഘങ്ങളുടെ പ്രവർത്തനം സഹായകമാകും. രാഷ്ട്രീയമായ ചായ്‌വുകളില്ലാതെ ജാതി-മത വ്യത്യാസങ്ങളില്ലാതെ കേരകർഷകരെ മുഴുവൻ ചേർക്കുന്നവയാണ് ഈ സംഘങ്ങളെന്ന് ഉറപ്പ് വരുത്തണം. ഒരു സംഘത്തിന് അനുവദിച്ചിട്ടുള്ള പ്രദേശത്ത് തന്നെ വേറൊരുസംഘം രജിസ്റ്റർ ചെയ്യാനിടവരരുത്. അത്തരമൊരു സ്ഥിതി വിശേഷത്തിൽ രണ്ടുകൂട്ടരുമായി ചർച്ചചെയ്ത് പ്രവർത്തനപരിധി വേർതിരിച്ചുകൊടുത്ത് അംഗീകാരം കൊടുക്കണം.

***റബ്ബർ ഉത്പാദകസംഘം മുഖേന റബ്ബർ കർഷക ശാക്തീകരണത്തിനും റബ്ബർ വിപണന മേഖലയിലും കാര്യമായ നേട്ടം ഉണ്ടാക്കുവാൻ സാധിച്ചോ?***

റബ്ബർ ഉത്പാദകസംഘങ്ങൾക്ക് റബ്ബർ കർഷകരുടെ ശാക്തീകരണത്തിലും വിപണന മേഖലയിലും വളരെയേറെ നേട്ടമുണ്ടാക്കാനായി. ഞാൻ മുൻപ് പറഞ്ഞതുപോലെ വളപ്രയോഗം മുതൽ ഗ്രേഡ് അനുസരിച്ചുള്ള റബ്ബർഷീറ്റിന്റേയും പാലിന്റേയും വിപണനത്തിൽവരെ കർഷകർക്ക് സംഘങ്ങളുടെ പ്രവർത്തനം വഴി നേട്ടമുണ്ടായി. മണ്ണും ഇലയും പരിശോധിച്ച് വളം ഇടുന്നതിലൂടെ വളത്തിന്റെ അളവ് കുറയ്ക്കാൻ കഴിഞ്ഞു, ചിലവ് കുറയ്ക്കാൻ കഴിഞ്ഞു; രോഗങ്ങളും കുറഞ്ഞു. റെയിൻ ഗാർഡിംഗ് പ്രചരിപ്പിച്ചത് റബ്ബർ ഉത്പാദക സംഘങ്ങൾ വഴിയാണ്. അതിനാൽ മഴക്കാലത്തും റബ്ബർ വെട്ടുന്നത് എളുപ്പമായി. ബോർഡോമിശ്രിതം തളിക്കാൻ വേണ്ടി സ്പ്രേയറുകൾ സംഘങ്ങൾക്ക് റബ്ബർ ബോർഡ് പകുതി വിലയ്ക്ക് നൽകി. സംഘങ്ങൾ അവ കർഷകർക്ക് വാടകയ്ക്ക് കൊടുത്തു. സംഘങ്ങൾ കർഷകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചു.

സംഘങ്ങളുടെ പൊതുയോഗം മൂന്നുമാസത്തിലൊരി

യ്ക്കലാണ് നടത്തേണ്ടിയിരുന്നത്. അത്തരം യോഗങ്ങൾ ഏതെങ്കിലുമൊരു കർഷകന്റെ തോട്ടത്തിൽവച്ചാകണമെന്ന് നിർദ്ദേശിച്ചു. അതിലൂടെ മരങ്ങളെ ബാധിച്ചിരിക്കുന്ന രോഗങ്ങളും മറ്റ് കാണിച്ചുകൊടുത്ത് വിജ്ഞാനവ്യാപനം ഫലപ്രദമായി നടത്താനായി.

ഉൽപന്ന വിപണനത്തിന് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റികളളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. പാലാ മാർക്കറ്റിംഗ് സൊസൈറ്റിയുടെ പ്രസിഡന്റ് ശ്രീ. കെ. കെ. എബ്രഹാം ഉത്പാദക സംഘങ്ങളെ അസോസിയേറ്റ് അംഗങ്ങളാക്കാമെന്ന് സമ്മതിച്ചു. ഉത്പാദകസംഘങ്ങളിൽ നിന്ന് റബ്ബർ ഷീറ്റും, ഒട്ടുപാലും അവർ വാങ്ങാൻ തുടങ്ങി. മീനച്ചിൽ റബ്ബർ ഫാക്ടറിയും കറുകച്ചാൽ സൊസൈറ്റിയും അവരവരുടെ പ്രദേശങ്ങളിലെ സംഘങ്ങളിൽ നിന്ന് ഉൽപന്നങ്ങൾ വാങ്ങിച്ചു. റബ്ബർ കർഷകർക്ക് അവരുടെ ഉൽപന്നങ്ങൾക്ക് ഗ്രേഡ് അനുസരിച്ച് ന്യായമായ വില ലഭിച്ചു തുടങ്ങിയത് റബ്ബർ ഉത്പാദക സംഘങ്ങൾ നിലവിൽ വന്നതിനു ശേഷമാണ്.

ചില സംഘങ്ങൾ മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണരംഗത്തേയ്ക്കും പ്രവേശിച്ചു. മൂവാറ്റുപുഴയ്ക്കടുത്ത് പോത്താനിക്കാടുള്ള റബ്ബർ ഉത്പാദക സംഘം, പാലായ്ക്കടുത്ത് അയ്ക്കൊമ്പ് റബ്ബർ ഉത്പാദക സംഘം തുടങ്ങിയവ റബ്ബർ ബാന്റ്, ബലൂൺ മുതലായവ നിർമ്മിക്കാൻ തുടങ്ങി. വില സംരക്ഷിക്കുന്നകാര്യത്തിലും മൂല്യ വർദ്ധിത ഉൽപന്നങ്ങൾ വിപണനം ചെയ്യുന്നതിലും ഈ സംഘങ്ങളുടെ പ്രവർത്തനം നിർണ്ണായകമായി.

***റബ്ബർ ഉത്പാദക സംഘങ്ങളിൽ നിന്ന് റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനിയിലേക്കുള്ള ചുവടുവെയ്പ്പ് എങ്ങനെയായിരുന്നു? നാളികേരോത്പാദക സംഘങ്ങിൽ നിന്ന് പ്രൊഡ്യൂസേഴ്സ് കമ്പനിയിലേക്ക് മാറുന്നതിനുള്ള സാധ്യതകളെന്താണ്?***


റബ്ബർ മാർക്കറ്റിംഗ് സഹകരണ സൊസൈറ്റികൾ പലതും നമ്മുടെ ഗ്രാമതല റബ്ബർ ഉത്പാദക സംഘങ്ങളുമായി സഹകരിച്ചെങ്കിലും ചിലർ ഇവരുടെ ഉൽപന്നങ്ങൾ വാങ്ങാൻ തയ്യാറായില്ല. ഇങ്ങനെ സഹകരണ മേഖല സഹകരിക്കാത്ത സ്ഥലങ്ങളിൽ ഉത്പാദക സംഘങ്ങളുടെ അപെക്സ് സംഘടന കമ്പനി ചട്ടമനുസരിച്ച് രജിസ്റ്റർ ചെയ്യാൻ തീരുമാനിച്ചു. 49 റബ്ബർ ഉത്പാദക സംഘങ്ങളും റബ്ബർ ബോർഡും എന്ന കണക്കിൽ 50 അംഗങ്ങളുള്ള പ്രൈവറ്റ് ലിമിറ്റഡ് കമ്പനി ആയി ആറോ ഏഴോ സ്ഥലത്ത് ആദ്യം കമ്പനികൾ രജിസ്റ്റർ ചെയ്തു. 1987-88 കാലഘട്ടത്തിലാണ് ഇതുണ്ടായത്. ഒരു കമ്പനി ഒരു പദ്ധതിയായി കരുതി, അതിന്റെ ഫാക്ടറി പദ്ധതിക്ക് 10 ലക്ഷം രൂപ നൽകാൻ ബോർഡിന് സാധിയ്ക്കുമായിരുന്നു. ഓരോ സംഘവും 50000 രൂപ വീതം നിക്ഷേപിച്ചു. അപ്രകാരം 24.5 ലക്ഷം രൂപയും ബോർഡിന്റെ 10 ലക്ഷം രൂപയും മൂലധനമാക്കി ബാക്കി ബാങ്ക് വായ്പയും ചേർത്ത് ഒരു കോടി രൂപയുടെ പദ്ധതി നടപ്പാക്കി. സെൻട്രിഫ്യൂഗൽ ലാറ്റെക്സോ ക്രമ്പ് റബ്ബറോ നിർമ്മിക്കുന്ന ഫാക്ടറികൾ സ്ഥാപിച്ചു. അവയിൽ ചിലതാണ് മൂവാറ്റുപുഴയ്ക്കടുത്തുള്ള പെരിയാർ ലാറ്റെക്സ്, പത്തനംതിട്ടയിലുള്ള പമ്പ റബ്ബേഴ്സ്, അച്ചൻകോവിൽ റബ്ബേഴ്സ്, മൂന്നിലവിനടുത്ത് കവണാർ ലാറ്റെക്സ്, തിരുവനന്തപുരത്തിനടുത്ത് പൊൻമുടി റബ്ബേഴ്സ്, മലബാർ ഭാഗത്ത് ഭാരതപ്പുഴ റബ്ബേഴ്സ്, പഴശ്ശി റബ്ബേഴ്സ് തുടങ്ങിയവ. 1990ഓടെ പത്തോളം കമ്പനികൾ രജിസ്റ്റർ ചെയ്തു.

സഹകരണ മേഖലയുടെ ബൃഹത്തായ കർഷകപങ്കാളിത്തവും പൊതുമേഖലയുടെ ഉത്തരവാദിത്വബോധവും സ്വകാര്യ മേഖയുടെ ഊർജ്ജസ്വലതയും സമന്വയിപ്പിച്ചു കൊണ്ടുള്ള ഒരു സംരംഭമായിരുന്നു റബ്ബർ ഉത്പാദക കമ്പനികൊണ്ട് ലക്ഷ്യമിട്ടത്. ഉത്പാദക സംഘങ്ങളെല്ലാം 50000 രൂപ നൽകുമ്പോൾ അവരുടെ പേരിൽ ഷെയർ കൊടുക്കുകയാണ് ചെയ്തിരുന്നത്. റബ്ബർ ഉത്പാദക സംഘങ്ങളുടെ 4 പ്രതിനിധികളേയും റബ്ബർ ബോർഡിലെ 2-3 ഉദ്യോഗസ്ഥന്മാരേയും ചേർത്താണ് കമ്പനിയുടെ ഡയറക്ടർ ബോർഡ് സംഘടിപ്പിച്ചത്. റബ്ബർ ബോർഡിന്റെ ഒരു സീനിയർ ഉദ്യോഗസ്ഥനെ പകുതി നേര ചെയർമാനായും മറ്റൊരുദ്യോഗസ്ഥനെ മുഴുവൻ സമയ മാനേജിംഗ് ഡയറക്ടറായും നിയമിച്ചു. അധികം തുക സ്വരൂപിക്കാൻ കഴിയാത്ത സ്ഥലങ്ങളിൽ ഫാക്ടറി നിർമ്മിക്കാതെ റബ്ബർ ഷീറ്റും പാലും വാങ്ങി ഉപഭോക്താക്കൾക്ക് നൽകാനുള്ള സംവിധാനം ഏർപ്പെടുത്തി.

നിക്ഷേപത്തിനാവശ്യമായ തുക സമാഹരിക്കുവാൻ കഴിഞ്ഞാൽ സംഘങ്ങളെ പങ്കാളികളാക്കി പങ്കാളിത്തവ്യവസ്ഥയിൽ ഉത്പാദക കമ്പനികൾ സ്ഥാപിക്കാവുന്നതാണ്. ഉൽപന്നവൈവിധ്യവൽക്കരണത്തിനും മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും ഇതുവഴി അവസരങ്ങൾ ഉണ്ടാകും. കമ്പനികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാൻ സംഘങ്ങൾക്കും സാധിക്കും. അതുവഴി ഇവിടെ കേരകർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുകയും അവർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പാക്കുവാനും കഴിയും. കയറ്റുമതി മേഖലയിലുണ്ടാകുന്ന അവസരങ്ങളുടെ പ്രയോജനവും കർഷകർക്ക് ലഭ്യമാകും.

***റബ്ബർ ഉത്പാദക സംഘങ്ങൾ വിഭാവനം ചെയ്തിരുന്നതും, അങ്ങയുടെ കാലയളവിലും പിന്നീടും അവ വളർന്നു വന്നതും താരതമ്യപ്പെടുത്തുമ്പോൾ ഇവയുടെ പ്രവർത്തനങ്ങളെ എപ്രകാരം വിലയിരുത്തുന്നു? ലക്ഷ്യങ്ങളിൽ നിന്ന് എന്തെങ്കിലും വ്യതിയാനം ഉണ്ടായതായി കാണുന്നുണ്ടോ?***

*ശേഷം 14-ാം പേജിൽ*



# ഉത്പാദക സംഘങ്ങൾ സുസ്ഥിര കാർഷികപുരോഗതിക്ക് അടിത്തറ

റബ്ബർ ബോർഡ് ചെയർമാൻ
ശ്രീമതി ഷീല തോമസ് ഐഎഎസുമായുള്ള
അഭിമുഖം

തെങ്ങിന്റെ പ്രാധാന്യം അംഗീകരിക്കപ്പെടേണ്ട വസ്തുതയാണ്. പരസ്പര സഹകരണത്തിലൂടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വഴി കേരളത്തിലെ കർഷകർക്ക് സുസ്ഥിര വരുമാനം ലഭ്യമാക്കാനുള്ള എല്ലാവിധ പരിപാടികൾക്കും സഹകരണമുണ്ടായിരിക്കും.

***രാജ്യത്തെ റബർകൃഷിയുടെ വളർച്ചയ്ക്കും, വിപണന മേഖലയുടെ സ്ഥിരതയ്ക്കും റബർ അധിഷ്ഠിത വ്യവസായ സുസ്ഥിരതയ്ക്കും റബ്ബർ ഉത്പാദക സംഘങ്ങൾ (ആർപിഎസ്) സ്തുത്യർഹമായ പങ്കാണ് വഹിച്ചിരിക്കുന്നുത്. റബ്ബർ ബോർഡിന്റെ സാരഥി എന്ന നിലയിൽ താങ്കളുടെ വിലയിരുത്തൽ എങ്ങനെയെന്ന് വ്യക്തമാക്കാമോ?***

ശ്രീ പി. സി. സിറിയക് സർ ചെയർമാനായിരിക്കുമ്പോൾ 1986-ൽ ആണ് റബ്ബർ ഉത്പാദക സംഘങ്ങൾ ആരംഭിച്ചത്. അതിനുമുൻപ് തന്നെ റബ്ബർ ബോർഡ് ചെറുകിട റബ്ബർ കർഷകരെ സഹായിക്കുന്നതിനായി സഹകരണ സംഘങ്ങൾ പ്രോത്സാഹിപ്പിച്ചിരുന്നു. ചെറുകിട കർഷകർക്ക് ഉത്പാദനത്തിലും ഉത്പാദനക്ഷമതയിലുമുണ്ടാകാവുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടിയാണ് കർഷകരുടെ കൂട്ടായ്മ ഉണ്ടാക്കിയത്. അതിന് ഒരു അപെക്സ് സംഘടന പോലെയാണ് സംസ്ക്കരണത്തിനും വിപണനത്തിനുമായി 1988ൽ ഉത്പാദക കമ്പനികൾ സ്ഥാപിച്ചത്. പതിനൊന്നാം പഞ്ചവൽസര പദ്ധതിയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ റബ്ബർ ഉത്പാദക സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ തുടർന്നും പ്രോത്സാഹിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ശുപാർശ ചെയ്യുകയുണ്ടായി.

***റബ്ബർ ഉത്പാദക സംഘങ്ങളുടെ കഴിഞ്ഞ 15 വർഷത്തെ പ്രവർത്തനങ്ങളെ റബ്ബർ ബോർഡ് എങ്ങനെ വിലയിരുത്തുന്നു?***

റബ്ബറിന്റെ ഉത്പാദനക്ഷമതയിൽ ഇന്ത്യ ലോകത്തിൽ ഏറ്റവും മുന്നിലെത്താൻ റബ്ബർ ബോർഡിനൊപ്പം റബ്ബർ ഉത്പാദക സംഘങ്ങളും പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. 2304 ഉത്പാദക സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇവയിൽ 35 എണ്ണം മാതൃക ഉത്പാദകസംഘങ്ങളും 142 സമൂഹ സംഭരണശാലകളും സംസ്ക്കരണവും വിപണനവും നടത്തുന്ന 5 സംഘങ്ങളും വിപണനം നടത്തുന്ന 11 സംഘങ്ങളുമുണ്ട്. ഉൽപന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കാൻ ഉത്പാദക സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് സാധിച്ചിട്ടുണ്ട്.

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള എല്ലാ പദ്ധതി നടത്തിപ്പുകളിലും ഒരു പ്രധാന ഘടകമാണ് റബ്ബർ ഉത്പാദകസംഘങ്ങൾ. സംഘങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വികസനമാതൃകയാണ് നടപ്പിലാക്കി വരുന്നത്. റബ്ബർ ഗ്രേഡ് ചെയ്ത് വില്ക്കുമ്പോൾ ലഭിക്കുന്ന അധികവരുമാനത്തിന്റെ വിഹിതം പലസംഘങ്ങളും അംഗങ്ങൾക്ക് നൽകുന്നുണ്ട്.

***ആർപിഎസ്കൾ വഴി നടപ്പാക്കുന്ന ബോർഡിന്റെ സ്കീമുകൾ എന്തെല്ലാമാണ്?***

റബ്ബർ കൃഷിയുടെ അഭിവൃദ്ധിക്കായി അമ്പതോളം പദ്ധതികളാണ് റബ്ബർ ബോർഡിനുള്ളത്. ശാസ്ത്രീയ രീതിയിലുള്ള കൃഷിയിലൂടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സംഘങ്ങൾ വളരെയെറെ സഹായകമായിട്ടുണ്ട്. ഉത്പാദനോപാധികൾക്ക് സബ്സിഡി നൽകി സംഘം മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

***ആർപിഎസ്കളുടെ നടത്തിപ്പിന് പ്രത്യേകം ഉദ്യോഗസ്ഥർ ഉണ്ടോ? റബ്ബർ ബോർഡിന്റെ വിജ്ഞാനവ്യാപന- ബോധവൽക്കരണ പ്രവർത്തനങ്ങളിൽ ആർപിഎസ്കളുടെ പങ്കെന്താണ്?***

റബ്ബർ ബോർഡിന്റെ ഫീൽഡ് ഉദ്യോഗസ്ഥരും വികസന ഉദ്യോഗസ്ഥരും സംഘങ്ങളിലെ അംഗങ്ങളാണ്. റബ്ബർ ഉത്പാദക സംഘങ്ങളിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നത് അവരാണ്. ബോർഡിന്റെ വിജ്ഞാനവ്യാപനം വളരെ സ്തുത്യർഹമായ രീതിയിലാണ് നടക്കുന്നത്. വിജ്ഞാനവ്യാപന പ്രവർത്തനവും ബോധവൽക്കരണവും കൂടുതൽ കർഷകരിലേയ്ക്കെത്തിക്കാൻ കഴിയുന്നത്. റബ്ബർ ഉത്പാദക സംഘങ്ങളുടെ സഹകരണം മൂലമാണ്.

***സ്വയം പര്യാപ്തമായ ആർപിഎസ്കൾ എത്രയുണ്ടാവും? ആകെയുള്ളവയുടെ എത്ര ശതമാനം? ഏറ്റവും മികച്ച ആർപിഎസ്കൾ സ്വയം പര്യാപ്തമാകാൻ എത്ര സമയമെടുത്തു?***

നല്ല രീതിയിൽ പ്രവർത്തിക്കുന്ന 866 സംഘങ്ങളുണ്ട്. ഇത് മൊത്തം സംഘങ്ങളുടെ 38 ശതമാനം വരും. ഇവരുടെ എണ്ണം കൂട്ടുകയും ഇപ്പോഴുള്ളവ പിന്നോക്കം പോകാതിരിക്കാൻ ശ്രദ്ധിക്കുകയും വേണം. സ്വയം പര്യാപ്തമാകാൻ വേണ്ട കാലയളവ് സംഘങ്ങളിലെ അംഗങ്ങളുടെ കൂട്ടായ പ്രവർത്തന ശൈലിയെ ആശ്രയിച്ചിരിക്കും.

***കേരളത്തിലെ മികച്ച ആർപിഎസ്കൾ ഏതെല്ലാമാണ്?***

നെടുമങ്ങാട്ടുള്ള കരിക്കുഴി റബ്ബർ ഉത്പാദക സംഘം, കൊട്ടാരക്കരയിലെ പൂയപ്പള്ളി റബ്ബർ ഉത്പാദക സംഘം, അടൂരിനടുത്തുള്ള പള്ളിക്കര റബ്ബർ ഉത്പാദക സംഘം, പാലായിലുള്ള അയ്ക്കൊമ്പ് റബ്ബർ ഉത്പാദക സംഘം, പാലക്കാടുള്ള ഇളവൻപാറ റബ്ബർ ഉത്പാദക സംഘം, നിലമ്പൂരുള്ള കാരയിൽ റബ്ബർ ഉത്പാദക സംഘം, ശ്രീകണ്ഠപുരത്തുള്ള ചുണ്ടപറമ്പ് റബ്ബർ ഉത്പാദക സംഘം എന്നിവ നല്ല നിലയിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ ചിലതാണ്. ഏറ്റവും നല്ല റബ്ബർ ഉത്പാദക സംഘത്തിന് റബ്ബർ ബോർഡ് മൂന്ന് വർഷത്തിലൊരിക്കൽ സുവർണ്ണ സംഘം അവാർഡ് നൽകി വരുന്നുണ്ട്.

***കേന്ദ്ര വാണിജ്യ മന്ത്രാലയം എത്ര മാത്രം പിന്തുണയും പ്രോത്സാഹനവും നല്കുന്നു ആർപിഎസ് കൾക്ക്? സംസ്ഥാന സർക്കാരിന്റെ സമീപനം എങ്ങിനെയാണ്.***

റബ്ബർ ബോർഡിന്റെ പദ്ധതികൾക്കെല്ലാം കേന്ദ്ര ഗവൺമെൻറിന്റെ വളരെ നല്ല പിന്തുണ ലഭിക്കുന്നുണ്ട്. റബ്ബർ ഉത്പാദക സംഘങ്ങളുടെ പ്രവർത്തനം സംസ്ഥാന സർക്കാരും അംഗീകരിക്കുന്നുണ്ട്.

***എഎൻആർപിസി റബ്ബർ ബോർഡിന്റെ ആർപിഎസ് പദ്ധതികളെ എങ്ങനെ കാണുന്നു? ഈ മാതൃകകൾ മറ്റേതെങ്കിലും രാജ്യങ്ങൾ അനുകരിക്കുന്നുണ്ടോ?***

റബ്ബർ കൃഷി ഏറ്റവും നന്നായി നടക്കുന്നത് ഇന്ത്യയിൽതന്നെയാണ്. വിപണിവിലയുടെ 97 ശതമാനത്തോളം വില ഉൽപന്നങ്ങൾക്ക് ഇന്ത്യയിലെ റബ്ബർ കർഷകർക്ക് ലഭിക്കുന്നുണ്ട്. പല എഎൻആർപിസി അംഗരാജ്യങ്ങളിൽ നിന്നും കേരളത്തിൽ വന്ന് റബ്ബർ ഉത്പാദകസംഘങ്ങളെക്കുറിച്ച് പഠിച്ച് അവരുടെ രാജ്യങ്ങളിൽ സംഘങ്ങളുടെ മാതൃക അവലംബിച്ചിട്ടുണ്ട്. അടുത്തിടെ മലേഷ്യൻ റബ്ബർ ബോർഡിന്റെ ഡയറക്ടർ ജനറൽ സന്ദർശിച്ചിരുന്നു. മലേഷ്യയിൽ കൂടുതലും എസ്റ്റേറ്റ് മേഖലയിലായിരുന്നു റബ്ബർ കൃഷി. ഇപ്പോൾ അവിടെയും കർഷകർ സംഘങ്ങൾ രൂപീകരിക്കാൻ മുന്നോട്ട് വരുന്നുണ്ട്.

***റബ്ബർ വിപണിയിൽ റബ്ബറിന്റെ ക്രയവിക്രയത്തിൽ റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ പങ്ക് എത്രമാത്രം വിലപ്പെട്ടതാണ്?***

റബ്ബറിന് വിലയിടിവുണ്ടായപ്പോൾ പ്രൊഡ്യൂസർ കമ്പനികൾ കയറ്റുമതിക്ക് കർഷകരെ സഹായിച്ചു. അപ്രകാരം വിലയിടിവിന്റെ സമയത്ത് കർഷകർക്ക് പിടിച്ചു നിൽക്കാൻ കഴിഞ്ഞു.

***സിപിഎസ്കളുടെ രൂപീകരണത്തിലും പ്രാരംഭ പ്രവർത്തനങ്ങൾക്കും റബ്ബർ ബോർഡിന്റെ അനുഭവങ്ങൾ പങ്കുവയ്ക്കാനാവുമോ? അനുഭവ സമ്പന്നരായ ടീമംഗങ്ങളുടെ സഹായം നല്കാൻ കഴിയുമോ? എതെല്ലാം രീതിയിൽ സഹകരിച്ചു പ്രവർത്തിക്കാൻ കഴിയും? യോജിച്ചു പ്രവർത്തിക്കാവുന്ന മേഖലകൾ ഏതൊക്കെ?***

നാളികേരോത്പാദക സംഘം എന്നത് നല്ലൊരാശയമാണ്. റബ്ബർ ബോർഡ് എല്ലാവിധ സഹകരണങ്ങളും നൽകാൻ തയ്യാറാണ്. റബ്ബർ കർഷകരുടെ വീട്ടു വളപ്പിൽ തെങ്ങു വയ്ക്കുന്നതിനോ വിജ്ഞാനവ്യാപന പ്രവർത്തനങ്ങളിലോ എല്ലാവിധ മേഖലകളിലും റബ്ബർ ബോർഡിന്റെ സഹകരണം പ്രതീക്ഷിക്കാവുന്നതാണ്.

***റബ്ബർ മേഖലയിലും വീട്ടുവളപ്പിലെ വിള എന്ന നിലയിൽ തെങ്ങിനെ - പ്രത്യേകിച്ച് കരിക്കിനുള്ള ഇനങ്ങളെ പ്രോത്സാഹിപ്പിക്കുമോ?***

തെങ്ങിന്റെ പ്രാധാന്യം അംഗീകരിക്കപ്പെടേണ്ട വസ്തുതയാണ്. പരസ്പര സഹകരണത്തിലൂടെ ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ വഴി കേരളത്തിലെ കർഷകർക്ക് സുസ്ഥിര വരുമാനം ലഭ്യമാക്കാനുള്ള എല്ലാവിധ പരിപാടികൾക്കും സഹകരണമുണ്ടായിരിക്കും. കരിക്കിനുള്ള ഇനങ്ങൾ വച്ചു പിടിപ്പിക്കുവാൻ റബ്ബർ ബോർഡിന്റെ ഭാഗത്ത് നിന്ന് ആവശ്യമായ സഹകരണം പ്രതീക്ഷിക്കാം.

---

*നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ രാജീവ് പി ജോർജ്ജും സബ് എഡിറ്റർ ശ്രീമതി സോന ജോണും നടത്തിയ അഭിമുഖം*

# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പ്രവൃത്തിപഥത്തിൽ

നാളികേര വികസന ബോർഡ് നടപ്പിലാക്കുന്ന തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനപരിപാടി ചിങ്ങം ഒന്നിന് (ആഗസ്റ്റ് 17-ാം തീയതി) പത്ത് കേന്ദ്രങ്ങളിൽ ആരംഭിച്ചു. തെങ്ങുകയറ്റക്കാരുടെ ദൗർലഭ്യം ഇല്ലാതാക്കുവാനും തൊഴിൽരഹിതരായ യുവതീ യുവാക്കൾക്ക് സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുമാണ് ഈ പരിശീലനപരിപാടി ആവിഷ്ക്കരിച്ചിരിക്കുന്നത്. ഓരോ ജില്ലയിലെയും കൃഷി വിജ്ഞാനകേന്ദ്രങ്ങൾ വഴിയാണ് പരിശീലനപരിപാടി നടപ്പാക്കുന്നത്. ആദ്യബാച്ചിൽ 10 ജില്ലകളിലായി 194 പേർ പരിശീലനത്തിന് ഹാജരായി. 18 മുതൽ 40 വയസ്സ് വരെ പ്രായമുള്ള പൂർണ്ണ ആരോഗ്യവാന്മാരും അംഗവൈകല്യമില്ലാത്തവരുമായ യുവതീയുവാക്കൾക്കാണ് പരിശീലനം നൽകുന്നത്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്ന ഓരോ കേരചങ്ങാതിയ്ക്കും കുറഞ്ഞത് 750 രൂപയെങ്കിലും ദിവസവരുമാനം ലഭിക്കാനായാണ് അവരെ പ്രാപ്തരാക്കുന്നത്.

20 പേരടങ്ങുന്ന ഒരു ബാച്ചിന് പരിശീലനം നൽകുന്നതിന് 2 മാസ്റ്റർ ട്രെയിനർമാരെവീതമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ തെരഞ്ഞെടുത്ത കേന്ദ്രങ്ങളിലാണ് പരിശീലനം നൽകുന്നത്. പാലക്കാട്, കോട്ടയം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 21ഉം തിരുവനന്തപുരം,



കോഴിക്കോട് ജില്ലയിൽ തെങ്ങുകയറ്റ പരിശീലനം പുരോഗമിക്കുന്നു

കൊല്ലം, എറണാകുളം, തൃശ്ശൂർ, ജില്ലകളിൽ 20ഉം കോഴിക്കോട് 18ഉം ആലപ്പുഴയിൽ 13ഉം പേർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. ഈ വർഷം 5000 അപേക്ഷകർക്ക് പരിശീലനം നൽകുവാനാണ് ബോർഡ് ലക്ഷ്യമിടുന്നത്. രണ്ടാമത്തെ ബാച്ച് പരിശീലനാർത്ഥികൾക്ക് ആഗസ്റ്റ് 24-ാം തീയതി പരിശീലനം ആരംഭിച്ചു. 25 തുടർച്ചയായ ആഴ്ചകളിൽ പരിശീലനം നൽകാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. പരിശീലനത്തിൽ ഏർപ്പെട്ടവർക്കും പരിശീലനം നൽകുന്ന മാസ്റ്റർ ട്രെയിനർമാർക്കും യൂണൈറ്റഡ് ഇന്ത്യ ഇൻഷുറൻസുമായി ചേർന്ന് ബോർഡ് കേരസുരക്ഷ ഇൻഷുറൻസ് പദ്ധതിപ്രകാരം ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ ജില്ലയിലേയും പരിശീലന പരിപാടിയുടെ മേൽനോട്ടം വഹിക്കുന്നത് താഴെ പറയുന്നവ ബോർഡ് ഉദ്യോഗസ്ഥരാണ്.

| | | |
|---|---|---|
| തിരുവനന്തപുരം | - | ശ്രീമതി. നിഷ. ജി (9496145812) |
| കൊല്ലം | - | ശ്രീ. ജയനാഥ്.ആർ (9446028889) |
| കോട്ടയം | - | ശ്രീമതി. ദീപ്തി നായർ എസ് (9495675679) |
| ആലപ്പുഴ | - | ശ്രീമതി. രശ്മി ഡി.എസ് (9446484014) |
| എറണാകുളം | - | ശ്രീമതി. ലീനമോൾ എം.എ. (9447818993) |
| തൃശ്ശൂർ | - | ശ്രീ. ശശികുമാർ. സി. (9995521054) |
| മലപ്പുറം | - | ശ്രീ. കെ.എസ്. സെബാസ്റ്റ്യൻ (9446211460) |
| പാലക്കാട് | - | ശ്രീ. ജോർജ്ജ് പീറ്റർ (9946255915) |
| കോഴിക്കോട് | - | ശ്രീമതി. മൃദുല. കെ. (9946947725) |
| കണ്ണൂർ | - | ശ്രീ. വിജയൻ കെ. എം. (9447100149) |
| കാസറഗോഡ് | - | ശ്രീ. ചന്ദ്രശേഖരൻ. വി.ജി. (9846635765) |

തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ പരിശീലന പരിപാടിയുടെ



എറണാകുളം ജില്ലയിലെ പരിശീലനാർത്ഥികൾ പരിശീലനത്തിൽ

കോ-ഓർഡിനേറ്റർ പബ്ലിസിറ്റി ആഫീസർ ശ്രീമതി. മിനി മാത്യുവും (മൊബൈൽ 9447665105), തൃശൂർ, മലപ്പുറം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലേത് പ്രോസസ്സിംഗ് എഞ്ചിനിയർ ശ്രീ. ശ്രീകുമാർ പൊതുവാളും (9895816291) ആണ്.

പരിശീലനപരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഫോൺ നമ്പർ, മൊബൈൽ ഫോൺ എന്നിവയുൾപ്പെടുന്ന പൂർണ്ണമേൽവിലാസം സഹിതം അപേക്ഷകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11, എന്ന മേൽവിലാസത്തിൽ അയക്കുക.

# വെളിച്ചെണ്ണയുടെ തിരിച്ചുവരവ്

ആർ. ഹേലി

ആഗോള സസ്യഎണ്ണ വിപണിയിൽ വെളിച്ചെണ്ണയ്ക്ക് ഒരു വൻ തിരിച്ചുവരവ് യാഥാർത്ഥ്യമാകുമോ? അങ്ങനെ സംഭവിച്ചാൽ കേരകൃഷിയും റബ്ബറിന്റെ വഴിയിലൂടെ പുതിയ ഉയരങ്ങളിലേക്ക് കുതിയ്ക്കുമോ? വെളിച്ചെണ്ണയുടെ വില മൊത്തവില്പനയിൽ ക്വിൻറലിന് 10400 രൂപ കടന്നിരിക്കുന്നു. കഴിഞ്ഞ വർഷത്തെക്കാൾ ഇരട്ടി വില ഈ വർഷം കടന്നേയ്ക്കുമോ. നല്ല പ്രതീക്ഷയുടെ ശുഭതരംഗങ്ങൾ വീണ്ടും കേരകൃഷി രംഗത്ത് വന്നെത്തുമെന്ന് സർവ്വരും പ്രതീക്ഷിച്ചു തുടങ്ങിയിരിക്കുന്നു.

മോഹങ്ങൾ ചിറക് വിരിച്ച് പറക്കാൻ തുടങ്ങുമ്പോൾ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതാണ് കുത്തക വിപണിയുടെ ഒരു സ്വഭാവമെന്ന് മറക്കാൻ പാടില്ലെങ്കിലും ആഗോള സസ്യഎണ്ണ വിപണിയെക്കുറിച്ച് ചില കാര്യങ്ങൾ അടുത്തറിയുന്നത് നന്നായിരിക്കും.

- ലോകത്ത് എവിടെയെല്ലാം ആഹാരം പാകം ചെയ്യുന്നുണ്ടോ അവിടെയെല്ലാം സസ്യ എണ്ണയ്ക്ക് വളരെ മാന്യവും തന്ത്രപ്രധാനവുമായ സ്ഥാനമുണ്ട്. വർഷം തോറും 15 കോടി ടൺ സസ്യ എണ്ണയുടെ വിഹാര രംഗമാണ് ആഗോള സസ്യ എണ്ണ വിപണി. ഇതിൽ ഏതാണ്ട് 40 ശതമാനവും പാം ഓയിലും പനങ്കുരു എണ്ണയും കൂടി കീഴടക്കുന്നു. രണ്ടാം സ്ഥാനം 32 ശതമാനം ഉൾക്കൊള്ളുന്ന സോയാബിൻ എണ്ണയ്ക്കാണ്. സൂര്യകാന്തി എണ്ണ ഏതാണ്ട് 9 ശതമാനവും കടുക് എണ്ണ 17 ശതമാനവും വരും. കഷ്ടിച്ച് 3 ശതമാനത്തിന് താഴെയാണ് വെളിച്ചെണ്ണയുടെ സംഭാവന. ഇതിനോട് അടുത്തുള്ള സ്ഥാനമേ ഒലിവ് എണ്ണയ്ക്കും, നിലക്കടല എണ്ണയ്ക്കും പരുത്തിക്കുരു എണ്ണയ്ക്കുമുള്ളൂ.
- എന്നാൽ അറിയേണ്ട ഒരു കാര്യം അധിക ഉത്പാദനം കാരണം സസ്യ എണ്ണ ലോകത്തിൽ വിൽക്കുവാൻ 'നിർബ്ബന്ധിതരായ' ഇന്തോനേഷ്യ, മലേഷ്യ തുടങ്ങിയ രാഷ്ട്രങ്ങൾക്ക് ഇതൊരു വലിയ അനുഗ്രഹമാണ്. ഇറക്കുമതി ചുങ്കം ഇല്ലാതായതോടെ അവർക്ക് ഇന്ത്യ ഒരു മികച്ച വിപണിയായി മാറിയിരിക്കുന്നു. പ്രതിവർഷം 88 ലക്ഷം ടൺ സസ്യ എണ്ണ നാം ഇറക്കുമതി ചെയ്യുന്നു. എണ്ണ 'ക്രൂഡ്' ആയാലും 'സസ്യ' എണ്ണ ആയാലും നമ്മുടെ വിദേശനാണ്യ ശേഖരത്തെ ശോഷിപ്പിക്കുന്നതിൽ ഇത് വലിയ പങ്ക് വഹിക്കുന്നു.
- ലോക വെളിച്ചെണ്ണ ഉത്പാദന രംഗത്തിന്റെ മഹിമ ആകെ തേഞ്ഞു മെലിഞ്ഞ കാലഘട്ടമായിരുന്നു കഴിഞ്ഞ കാൽ ശതാബ്ദം! 93 കേര കൃഷി രാഷ്ട്രങ്ങളിലും സസ്യ എണ്ണ എന്ന നിലയിൽ വെളിച്ചെണ്ണ പാം ഓയിലിനും സോയാബിൻ എണ്ണയ്ക്കും മുമ്പിൽ അടിയറവ് പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ലോക സസ്യ എണ്ണ ഉത്പാദനത്തിന്റെ വെറും 3 ശതമാനം മാത്രം സംഭാവന ചെയ്യുന്ന വെളിച്ചെണ്ണയ്ക്ക് വെറും പാചക എണ്ണയെന്ന നിലയിൽ ഉയർച്ച ഇല്ല എന്നുതന്നെ പറയാം.
- ഇന്ത്യയിൽ പക്ഷേ, കേരകൃഷി ഈ കാലത്ത് പിടിച്ചുനിന്നു!! മാത്രമല്ല ഈ കാലഘട്ടത്തിൽ പൊതുവെ കൃഷിസ്ഥല വിസ്തീർണ്ണവും ഉത്പാദനക്ഷമതയും വർദ്ധിച്ചു. അതേസമയം ഒരു പ്രമുഖ തോട്ടവിളയെന്ന നിലയിൽ കേരകൃഷിക്കാർക്ക് ഒട്ടേറെ സ്ഥലങ്ങളിൽ – കേരളം പോലെ – പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. ജോലിക്കാരുടെ അഭാവം, വൻ കൃഷി ചിലവ്, രോഗങ്ങൾ വിലസ്ഥിരത ഇല്ലായ്മ, വിപണിയുടെ തളർച്ച എന്നിവയെല്ലാം കേരകൃഷിയുടെ വമ്പിച്ച വളർച്ചയ്ക്ക് വിഘാതം വരുത്തി. പക്ഷേ, കേര ഗവേഷണം, പുതിയ വിഭവ രൂപീകരണം, വിപണന ശൃംഖല സൃഷ്ടിക്കൽ എന്നീ രംഗത്തെല്ലാം മുന്നേറ്റങ്ങൾ ഉണ്ടായത് വളരെ സ്ഥായിയായ നേട്ടമായി കാണേണ്ടതുണ്ട്. ഇപ്പോൾ ഒരു വൻ ഉയർത്തെഴു



ന്നേൽപിന് സഹായിക്കുന്നത് ഇവ തന്നെ ആകാം.

- വെളിച്ചെണ്ണയുടെ പുതിയ മാഹാത്മ്യം ഉയരുന്നത് 'വെർജിൻ കോക്കനട്ട് ഓയിൽ' രൂപത്തിലാണ്. ഇതിന്റെ പുതിയ സാദ്ധ്യതകൾ 'ആരോഗ്യ വ്യവസായവും ഭക്ഷ്യ വ്യവസായവും' ഒരുപോലെ പുതിയ താരാട്ടുപാട്ടുകൾ സൃഷ്ടിച്ച് ഉപഭോക്താക്കളെ വിശേഷിച്ച് പാശ്ചാത്യനാടുകളിൽ ആരാധകവൃന്ദങ്ങളെ സൃഷ്ടിക്കുന്നു.
- സസ്യഎണ്ണ ഇല്ലെങ്കിൽ അടുക്കളയിൽ നിന്നും രുചിയേറിയ ആഹാരം പുറത്തുവരുകയില്ല എന്നത് വാസ്തവം തന്നെ! അപ്പോൾ സസ്യ എണ്ണകളുടെ ഉത്പാദനം, സംഭരണം, വിപണനം എന്നതെല്ലാം മറ്റേത് ആഹാര വിഭവത്തോടും ഒപ്പം കിടപിടിക്കുന്നതാണ്. സസ്യ എണ്ണ വിപണിയിൽ വന്നെത്തുന്ന എണ്ണകളുടെ വിലയിലെ തകിടം മറിച്ചിൽ, കച്ചവടശക്തികളുടെ താൽപര്യം, അമിതലാഭമെടുക്കൽ, അധികലാഭക്കൊയ്ത്ത് ഇവ പ്രവചിക്കാൻ ഏറ്റവും വലിയ 'ജോത്സ്യന്മാർക്ക്' പോലും കഴിയില്ല! ഏതായാലും ഒരു ലക്ഷം കോടിരൂപയുടെ 'കളിക്കളമായി' ഇതിനെ കണക്കാക്കി വലിപ്പം മനസ്സിലാക്കാമെന്നു തോന്നുന്നു! പലരീതിയിൽ കണക്കുകൾ കൊണ്ട് കസർത്തു നടത്താവുന്ന ഒരു രംഗം!
- ആഗോള വിപണിയുമായി തട്ടിച്ചുനോക്കുമ്പോൾ ഇന്ത്യൻ നില ഭദ്രത തീരെ കുറഞ്ഞുവരുന്ന ഒരു മേഖലയാണെന്ന് വ്യക്തമാകുന്നു. ഓരോ വർഷം കഴിയുന്തോറും ആവശ്യം കുതിച്ചു കയറുകയാണ്.
- ഒന്നരക്കോടിയിലേറെ ടൺ സസ്യ എണ്ണ ഇന്ത്യയിൽ പ്രതിവർഷം ആവശ്യമുണ്ട്. അതിൽ 62 ലക്ഷം ടൺ മാത്രമാണ് നാം ഉത്പാദിപ്പിക്കുന്നത്. ബാക്കി മുഴുവൻ ഇറക്കുമതി ചെയ്യുകയാണ്.
- ഇന്ത്യയിൽ മൊത്തം ഉത്പാദിപ്പിക്കുന്ന സസ്യ എണ്ണയേക്കാൾ കൂടുതൽ പാം ഓയിൽ നാം ഓരോ വർഷവും ഇറക്കുമതി ചെയ്യുന്നു. 2009-2010ൽ അറുപത്തിമൂന്നു ലക്ഷത്തി മുപ്പത്തിഏഴായിരത്തിൽ (63,37000) പരം ടൺ എണ്ണ ഇറക്കുമതി ചെയ്തു എന്നാണ് കണക്ക്.
- കർഷക രാഷ്ട്രമായ ഇന്ത്യ സസ്യ എണ്ണ ഇറക്കുമതി ചെയ്യുന്നത് ഒരു അത്ഭുതമാണെങ്കിലും അതിപ്പോൾ നമുക്ക് മാറ്റാൻ കഴിയാത്ത വ്യാപാര-വിദേശനയബന്ധത്തിന്റെ സുഗമമായ പുരോഗതിയുടെ കൂടെ ഭാഗമായി മാറിയിരിക്കുന്നു. കൃഷിവികസനം ഇവയക്ക് മുന്നിൽ നിഷ്പ്രഭം!
- ലോക സസ്യഎണ്ണ ഇറക്കുമതി രംഗത്ത് രണ്ടാം സ്ഥാനം ഇന്ത്യയ്ക്കാണ്. തുറന്ന വിപണി നയം വന്നതിന് ശേഷം സസ്യഎണ്ണ ഇറക്കുമതി പൂർവ്വാധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കുറഞ്ഞ വിലയ്ക്ക് സസ്യഎണ്ണ ലഭ്യമാക്കാനുള്ള ശ്രമത്തിൽ പാം ഓയിൽ ഇറക്കുമതി വർദ്ധിച്ചു കൊണ്ടിരിക്കും.
- വെളിച്ചെണ്ണ പുതിയ കാഴ്ചപ്പാടിൽ വെറും പാചകത്തിനുള്ള സസ്യ എണ്ണ അല്ലത്രെ! "ആരോഗ്യദായക എണ്ണയായി" പാശ്ചാത്യലോകം വെളിച്ചെണ്ണയെ വാഴ്ത്തുന്നു. ഇതിന്റെ പിന്നിൽ സാധാരണ ആഹാര പോഷകങ്ങൾക്ക് പുറമേ വേഗത്തിൽ ദഹിച്ച് ഊർജ്ജം ശരീരത്തിന് പകരാൻ കൂടി വെളിച്ചെണ്ണയ്ക്ക് കഴിയുന്നു എന്ന തിരിച്ചറിവാണ്.
- വെളിച്ചെണ്ണയിലെ ലാറിക് അമ്ലവും കാപ്രിക് അമ്ലവും ശരീരത്തിലെ രാസഭൗതിക മാറ്റങ്ങൾക്ക് വിധേയമാകുമ്പോൾ 'മോണൊലാറിൻ', 'മോണോകാപ്രിൻ' എന്നിവ ആയി മാറുന്നു. ഇവിടെയാണ് അത്ഭുതം. ഈ രൂപത്തിൽ അവ കടുത്ത വൈറസ്, പ്രോട്ടോസോവ, വിരുദ്ധശക്തിപൂണ്ട് എച്ച്ഐവി (എയ്ഡ്സ് രോഗം) പ്രതിരോധ കരുത്ത് വരെ നേടുന്നു. ആഹാരമൂലകമെന്ന ഗുണവിശേഷത്തിന് പുറമെ ആരോഗ്യ ശക്തി പകരലും കൂടിയാകുമ്പോൾ വെളിച്ചെണ്ണക്ക് പുതിയ ഉപയോഗ മേഖലകൾ വർദ്ധിക്കുന്നു. ഇതൊരു വഴിത്തിരിവാണ്.
- ദീർഘകാലമായി ഇന്ത്യ, ശ്രീലങ്ക, ഫിലിപ്പീൻസ്, ഇന്തോനേഷ്യ തുടങ്ങിയ 93 രാജ്യങ്ങളിലും കേര മാഹാത്മ്യത്തിന്റെ നാട്ടറിവുകൾക്ക് പുതിയ അംഗീകാരം വളരെ വർദ്ധിച്ച തോതിൽ ലഭിച്ചിരിക്കുന്നു. ഒപ്പം പഠനങ്ങളും കൂടുന്നു.
- സൗന്ദര്യവർദ്ധക മേഖലയിലെ വെളിച്ചെണ്ണ ഉപഭോഗവും പുതിയ ഉൽപന്നരൂപത്തിൽ വിപണി ശ്രദ്ധ നേടാൻ ആരംഭിച്ചിട്ടുണ്ട്.
- സമ്പൂർണ്ണ വെജിറ്റേറിയൻ പ്രസ്ഥാനം തേങ്ങാപ്പാലിന് പുതിയ മാന്യതയും ആരോഗ്യ മേന്മയും പ്രചരിപ്പിക്കുന്നത് കുട്ടികൾക്കുള്ള പാൽപൊടി, ഐസ്ക്രീം, ബേക്കറി ഉത്പന്നങ്ങൾ എന്നിവയുടെ നിർമ്മാണ മേഖലയിൽ മികച്ച അംഗീകാരം നൽകി കഴിഞ്ഞിരിക്കുന്നു.
- ബിസ്ക്കറ്റ് വ്യവസായത്തിലേക്കുള്ള വെളിച്ചെണ്ണ ഉപയോഗം അതിന് മിനുസ്സവും പ്രത്യേക ആകർഷകമായ ഗന്ധവും നൽകാനുള്ള കഴിവ് കാരണമാണ്.

നിലവിലുള്ള വിവിധ ആവശ്യങ്ങൾക്ക് പുറമെയാണ് മേൽപറഞ്ഞ സാദ്ധ്യതകൾ. വിലയിലെ കൂടുതൽ കണ്ട് ഒട്ടും ഭയക്കുന്നവരല്ല പുതിയ വെളിച്ചെണ്ണ ആരാധകർ എന്നതും പ്രത്യേകം ശ്രദ്ധിക്കണം.

ഇനി നാം ശ്രദ്ധിക്കേണ്ടത് ഈ സാദ്ധ്യതകളെ വലിയ രീതിയിൽ മുതലെടുത്ത് കേരകൃഷിയേയും കേരകർഷകരേയും എങ്ങനെ സമ്പന്നരും കേരപരിചരണ തല്പരരുമാക്കാൻ കഴിയും എന്നതാണ്.

നമ്മുടെ ഈ മേഖലയിലെ യത്നങ്ങൾക്ക് ഒരു

പുതിയ ക്രോഡീകരണവും ഏകോപനവും നയപരമായ കാഴ്ചപ്പാടും കിട്ടിയാൽ ജയിച്ചു. അടിസ്ഥാന നേട്ടങ്ങൾ വളരെ ചെറിയ രൂപത്തിലാണെങ്കിലും നമ്മുടെ പക്കലുണ്ട്. പരിശുദ്ധമായ വെളിച്ചെണ്ണയുടെ ലഭ്യത മുതൽ ശ്രദ്ധ കേന്ദ്രീകരിക്കണം. വിദേശവിപണിയേയും ദേശീയ മേഖലയിലെ ഉന്നത ശ്രേണിയിലുള്ള വിപണിയേയും കേന്ദ്രീകരിച്ചുള്ള മൂല്യവർദ്ധിത ഉൽപന്ന സൃഷ്ടിയാകുമ്പോൾ ഗുണനിലവാരം, തുടരെയുള്ള ലഭ്യത, പ്രചരണം, വിപണന തന്ത്രങ്ങൾ എന്നിവയും അതിനനുസരിച്ച് ഉന്നത നിലവാരം പുലർത്തണം.

അതിനുള്ള ഗവേഷണം ശക്തിപ്പെടുത്താൻ ഉൽപന്ന പാക്കിംഗ് സംവിധാനം, പ്രചരണം തുടങ്ങിയ കാര്യങ്ങളിൽ ഇന്ത്യയിൽ നാം ഈ രംഗത്ത് ശക്തി നേടണം. നാളികേര വകസന ബോർഡിനെ കയറ്റുമതി പ്രോത്സാഹന ഏജൻസിയാക്കിയത് വളരെ ഗുണകരമാണ്.

പക്ഷേ ഇതിന്റെയെല്ലാം പ്രമുഖ ലക്ഷ്യം മറക്കരുത്. കേരകൃഷി വികസിപ്പിക്കാൻ അതിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ജാതി, മത, ചെറുകിട, വൻകിട ഭേദമില്ലാതെ നല്ലവില ലഭിക്കണം. കൃഷിയ്ക്കും വിളശേഖരണത്തിനും വില്പനയ്ക്കും ഉള്ള സംവിധാനം ഉണ്ടാക്കണം. ഉള്ള സംവിധാനം വിപുലപ്പെടുത്തണം. പ്രവർത്തനസജ്ജമാക്കണം.

വെളിച്ചെണ്ണപോലെ തന്നെ ഇളനീരിനും തേങ്ങാവെള്ളത്തിനും തെങ്ങിൻ തടിയ്ക്കും തൊണ്ടിനും ഒക്കെ വിലയുണ്ട്. പക്ഷേ കേരകർഷകന് അതുകൊണ്ട് വലിയ ഗുണം കിട്ടുന്നില്ല. വിപണിയും കൂലിയും ഒക്കെ അത്രയധികം കർഷകബന്ധമില്ലാതെ പ്രവർത്തിക്കുന്ന ശൈലിയിൽ മാറ്റം വരുമെന്ന് പ്രതീക്ഷിക്കാം.

തെങ്ങിനെ രക്ഷപ്പെടുത്താൻ ഉദിച്ചുവരുന്ന ഈ അവസരം ഉപയോഗപ്പെടുത്താൻ മറ്റാരെക്കാളും മുൻകൈ എടുക്കേണ്ടത് കേരളം തന്നെയാണ്; കേരത്തെയും കേരളത്തേയും ആത്മാർത്ഥമായി തലമുറകളായി സ്നേഹിക്കുന്നവരും.

റിട്ട. കൃഷി ഡയറക്ടർ
പേൾ ഹിൽ, ആറ്റിങ്ങൽ, തിരുവനന്തപുരം- 695101

*പേജ് 8 തുടർച്ച*

1986-ൽ തുടങ്ങിയ റബ്ബർ ഉത്പാദകസംഘം എന്ന പ്രസ്ഥാനത്തിന്റേയും അതിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങളുടേയും ഫലമായി തൊണ്ണൂറുകളുടെ അവസാനമായപ്പോഴേയ്ക്ക് ഇന്ത്യയിലെ റബ്ബർ കൃഷിയുടെ ഉത്പാദനക്ഷമത ലോകത്തിൽ ഏറ്റവും ഉയർന്നതായി. ഇത് റബ്ബർ ഉത്പാദക സംഘങ്ങളുടെ വലിയ നേട്ടമായിരുന്നു.

പിൽക്കാലത്ത് പല സംഘങ്ങളും ഊർജ്ജിതമായി പ്രവർത്തിച്ചില്ല. പിന്നീട് വരുന്ന ഉദ്യോഗസ്ഥരുടെ പ്രതിജ്ഞാബദ്ധതയും താൽപര്യവും ഒരു ഘടകമാണല്ലോ. നന്നായി പ്രവർത്തിച്ചിരുന്നുവെങ്കിൽ 5000 ത്തോളം സംഘങ്ങൾ ഇതിനകം ഉണ്ടാവേണ്ടതായിരുന്നു. പക്ഷേ ഇപ്പോഴും 2600 ഓളം സംഘങ്ങൾ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

***ആഗോളവൽക്കരണത്തിനു ശേഷം മാറിയ സാഹചര്യങ്ങളിൽ റബ്ബർ ഉത്പാദക സംഘങ്ങളുടെ വളർച്ചയിൽ ഇനിയെന്താണ് മുമ്പിൽ കാണുന്നത്? ഏതെല്ലാം പുതിയ മേഖലകളിലാണ് ഇവയുടെ പ്രസക്തി?***

റബ്ബർ ഉത്പാദക സംഘങ്ങളുടെ ചിട്ടയായ ആസൂത്രണവും ഉത്പാദനം മെച്ചപ്പെടുത്തുന്നതിനുള്ള ഹ്രസ്വകാല പദ്ധതികളും ഉത്പാദനക്ഷമത വർദ്ധിക്കുന്നതിന് കാരണമായി. ആഗോളവൽക്കരണത്തിനു ശേഷവും ഉത്പാദനക്ഷമതമെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അത്യാവശ്യമാണ്. നമ്മുടെ മത്സരക്ഷമത നിലനിർത്തുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും ഇത്തരം പ്രവർത്തനങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്.

ഇനിയും റബ്ബർ ഉത്പാദക സംഘങ്ങൾക്ക് പലതും ചെയ്യാം - വില സംരക്ഷിക്കുന്ന കാര്യത്തിലും, കയറ്റുമതി നടത്തുന്നതിലും മറ്റും വളരെയേറെ കാര്യങ്ങൾ ചെയ്യാവുന്നതാണ്. വിജ്ഞാനവ്യാപന പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് റബ്ബർ ഉത്പാദക സംഘങ്ങൾ അനിവാര്യഘടകമാണ്.

***കേരളത്തിന്റെ കാർഷിക മേഖലയിൽ റബ്ബർ ഉത്പാദക സംഘങ്ങളുടെ സ്വാധീനം എന്താണ്?***

കേരളത്തിലെ റബ്ബർ കൃഷി ഇന്ന് ഏത് അന്താരാഷ്ട്രീയ മത്സരത്തോടും പൊരുതി വിജയകരമായി നിലനിൽക്കാൻ പ്രധാനകാരണം റബ്ബർ ഉത്പാദക സംഘങ്ങളാണ്. ആസിയാൻ കരാറോ ഇറക്കുമതിയോ എന്തു സംഭവിച്ചാലും റബ്ബർ കർഷകർക്ക് ആശങ്കയില്ലാതെ കഴിയുവാൻ സാധിക്കുന്നത് റബ്ബർ ഉത്പാദകസംഘങ്ങളുടെ പ്രവർത്തന ഫലമായി ഉത്പാദനക്ഷമതയും മത്സരക്ഷമതയും ഉയർത്താൻ കഴിഞ്ഞതുകൊണ്ടാണ്.

ചുരുക്കത്തിൽ കേരളത്തിൽ റബ്ബർകൃഷി വിജയകരമാകാൻ കാരണം റബ്ബർ ഉത്പാദക സംഘങ്ങളാണ്. ഇതിൽ നിന്ന് പാഠം ഉൾക്കൊണ്ട് മറ്റ് കൃഷികൾ സജീവമാക്കാനും പുനഃസംഘടിപ്പിക്കാനും വേണ്ടി കർഷകരുടെ ഗ്രാമതല ഉത്പാദകസംഘങ്ങൾ സ്ഥാപിച്ച് വളർത്തേണ്ടത് ഒഴിച്ചുകൂടാൻ പാടില്ലാത്ത കാര്യമാണ്.

*നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ രാജീവ് പി ജോർജ്ജും സബ് എഡിറ്റർ ശ്രീമതി എസ്. ബീനയും നടത്തിയ അഭിമുഖം*

# വിഎഫ്പിസികെയുടെ കർഷകസംഘ രൂപീകരണവും പഴം-പച്ചക്കറി മേഖലയിൽ സ്വാശ്രയ സംഘങ്ങളുടെ സ്വാധീനവും

എൻ. വിജയൻ

കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് പ്രോജക്ട് പദ്ധതിയുടെ തുടർ സംവിധാനമായി രൂപംകൊണ്ട സ്ഥാപനമാണ് വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വിഎഫ്പിസികെ). സ്വാശ്രയ സംഘങ്ങൾ പുതിയതായി രൂപീകരിച്ചും നിലവിലുള്ളവ ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് പഴം പച്ചക്കറി വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുകയും വിപണനം മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ പഴം-പച്ചക്കറി കർഷകരുടെ സമഗ്രവികസനം പ്രോത്സാഹിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെയാണ് വിഎഫ്പിസികെ സ്ഥാപിച്ചത്. ഈ സ്വാശ്രയ സംഘങ്ങളെ വേറൊരു വിധത്തിൽ പറഞ്ഞാൽ വരുമാനവും ജീവിതനിലവാരവും മെച്ചപ്പെടുത്താനായി ഒരുമിച്ച് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പഴം-പച്ചക്കറി കർഷകരുടെ ക്ലസ്റ്ററുകളെന്ന് വിളിക്കാം. ഇത്തരം യൂണിറ്റുകളിൽ 15 മുതൽ 20 വരെ അയൽപക്കക്കാരായ കർഷകർ അംഗങ്ങളായുണ്ടാകും. ഇവർ ഉത്പാദനം മെച്ചപ്പെടുത്താനും അതുവഴി വരുമാനം വർദ്ധിപ്പിക്കാനുമായി സാങ്കേതികവിദ്യകളും കൃഷിരീതികളും അവലംബിക്കുന്നതിനായി സ്വമേധയാ ഒരുമിച്ച് പ്രവർത്തിക്കുന്നവർ ആയിരിക്കും. അംഗങ്ങൾക്കെല്ലാം പൊതുവായ താൽപര്യങ്ങളും പൊതുവായ ലക്ഷ്യങ്ങളുമായിരിക്കും ഉണ്ടായിരിക്കുക; അതുകൊണ്ടുതന്നെ ഒരേതരം സ്വഭാവ സവിശേഷതകളാവും അവർക്കുണ്ടായിരിക്കുക.

സ്വാശ്രയ സംഘങ്ങൾ (എസ്എച്ച്ജി) 1993 മുതലാണ് രൂപീകരിക്കാൻ ആരംഭിച്ചത്. സ്വാശ്രയ സംഘങ്ങൾ കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂട്ടായി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും വേദിയൊരുക്കുന്നു. കേരളത്തിലെ 14 ജില്ലകളിലായി 7510 സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നു; മൊത്തം അംഗങ്ങൾ 145528 കർഷകരാണ്. ഫീൽഡ് തലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർ പരിപാടികൾ ചിട്ടയോടെ ആസൂത്രണം ചെയ്ത് സുഗമമായി നടപ്പിലാക്കുന്നത്കൊണ്ടാണ് ഈ നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞത്.

സ്വാശ്രയ സംഘങ്ങളെ ബോധവൽക്കരണം, വിജ്ഞാനവ്യാപനം, പുതിയ വിള ഉത്പാദന രീതികളിൽ പരിശീലനം, കൂട്ടായ വിപണനം മുതലായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുവാൻ സ്ഥിരമായി പ്രോത്സാഹിപ്പിക്കുകയും അതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുകയും ചെയ്യുന്നു. പൊതുവായ പ്രശ്നങ്ങൾക്ക് കൂട്ടായ പ്രയത്നത്തിലൂടെ പരിഹാരം കണ്ടെത്തുകയും അതുവഴി 'സ്വാശ്രയത്വം കൈവരിക്കുകയും ചെയ്യുക, എന്ന ആശയത്തിൽ നിന്നാണ് സ്വാശ്രയ സംഘങ്ങൾ ഉടലെടുത്തത്. 'സ്വാശ്രയം' എന്ന ആശയം കർഷകശാക്തീകരണത്തിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വേണ്ടി പ്രാവർത്തികമാക്കുകയാണ് ചെയ്തത്.

ഒരു പ്രദേശത്ത് സ്വാശ്രയ സംഘം സ്ഥാപിക്കുന്നതിന് മുൻപ് വിഎഫ്പിസികെ അവിടം സ്വാശ്രയസംഘത്തിന്റെ പ്രവർത്തനത്തിന് അനുയോജ്യമാണോയെന്നറിയുന്നതിനും സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കുന്നതിനുമായി സർവ്വേ നടത്തുന്നു. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത പ്രദേശത്ത് പ്രവർത്തനം ആരംഭിക്കുവാനും സംഘങ്ങൾ രൂപീകരിക്കുവാനും കർഷകരെ അംഗങ്ങളായി ചേർക്കുവാനും വിഎഫ്പിസികെ തീരുമാനിക്കുന്നു. സ്വാശ്രയസംഘങ്ങളിൽ അംഗങ്ങളെ ചേർക്കുന്നതിന് വിഎഫ്പിസികെയ്ക്ക് പ്രത്യേക മാനദണ്ഡങ്ങളുണ്ട്. കർഷകർ 300 വാഴകളെങ്കിലും കൃഷി ചെയ്യുന്നവരോ രണ്ടു സീസണുകളിലായി 50 സെന്റ് സ്ഥലത്തോ മൂന്നു സീസണുകളിലായി 25 സെന്റ് സ്ഥലത്തോ പച്ചക്കറി കൃഷി ചെയ്യുന്നവരോ ആയിരിക്കണം. സ്വാശ്രയസംഘത്തിൽനിന്ന് 3 മാസ്റ്റർ കർഷകരെ തെരഞ്ഞെടുക്കുന്നു. ഉത്പാദനം, വിപണനം, വായ്പ എന്നീ മേഖലകളാണ് ഓരോ മാസ്റ്റർ കർഷകനും കൈകാര്യം ചെയ്യുന്നത്. പതിവായി എല്ലാ മാസത്തിലും സ്വാശ്രയ സംഘത്തിന്റെ യോഗം സംഘടിപ്പിക്കുന്നു. കർഷകരുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്തുക എന്നതാണ് യോഗലക്ഷ്യം. വിപണനത്തിന്റെ ചുമതലയുള്ള മാസ്റ്റർ കർഷകൻ സ്വാശ്രയകർഷക സമിതി (വിഎഫ്പിസികെയുടെ നിയന്ത്രണത്തിലുള്ള കർഷകർ നടത്തുന്ന രജിസ്റ്റർ ചെയ്ത കർഷക വിപണി) യുടെ ഭരണ നിർവ്വഹണ സമിതിയിൽ അംഗമായിരിക്കും. മാസ്റ്റർ കർഷകരുടെ കാലാവധി 2 വർഷമായിരിക്കും. അതിനാൽ എല്ലാ അംഗങ്ങൾക്കും മാസ്റ്റർ കർഷകൻ ആകുന്നതിന് അവസരം ലഭിക്കുകയും ഇത് കർഷകരുടെയെല്ലാം ശാക്തീകരണത്തിനും അവരുടെ നേതൃത്വ പാടവം പരിപോഷിപ്പിക്കുന്നതിനും സഹായകമാകുകയും ചെയ്യുന്നു.

സ്വാശ്രയ സംഘത്തിന്റെ സുസ്ഥിരതയ്ക്ക് സംഘ

ത്തിന്റെ പ്രവർത്തനങ്ങൾ സുഗമമാക്കേണ്ടത് അത്യാവശ്യമാണ്. കൗൺസിൽ ഇതിൽ പ്രത്യേകം ശ്രദ്ധ വെയ്ക്കുന്നതിനാൽ കർഷകർക്ക് താഴെപ്പറയുന്ന പ്രയോജനങ്ങൾ ലഭിക്കുന്നു:

- കൃഷിരീതികൾ മെച്ചപ്പെടുത്തുന്നതിന് ഏറ്റവും മികച്ച സാങ്കേതികമായ അറിവ് ലഭിക്കുന്നു; അതു വഴി വരുമാനത്തിൽ വർദ്ധനയുണ്ടാകുന്നു.
- കൂട്ടായ വിപണനം എന്ന ആശയം നടപ്പിലാക്കുന്നതുകൊണ്ട് കർഷകരുടെ ഉൽപന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനായി വിലപേശുന്നതിനുള്ള അവസരം വർദ്ധിക്കുന്നു.
- പങ്കാളിത്ത വായ്പയും ഇൻഷ്വുറൻസ് പദ്ധതികളും നടപ്പിലാക്കുന്നതിനാൽ പ്രാദേശികമായി പണം വായ്പനൽകുന്നവരുടെ സ്വാധീനം കുറയുന്നു.
- മികച്ച രോഗ-കീടനിയന്ത്രണം സാധിക്കുന്നു.
- എല്ലാത്തിനുമുപരി സംഘാംഗങ്ങൾക്കിടയിൽ ഒത്തൊരുമയുണ്ടാകുന്നു.

**സംഘങ്ങൾ കൊണ്ടുള്ള ഗുണങ്ങൾ**

- കൂട്ടായി ചർച്ച ചെയ്ത് പ്രശ്ന പരിഹാരം കണ്ടെത്തുന്നതിനുള്ള പൊതുവേദി ലഭിക്കുന്നു.
- വിഎഫ്പിസികെയുടെ കൂട്ടായ വിപണനം എന്ന ആശയം സ്വാശ്രയസംഘങ്ങൾ അവലംബിച്ചതുകൊണ്ട് വിലപേശുവാനുള്ള അവസരങ്ങൾ വർദ്ധിക്കുകയും അവരുടെ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സൗകര്യങ്ങളും വിലയും ലഭിക്കുകയും ചെയ്യുന്നു.
- കാർഷികോപാധികൾ ഒന്നിച്ച് വാങ്ങുന്നതിനാൽ കൃഷിച്ചെലവ് കുറയുന്നു.
- വിഎഫ്പിസികെയുടെ പങ്കാളിത്ത വായ്പയും ഇൻഷ്വറൻസും സ്വാശ്രയ സംഘങ്ങൾ അവലംബിക്കുന്നത് കർഷക സംഘങ്ങൾക്ക് വായ്പ സൗകര്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും അനായാസം ലഭിക്കുവാൻ സഹായകമാകുന്നു. ബാങ്കുകൾ നൽകുന്ന വായ്പ ഉത്പാദന മേഖലയിൽതന്നെ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പുവരുത്തുവാനും സാധിക്കുന്നു.
- കർഷക സംഘങ്ങളുടെ മാസംതോറുമുള്ള യോഗങ്ങളിൽ വിഎഫ്പിസികെയ്ക്ക് കർഷകരുടെ ആവശ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുവാൻ അവസരം ലഭിക്കുന്നു.

വിഎഫ്പിസികെയുടെ ക്ലസ്റ്റർ പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ ഇതെല്ലാമാണ്. ഇതിനു സമാനമായ സ്വാശ്രയ സംഘങ്ങളും ക്ലസ്റ്ററുകളും നാളികേരം ഉൾപ്പെടെ വിവിധ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്കും ആരംഭിക്കാവുന്നതാണ്. അപ്രകാരം നമ്മുടെ രാജ്യത്തെ മൊത്തം കർഷക സമൂഹത്തിന് സംഘങ്ങളുടെ പ്രയോജനം ലഭിക്കും.

*ചീഫ് എക്സിക്യൂട്ടീവ് ആഫീസർ*
*വിഎഫ്പിസികെ, കാക്കനാട്, കൊച്ചി-37*



# തെങ്ങുകൃഷിയിൽ തിളങ്ങുന്ന കേര കേസരി

***കേരള സർക്കാരിന്റെ ഏറ്റവും നല്ല നാളികേര കർഷകനുള്ള ഈ വർഷത്തെ 'കേര കേസരി' അവാർഡ് ജേതാവാണ് കോഴിക്കോട് ജില്ലയിലെ ആനക്കാംപൊയിൽ സ്വദേശി ശ്രീ ഡൊമിനിക് മണ്ണുകുശുമ്പേൽ. മൂന്നേക്കർ റബർ തോട്ടം വെട്ടിവെളുപ്പിച്ച് തെങ്ങുനട്ടാണ് ഈ കുടിയേറ്റക്കാരൻ വിപ്ലവം സൃഷ്ടിച്ചത്***

ഏകദേശം 50 വർഷം മുൻപ് കോട്ടയം ജില്ലയിലെ മീനച്ചിൽ താലൂക്കിൽനിന്നും ആനക്കാംപൊയിലിലേയ്ക്ക് കൃഷിക്കായി കുടിയേറിയ കർഷക കുടുംബത്തിലെ അംഗമാണ് ശ്രീ. ഡൊമിനിക്ക്. പിതാവ് മാത്യു 12 വർഷം മുൻപ് മരിച്ചു. മാതാവ് ഏലിയാമ്മ ഡൊമിനിക്കിനോടൊപ്പം താമസിക്കുന്നു. കൂടാതെ ഭാര്യ എൽസിയും രണ്ടാൺമക്കളും മൂത്തമകന്റെ ഭാര്യയും രണ്ട് പേരക്കുട്ടികളും അടങ്ങിയതാണ് ഡൊമിനിക്കിന്റെ കുടുംബം.

***പൊതുവേ റബ്ബർ കൃഷിക്ക് അനുയോജ്യമെന്ന് കരുതുന്ന ആനക്കാംപൊയിലിൽ റബ്ബർ കൃഷി ഉപേക്ഷിച്ച് തെങ്ങ് കൃഷിയെ ആശ്രയിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്?***

റബ്ബർകൃഷി വേണ്ടെന്ന് വെയ്ക്കാനുള്ള പ്രധാന കാരണം തൊഴിലാളികളെ പ്രത്യേകിച്ച് റബ്ബർ ടാപ്പർമാരെ ആശ്രയിക്കാതെ ഈ കൃഷി മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കില്ല എന്നുള്ളതാണ്. തെങ്ങിനാണെങ്കിൽ തേങ്ങയിടുന്നതൊഴിച്ചുള്ള കൃഷിപണികൾ കർഷകർക്ക് നേരിട്ട് ചെയ്യുവാൻ കഴിയുന്നതിനാൽ തൊഴിലാളികളുടെ ആവശ്യം ചെറുകിട കർഷരെ സംബന്ധിച്ചിടത്തോളം തുലോം പരിമിതമാണ്. രണ്ട് മാസത്തിലൊരിക്കൽ തേങ്ങയിടുന്നതിൽ തീർച്ചയായും തെങ്ങുകയറ്റക്കാരുടെ സഹായം വേണമെങ്കിലും, മറ്റെല്ലാം ജോലികളും തന്നെ കർഷകർക്കും കുടുംബാംഗങ്ങൾക്കുംകൂടി കൂട്ടായി ചെയ്യാവുന്നതേയുള്ളൂ. കൂടാതെ റബ്ബറിൽനിന്നും വ്യത്യസ്തമായി ഒരു പുരുഷായുസോളം ഇടതടവില്ലാതെ തുടർച്ചയായി കിട്ടുന്ന വരുമാനം നാളികേരകൃഷിയുടെ ആകർഷണമാണ്. നാളികേരത്തിന് വിലത്തകർച്ച ഉണ്ടായാൽ തന്നെ, ഇടവിള കൃഷിക്ക് ഏറ്റവും അനുയോജ്യമായ വിളയായതിനാൽ, ഉചിതമായ ഇടവിള കൃഷി നടത്തുന്ന നാളികേര കർഷകർക്ക് അവരുടെ മൊത്തം കാർഷിക വരുമാനത്തിൽ കാര്യമായ കുറവുണ്ടാകാതെ പിടിച്ചുനിൽക്കുവാൻ കഴിയും, നല്ല രീതിയിൽ ഇടവിള കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ തെങ്ങിനായി പ്രത്യേക പരിചരണമോ വള പ്രയോഗമോ ഇല്ലാതെ തന്നെ സാമാന്യം നല്ല ഉത്പാദനക്ഷമത കൈവരിക്കുവാൻ കഴിയുകയും ചെയ്യും.

***താങ്കളുടെ കൃഷിയിടത്തിലെ പ്രധാനകൃഷികൾ എന്തൊക്കെയാണ്?***

എനിക്ക് സ്വന്തമായി 12 ഏക്കർ കൃഷിഭൂമിയുണ്ട്.



കേരകേസരി ശ്രീ. ഡൊമിനിക്

ഇത് ഏകദേശം മൂന്ന് ഏക്കറോളമുള്ള നാല് വേറിട്ട സ്ഥലങ്ങളായാണ് കിടക്കുന്നത്. ഏറ്റവും ദൂരെയുള്ള 3 ഏക്കർ സ്ഥലം വീടിരിക്കുന്ന സ്ഥലത്തുനിന്നും ഏകദേശം 750 മീറ്റർ അകലെയാണ്. എന്റെ കൃഷിയിടത്തിൽ നല്ല കായ്ഫലം തരുന്ന 450 തെങ്ങ് ഉണ്ട്. കൂടാതെ 150 അഞ്ച് വർഷം പ്രായമായ തെങ്ങിൻ തൈകളും ഉണ്ട്. തെങ്ങിൻ തൈകളെല്ലാം 3-ാം വർഷം തന്നെ കായ്ച്ചു തുടങ്ങിയതാണ്. ഇടവിളയായി എനിക്ക് 300 ജാതിയും, 1000 കൊക്കോയും, 60 ചുവട് കുരുമുളക് വള്ളിയും ഉണ്ട്. ഞാൻ കൃഷിയിടത്തിൽ റബ്ബർ കൃഷി ചെയ്യുന്നേയില്ല. എന്റെ തെങ്ങുകളിൽ കൂടുതലും നാടൻ തെങ്ങുകളാണ്. സങ്കരയിനം തുലോം കുറവാണ്.

***താങ്കളുടെ തനതു കൃഷിരീതികൾ എന്തെല്ലാമാണ്?***

ഞാൻ കൃഷിയിടത്തിൽ രാസവളം ഉപയോഗിക്കുന്നേയില്ല. തെങ്ങിൻ ചുവട്ടിൽ ചവറുകൾ ധാരാളമായി ഇടുന്നു. ചൂടിൽനിന്നും തെങ്ങിനെ സംരംക്ഷിക്കുവാൻ തെങ്ങിൻ ചുവട്ടിൽ വ്യാപകമായി ചകിരികൊണ്ട് പുതയിടുന്നു. കൂടാതെ മണ്ണിരകമ്പോസ്റ്റ്, ബയോഗ്യാസിന്റെ സ്ലറി, ചാണകം, എല്ലുപൊടി, കടലപിണ്ണാക്ക്, വേപ്പിൻ പിണ്ണാക്ക് എന്നിവയും തെങ്ങിന് നൽകുന്നുണ്ട്. 70 കിലോ വരുന്ന ഒരു ചാക്ക് കടലപിണ്ണാക്ക് ഒരു ക്വിന്റൽ എല്ലുപൊടിയും, ഒരു ക്വിന്റൽ വേപ്പിൻ പിണ്ണാക്കുമായി ചേർത്ത് ഒരു തെങ്ങിന് ഏകദേശം 8 കിലോയോളമാണ് കൊടുക്കുന്നത്. സ്വന്തമായി മണ്ണിരകമ്പോസ്റ്റ് യൂണിറ്റ് ഉണ്ട്. ഒരു വർഷം 5 ടൺ മണ്ണിരകമ്പോസ്റ്റ് കിട്ടുന്നുണ്ട്. ബയോഗ്യാസ് പ്ലാന്റും സ്വന്തമായി ഉണ്ട്. അതിന്റെ സ്ലറി



*ഡൊമിനിക്കിന്റെ തെങ്ങിൻതോപ്പ്*

മോട്ടോറുപയോഗിച്ച് തെങ്ങിൻ ചുവട്ടിലേയ്ക്ക് നേരിട്ട് അടിച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. കൂടാതെ പൊട്ടാഷിന് പകരമായി ചായചണ്ടിയും, ചാരവും, ഹോട്ടലുകളിൽ നിന്നും മറ്റുമായി വാങ്ങി കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്നുണ്ട്.

***ജലസേചനം എങ്ങിനെയാണ് നടത്തുന്നത്?***

എന്റെ 12 ഏക്കർ സ്ഥലത്തിൽ ഏകദേശം പകുതിയോളം സ്ഥലത്ത് ജലസേചനത്തിനുള്ള സൗകര്യം ഉണ്ട്. സ്പ്രിംഗ്ളർ ഉപയോഗിച്ചാണ് നനയ്ക്കുന്നത്. രണ്ട് കുളമുള്ളതിനാൽ വീട് ഇരിക്കുന്ന സ്ഥലത്തും, അതിനോട് അടുത്ത സ്ഥലത്തും വേനൽക്കാലത്ത് ജലസേചനം നടത്തുവാൻ കഴിയുന്നുണ്ട്. എന്നാൽ മറ്റു രണ്ട് സ്ഥലത്തും ജലസേചനം ചെയ്യുവാൻ സൗകര്യം ഇല്ല. നല്ല രീതിയിൽ തൊണ്ടുകൊണ്ട് പുതയിടുന്നതിനാൽ തെങ്ങിനെ വരൾച്ച കാര്യമായി ബാധിക്കുന്നതേയില്ല. എനിക്ക് ജലസേചനമില്ലാത്ത രണ്ട് സ്ഥലത്തുനിന്നും നല്ല ഉത്പാദനം ലഭിക്കുന്നുണ്ട്. കൃഷിഭൂമി നിരപ്പില്ലാത്തതും പാറകൾ നിറഞ്ഞതുമായിരുന്നു. അതിനാൽ കൃഷിഭൂമി തട്ടുകളായി തീർത്താണ് കൃഷി ചെയ്തിരിക്കുന്നത്. ഞാൻ നാളികേരകൃഷി ആരംഭിച്ചപ്പോൾ, ഈ ഭൂമി നാളികേരകൃഷിക്ക് യോജിച്ചത് അല്ലാത്തതിനാൽ അതിന് തുനിയരുതെന്ന് എന്റെ അയൽവാസികളും സുഹൃത്തുക്കളും ഉപദേശിച്ചിരുന്നു. ഭൂമി അത്ര അനുയോജ്യമല്ലാത്തതിനാൽ മൂന്ന് ഇരട്ടിയോളം വലിയ കുഴികൾ എടുത്ത് ജൈവവളങ്ങൾ നിറച്ചാണ് തെങ്ങ് നട്ടത്.

***തെങ്ങിൽനിന്നും എത്ര വിളവ് കിട്ടുന്നുണ്ട് ഇപ്പോൾ? ഉൽപന്നം എങ്ങിനെയാണ് വിപണനം ചെയ്യുന്നത്?***

ഇപ്പോൾ പ്രതിവർഷം 75,000 നാളികേരം ലഭിക്കുന്നുണ്ട്. കഴിഞ്ഞ കുറേ വർഷങ്ങളായി വിളവിൽ കാര്യമായ വ്യതിയാനം കാണുന്നില്ല. നേരത്തേ നാളികേരം കൊപ്രയാക്കിയതിനുശേഷമായിരുന്നു കൊടുത്തിരുന്നത്. എന്നാൽ അട്ടി പഴകി നശിച്ചു പോയതിനാൽ ഇപ്പോൾ തേങ്ങയായിത്തന്നെ വിൽക്കുന്നു. ഇപ്പോഴും തേങ്ങ എണ്ണത്തിനാണ് കൊടുക്കുന്നത്. ഇവിടെ പൊതുവെ തൂക്കത്തിനാണ് തേങ്ങ കച്ചവടക്കാർ എടുക്കുന്നതെങ്കിലും എന്റെ തേങ്ങ എണ്ണത്തിനാണ് എടുക്കുന്നത്. ഇപ്പോൾ ഒരു തേങ്ങയ്ക്ക് 10 രൂപ 40 പൈസ ലഭിക്കുന്നുണ്ട്. കരിക്കിന് പൊതുവേ നല്ല വിലയുണ്ടെങ്കിലും, വിപണനത്തിനുള്ള സൗകര്യക്കുറവ് മൂലം കരിക്കായി വിൽക്കുവാൻ കഴിയുന്നില്ല. എന്നാൽ താമസിയാതെതന്നെ അയ്യായിരം തേങ്ങയോളം കൊപ്രയാക്കി മാറ്റുവാൻ കഴിയുന്ന ഡ്രയർ സ്ഥാപിച്ച് ലഭിക്കുന്ന നാളികേരം കൊപ്രയാക്കുവാനും, പിന്നീട് വെളിച്ചെണ്ണയാക്കി വിപണനം നടത്തണമെന്നും വിചാരിക്കുന്നു. സമീപവാസികളായ കർഷകരുടെ നാളികേരവും കൂടി എടുത്ത് അധിക സംസ്കരണശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. എനിക്ക് തോട്ടത്തിൽ ഇപ്പോൾ പ്രതിവർഷം 450 ഓളം തേങ്ങ കിട്ടുന്ന 20ലേറെ തെങ്ങുകൾ ഉണ്ട്.

***ഇടവിളകളിൽ നിന്നും എത്ര ആദായം പ്രതിവർഷം ലഭിക്കുന്നുണ്ട്?***

എനിക്ക് 300 കായ്ഫലം നൽകുന്ന ജാതിമരങ്ങളുണ്ട്. ഒരു മരത്തിൽ നിന്ന് ശരാശരി 1000 കായ ലഭിക്കുന്നുണ്ട്. ഒരു കായ്ക്ക് 3 രൂപ നിരക്കിലാണ് ഇപ്പോൾ ലഭിക്കുന്നത്. ജാതിയുടെ മാത്രം വരുമാനമായി ഏകദേശം 9 ലക്ഷം രൂപയോളം ലഭിക്കുന്നുണ്ട്. കൊക്കോ കായ ഉണക്കിയാണ് കൊടുക്കാറുള്ളത്. 2½കിലോ പച്ചക്കായ ഉണക്കിയാൽ ഒരു കിലോ ഉണക്കപരിപ്പ് കിട്ടുന്നു. ഒരു കിലോ ഉണക്കപ്പരിപ്പിന് ഇപ്പോൾ 155 രൂപ വിലയുണ്ട്. ഏകദേശം ഒരു വർഷം എനിക്ക് 75,000 രൂപ കൊക്കോയിൽനിന്നും വരുമാനം ലഭിക്കുന്നുണ്ട്. വർഷത്തിൽ എനിക്ക് ഏകദേശം രണ്ട് ക്വിന്റൽ കുരുമുളക് കിട്ടുന്നുണ്ട്.

***കാർഷിക പ്രവർത്തനങ്ങളിൽ കുടുംബാംഗങ്ങളുടെ സഹകരണം എങ്ങിനെയാണ്?***

എന്റെ എല്ലാ കാർഷിക പ്രവർത്തനങ്ങളിലും കുടുംബാംഗങ്ങളുടെ പരിപൂർണ്ണ സഹകരണം ലഭിക്കുന്നുണ്ട്. 70 വയസ്സ് കഴിഞ്ഞ അമ്മയാണ് പറമ്പിലൂടെ നടന്ന് ജാതിക്ക ശേഖരിക്കുന്നത്. എന്റെ മൂത്തമകൻ രാവിലെ ഞങ്ങൾക്കുള്ള ആറു പശുക്കളെയും കറന്നതിനുശേഷം മാത്രമേ അവന്റെ



*കേരസമൃദ്ധി*



ഇടവിളയായി ജാതി

ജോലിക്കായി പോകുകയുള്ളു. ഭാര്യയാണെങ്കിൽ എന്റെ നിഴൽപോലെ എല്ലാ ജോലിയിലും സഹായിക്കാൻ എന്നോടൊപ്പം ഉണ്ട്. തെങ്ങ് കയറ്റം ഒഴിച്ചുള്ള എല്ലാ ജോലികളും ഞങ്ങൾ തന്നെ ചെയ്യുന്നു. തീരെ ഒഴിച്ചു ഇടാൻ പറ്റാത്ത സന്ദർഭങ്ങളിൽ മാത്രമേ കൂലിക്കാരെ ആശ്രയിക്കാറുള്ളു.

***താങ്കളുടെ കാഴ്ചപ്പാടിൽ നാളികേര ഉത്പാദന സംഘത്തിന്റെ പ്രസക്തിയെന്താണ്?***

നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹരിത നാളികേര വികസന സൊസൈറ്റി, ആനക്കാംപൊയിലിന്റെ പ്രസിഡന്റാണ് ഞാൻ. നാളികേരം പോലെ തുണ്ടുഭൂമിയിൽ കൃഷി ചെയ്യുന്ന വിളകളുടെ ഉത്പാദകർ ഒത്തൊരുമയോടെ സംഘടിച്ച് പ്രവർത്തിച്ചാൽ മാത്രമേ ഈ രംഗത്ത് വിജയം കൈവരിക്കുവാൻ സാധിക്കുകയുള്ളു. എന്നു വിശ്വസിക്കുന്ന ആളാണ് ഞാൻ. ഇത്തരം കൂട്ടായ്മകളിലൂടെ കർഷകന്റെ ഉൽപന്നങ്ങൾ സ്വരൂപിച്ച് വിപണനം നടത്തുവാനോ, സാധിക്കുന്നിടത്ത് പ്രാഥമിക സംസ്കരണം നടത്തി മൂല്യവർധന വരുത്തി വിപണനം നടത്തുവാനോ താരതമ്യേന എളുപ്പമായിരിക്കും. ഇങ്ങനെ സ്വരൂപിച്ച് വിപണനം നടത്തുമ്പോൾ ഉയർന്ന വില നേടിയെടുക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാർഷിക പ്രവർത്തനങ്ങൾ ഒരുമിച്ച് നടത്തുന്നത് കൃഷി ചിലവ് കുറയ്ക്കാൻ ഉപകരിക്കും. കൂട്ടായ്മയിലെ കർഷകർക്ക് അവരുടെ നാളികേരം ഗുണനിലവാരമുള്ള കൊപ്രയാക്കി മാറ്റുവാൻ കഴിഞ്ഞാൽ, നാളികേരത്തിന് വിലത്തകർച്ചയുണ്ടാകുമ്പോൾ കൊപ്രയുണ്ടാക്കി വർഷാവർഷം സർക്കാർ നിശ്ചയിക്കുന്ന താങ്ങുവിലയുടെ ആനുകൂല്യം നേടിയെടുക്കുവാൻ സാധിക്കും. മുൻ വർഷങ്ങളിലൊന്നും ഈ ആനുകൂല്യം കേരളത്തിലെ കർഷകർക്ക് കിട്ടിയിട്ടില്ലെന്നതാണ് വാസ്തവം. കൂട്ടായ്മയിലൂടെ നാളികേര കർഷകരും ശക്തരായാൽ നാളികേരത്തിന്റെ വിലയിലുണ്ടാകുന്ന അടിക്കടിയുള്ള വ്യതിയാനം ഒരു പരിധിവരെ പിടിച്ചു നിർത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഇപ്പോൾ നാളികേരത്തിന്റെയും അതിന്റെ ഉൽപന്നങ്ങളുടെയും വില നിർണ്ണയത്തിൽ കർഷകർ തികച്ചും നിസ്സഹായരാണ്. വൻകിടക്കാരുടെ കാരുണ്യത്തിലാണ് പലപ്പോഴും വിലനിർണ്ണയം. ഈ അവസ്ഥയ്ക്ക് ഒരു മാറ്റം വരുവാൻ ഉത്പാദക സംഘങ്ങൾ വ്യാപകമാകുന്നത് ഉപകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

***നാളികേരകൃഷിയുടെ ഭാവിയെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്ത്?***

നാളികേരത്തിന് മുൻകാലങ്ങളിലുണ്ടായിട്ടുള്ളതു പോലെയുള്ള ഒരു വിലയിടിവ് ഞാൻ ഇനി പ്രതീക്ഷിക്കുന്നില്ല. നാളികേരം ഉത്പാദിപ്പിക്കുന്ന സംസ്ഥാനങ്ങളിലും മറ്റു പട്ടണങ്ങളിലും കരിക്കിന്റെ ഉപഭോഗം കാര്യമായി വർദ്ധിച്ചിട്ടുണ്ട്. കേരളത്തിൽ മഴക്കാലത്ത് പോലും കരിക്ക് കച്ചവടം തകൃതിയായി നടക്കുന്നു. ഉപഭോക്താക്കൾ വിലക്കുറവിലുപരി, ഗുണനിലവാരത്തിന് പ്രാധാന്യം കൊടുക്കുന്നതിനാൽ പ്രാദേശികമായി സൽപേരുള്ള വെളിച്ചെണ്ണ ഉത്പാദകർക്കെല്ലാം വിലവർദ്ധിച്ചില്ലെങ്കിലും. അവരുടെ ഉൽപന്നങ്ങൾ വിൽക്കുവാൻ യാതൊരുവിധ ബുദ്ധിമുട്ടും നേരിടുന്നില്ലെന്നത് വാസ്തവമാണ്. പച്ചത്തേങ്ങയുടെ കയറ്റുമതിയിൽ അഭൂതപൂർവ്വമായ വളർച്ച ഈ കഴിഞ്ഞ വർഷം മുതൽ കാണുന്നുണ്ട്. ഇതും ഒരളവുവരെ നാളികേരത്തിന് കൂടുതൽ മൂല്യവർദ്ധനവ് നൽകി. ലോകനിലവാരത്തിലുള്ള ഉൽപന്നങ്ങൾ നിര്മ്മിച്ച് കയറ്റുമതി ചെയ്യുവാൻ കഴിഞ്ഞാൽ ഈ രംഗത്ത് ഇനിയും വളരെയധികം നേട്ടങ്ങൾ കൊയ്യുവാൻ നമുക്ക് കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

*നാളികേര വികസന ബോർഡ് അസിസ്റ്റന്റ് മാർക്കറ്റിംഗ് ആഫീസർ ശ്രീ കെ.എസ്. സെബാസ്റ്റ്യനും ടെക്നിക്കൽ ആഫീസർ ശ്രീമതി കെ. മൃദുലയും നടത്തിയ അഭിമുഖം*

## ലോക കേരദിനവും ദേശീയ അവാർഡ് വിതരണവും

നാളികേര വികസന ബോർഡ് ലോക കേരദിനാഘോഷത്തിന്റെ ഭാഗമായി 2011 സെപ്തംബർ 2-3 തീയതികളിലായി ആസ്സാമിലെ ഗുവാഹട്ടിയിൽ ദേശീയ അവാർഡ് വിതരണവും പൊതുസമ്മേളനവും സംഘടിപ്പിക്കുന്നു. കൃഷിയിലും വ്യവസായത്തിലും വ്യത്യസ്ത മേഖലകളിൽ മികവ് തെളിയിച്ച 15 വ്യക്തി/ സ്ഥാപനങ്ങളെ ചടങ്ങിൽ ദേശീയ അവാർഡ് നൽകി ആദരിക്കുന്നു. സമ്മേളനത്തോടനുബന്ധിച്ച് കേരോത്സവവും സംഘടിപ്പിക്കുന്നുണ്ട്. കേരോത്സവത്തിൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള സംരംഭകരുടെ ഉൽപന്നങ്ങളുടെ പ്രദർശനവും വിപണനവും ഒരുക്കുന്നുണ്ട്.

# ഒന്നായാൽ നന്നായി, നന്നായാൽ കരുത്തായി

ദീപ്തി നായർ എസ്

കാർഷിക വൃത്തിയിലധിഷ്ഠിതമായ ഒരു സമ്പദ്ഘടനയാണ് നമുക്കുള്ളത്. ഭൂരിപക്ഷം വരുന്ന ഈ സമൂഹം കാർഷികവൃത്തികൊണ്ടാണ് ഉപജീവനം നടത്തുന്നത്. എന്നാൽ നമ്മുടെ കാർഷികരംഗം പല തരത്തിലുള്ള വെല്ലുവിളികൾ നേരിടുന്നു. കാർഷിക വളർച്ചാനിരക്ക് വർഷംതോറും കുറഞ്ഞു വരുന്ന പ്രവണതയാണ് കാണുന്നത്. കാർഷിക വികസനത്തിനായി നമ്മുടെ ഭരണകർത്താക്കൾ പലതരം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കാർഷിക കടങ്ങൾ എഴുതിതള്ളുക, താങ്ങുവില പ്രഖ്യാപിക്കുക തുടങ്ങിയ നയങ്ങൾ കർഷകരെ ദുരിതത്തിൽനിന്നു കരകയറ്റാനായി സർക്കാർ ആവിഷ്ക്കരിക്കുന്നതാണ്. എന്നാൽ ഇവ കേവലം വേദന സംഹാരികളുടെ പ്രയോജനം മാത്രമേ ചെയ്യുന്നുള്ളൂ. യഥാർത്ഥ രോഗത്തിനുള്ള ചികിത്സയാവുന്നില്ല. കുറഞ്ഞ ഉത്പാദനക്ഷമതയും കുറഞ്ഞ വിലയും ഉയർന്ന ഉത്പാദനച്ചെലവുമാണ് യഥാർത്ഥരോഗം. കർഷകരെ ഒരുമിച്ചുനിർത്തി അവരുടെ പങ്കാളിത്തത്തോടു കൂടി ആഗോളനിലവാരത്തിനനുസൃതമായ ഗുണമേന്മയോടു കൂടിയ ഉത്പാദനം, മൂല്യവർദ്ധന, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുക എന്നതാണ് മേൽ പറഞ്ഞ പ്രശ്നത്തിനുള്ള ഫലപ്രദമായ പോംവഴി. കൂട്ടായ്മയിലൂന്നിയുള്ള കർഷക ശാക്തീകരണം, ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള യന്ത്രവൽക്കരണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ മാത്രമേ നമ്മുടെ കാർഷികോൽപ്പന്നങ്ങൾ ആഗോള കമ്പോളത്തിൽ പിടിച്ചു നിൽക്കാനാവൂ ഈ ലക്ഷ്യത്തോടുകൂടിയുള്ള നയപരിപാടികളാണ് നമുക്കിന്നാവശ്യം.

സ്വാതന്ത്ര്യാനന്തരം ഭക്ഷ്യദൗർലഭ്യം പരിഹരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഹരിതവിപ്ലവം നടപ്പിലാക്കിയത്. ഇതിന്റെ ഫലമായി ആഭ്യന്തര ഉപഭോഗത്തിന്റെ ആവശ്യകതയ്ക്കുപരിയായി ഉത്പാദനം വർദ്ധിപ്പിക്കുവാൻ സാധിച്ചു. വിപണിയുടെ ആവശ്യകതയ്ക്കനുസൃതമായി ഉത്പാദനം ക്രമീകരിച്ചാൽ മാത്രമേ ഉൽപന്നത്തിന് മെച്ചപ്പെട്ട വില ലഭിക്കുകയുള്ളൂ എന്ന സത്യം നാം തുടർന്ന് മനസ്സിലാക്കി ലോകം ഒരു വിപണിയായി മാറിയപ്പോൾ ഗുണമേന്മയില്ലാത്ത ഉൽപന്നത്തിന് അവിടെ സ്ഥാനമില്ല എന്നു നാം അറിഞ്ഞു. അതുകൊണ്ടാണ് കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ മറ്റു വികസ്വര രാജ്യങ്ങൾ നമ്മെ ബഹുദൂരം പിന്തള്ളിയത്. കാർഷികവിളകളുടെ ഉത്പാദനത്തിൽ നാം മുന്നിലാണെങ്കിലും വിളവെടുപ്പനന്തര നഷ്ടങ്ങളും സംഭരണത്തിനും സംസ്ക്കരണത്തിനുമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും നമ്മുടെ മുന്നോട്ടുള്ള പ്രയാണത്തെ തടസ്സപ്പെടുത്തുന്നു. ഇതിനൊക്കെയുപരിയായി അസംഘടിതരായ ചെറുകിട നാമമാത്ര കർഷകരും ചിതറിക്കിടക്കുന്ന കൃഷിയിടങ്ങളും കാർഷിക മേഖലയുടെ സമൂല വികസനത്തെ പ്രത്യേകിച്ച് നമ്മുടെ പ്രയത്നങ്ങളെ മന്ദീഭവിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ കേരകർഷകരുടെ സമഗ്രപുരോഗതിയ്ക്കുവേണ്ടി നടപ്പിലാക്കാവുന്ന ചില പദ്ധതികളിലേക്ക് കണ്ണോടിക്കാം.

### കേരകൃഷിയിലെ സങ്കീർണ്ണതകൾ

പരമ്പരാഗതമായി കേരകൃഷിയിലേർപ്പെടുന്ന കേരളം, വടക്കു കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലൊക്കെ കൃഷിയിടങ്ങൾ നാമമാത്രവും ചിതറിക്കിടക്കുന്നവയുമാണ്. മാത്രമല്ല ഇവിടെയൊന്നും വാണിജ്യാടിസ്ഥാനത്തിലുള്ള കൃഷിയല്ല പിൻതുടരുന്നത്! ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നില്ല എന്നു മാത്രമല്ല നല്ല വില ലഭിക്കുമ്പോൾ കൃഷിയിടം സംരക്ഷിക്കുകയും വിലയിടിയുമ്പോൾ ഉപേക്ഷിക്കുകയും ചെയ്യുന്ന പ്രവണതയും കണ്ടുവരുന്നു. പ്രായം കൂടിയതും കായ്ഫലം കുറഞ്ഞതുമായ തെങ്ങുകൾ നിലനിർത്തുന്നത് വഴി ഉത്പാദനം പ്രതീക്ഷിക്കുന്ന തോതിൽ ഉണ്ടാകുന്നില്ല. കർഷകൻ പ്രതീക്ഷിക്കുന്ന വരുമാനം ലഭിക്കുന്നില്ല. കൂടാതെ പ്രാരംഭഘട്ടത്തിലെ നിക്ഷേപത്തിനനുസൃതമായ വരുമാനം ലഭിക്കുന്നതിന് കാലതാമസമെടുക്കുന്നു എന്നത് ഈ മേഖലയിലേയ്ക്ക് കർഷകരെ ആകർഷിക്കുന്നില്ല. വിലയിലെ അസ്ഥിരത, പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുന്നു. തമിഴ്നാട്, കർണ്ണാടകം തുടങ്ങിയ സംസ്ഥാനങ്ങളിലെ കർഷകർ കേരകൃഷി വാണിജ്യാടിസ്ഥാനത്തിലാണ് നടപ്പാക്കുന്നതെങ്കിലും വിലയിലെ അസ്ഥിരത ഇവിടെയും ഒരു സാധാരണ പ്രതിഭാസമാകുന്നു.

നാളികേരത്തിന്റെ വിപണനത്തിലും ചിതറി കിടക്കുന്ന ചെറുകിടനാമമാത്ര കൃഷിയിടങ്ങൾ ഉൽപന്ന സംഭരണത്തിന് തടസ്സമാകുന്നു. ഒറ്റപ്പെട്ട കർഷകന് വില പേശാൻ കഴിയില്ലെന്ന് മാത്രമല്ല, ഇടനിലക്കാരുടെയും കമ്മീഷൻ ഏജന്റുമാരുടെയും ചൂഷണത്തിനും വിധേയനാകുന്നു. കൂടുതൽ ഉത്പാദനമുണ്ടാവുന്ന മാസങ്ങളിൽ വരവ് അധികമാകുന്നതിനാൽ കർഷകൻ കിട്ടുന്ന വിലയ്ക്ക് വിൽക്കുന്നതിന് നിർബന്ധിതനാകുന്നു.

ഉൽപന്ന വൈവിദ്ധ്യവൽക്കരണവും മൂല്യവർദ്ധനയും ഇത്തരം അവസരങ്ങളിൽ ഗുണകരമാവുമെങ്കിലും ചെറുകിട കർഷകർക്ക് ഇത്തരം സംരംഭങ്ങളിൽ ഏർപ്പെടുന്നതിന് കടമ്പകൾ ഏറെയാണ്. നാളികേരത്തിന്റെ വില വെളിച്ചെണ്ണയുടെ വിലയെ ആശ്രയിച്ചിരിക്കുന്നു. വെളിച്ചെണ്ണയുടെ വിലയാകട്ടെ മറ്റു ഭക്ഷ്യഎണ്ണകളുടെ വിലകളെയും. ലോക വിപണിയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും നയപ്രഖ്യാപനങ്ങളും വെളിച്ചെണ്ണയുടെ വിലയെ പിടിച്ചുലയ്ക്കുന്നു. പാമോയിലിന്റെ സുഗമമായ ഇറക്കുമതി വെളിച്ചെണ്ണയുടെ വിപണി സാധ്യതകളെ തകർക്കുകയും ചെയ്യുന്നു.

നാളികേരത്തിൽനിന്ന് വിവിധതരത്തിലുള്ള ഉൽപന്നങ്ങൾ സാധ്യമാണ് എങ്കിലും പരിമിതമായ തോതിൽ പായ്ക്ക് ചെയ്ത ഇളനീരിന്റെയും ഡെസ്സിക്കേറ്റഡ് നാളികേരപ്പൊടി, നാളികേര ചിപ്സ് തുടങ്ങിയവയുടെയും ഉത്പാദനമല്ലാതെ മറ്റ് മൂല്യവർദ്ധിത ഉൽപന്നങ്ങൾ ഉണ്ടാകുന്നില്ല. നാളികേരത്തിന്റെ ഉപോൽപന്നങ്ങളായ തൊണ്ട്, ചിരട്ട തുടങ്ങിയവ കയറുൽപാദനത്തിലും ആക്ടിവേറ്റഡ് കാർബൺ ഉത്പാദനത്തിനും ആവശ്യമായ അസംസ്കൃത വസ്തുക്കളാണെങ്കിലും ഇവയ്ക്ക് ഒരു കേന്ദ്രീകൃത വിപണി ഇല്ല. ഉൽപ്പന്ന വൈവിധ്യവത്കരണത്തിനാവശ്യമായ നൂതന സാങ്കേതിക വിദ്യകളെക്കുറിച്ചുള്ള അവബോധം കർഷകരുടെയിടയിൽ കുറവാണ് എന്നതു ഒരു നഗ്ന സത്യമാണ്. ഈ സാഹചര്യത്തിൽ നാളികേരകൃഷിയിൽ സമഗ്രവികസനത്തിനുള്ള ഒരു ആസൂത്രിത പരിശ്രമമാണ് ആവശ്യമായിട്ടുള്ളത്. സുസ്ഥിരമായ വികസനം ലക്ഷ്യമാക്കിയുള്ള ഈ പരിശ്രമത്തിന്റെ അടിസ്ഥാന ശിലയായി വരേണ്ടത് കർഷകരെ കേന്ദ്രീകരിച്ചുള്ള സ്ഥാപനങ്ങളും.

**നാളികേര ഉത്പാദക സംഘങ്ങൾ**

സബ്സിഡികളില്ലാതെ, വിജ്ഞാനദായകമായ ഒരു കർഷക കേന്ദ്രീകൃത പ്രവർത്തനമാണ് നാളികേര ഉത്പാദക സംഘങ്ങളിലൂടെ ബോർഡ് വിഭാവനം ചെയ്യുന്നത്. ഉത്പാദനം മുതൽ വിപണനംവരെ കൂട്ടായ്മയോടും ഒത്തൊരുമയോടുംകൂടി പ്രവർത്തിക്കുന്ന കർഷക സംഘങ്ങൾ രൂപീകരിക്കുന്നതിലൂടെ ഒരു നൂതന കാർഷിക സംസ്ക്കാരമാണ് ഉദയം ചെയ്യുന്നത്. കർഷകരുടെ ഇടയിൽ ഒത്തൊരുമിച്ചിരുന്ന് പ്രശ്നങ്ങൾ ചർച്ച ചെയ്ത്, വിശകലനം ചെയ്ത് പ്രശ്നപരിഹാരം കാണുന്ന ഒരു ശീലം വളർത്തിയെടുക്കാനായാൽ എന്തിനും ഏതിനും സർക്കാരിനെ ആശ്രയിക്കുക അഥവാ സർക്കാർ നടപടികൾക്കായി കാത്തിരിക്കുക എന്ന പ്രവണത മാറ്റിയെടുക്കാനാകും. ഇത്തരം കൂട്ടായ സംരംഭങ്ങൾക്ക് സ്ഥിരത ഉണ്ടാകുമെന്നുമാത്രമല്ല ആത്മവിശ്വാസമുള്ള ഒരു കർഷക സമൂഹത്തെ വാർത്തെടുക്കാനുമാകും. കൃഷിയെ ഒരു വ്യവസായമായികണ്ട്, വിപണിയിലെ സാദ്ധ്യതകൾ വിലയിരുത്തി, ആവശ്യകതകൾക്കനുസരിച്ച് ഉൽപ്പന്ന വൈവിധ്യവൽക്കരണം നടത്തി, നാളികേരകൃഷി കൂടുതൽ ജനങ്ങളെ ആകർഷിക്കുന്ന ഒരു സംരംഭമായി മാറ്റുന്ന തരത്തിൽ പ്രവർത്തിക്കുന്ന കർഷകരാണ് ഇതിന്റെ ആവശ്യം. ബോർഡ് വിഭാവനം ചെയ്യുന്ന നാളികേര ഉത്പാദക സൊസൈറ്റികളിൽ വ്യക്തമായ അതിരുകളുള്ള, ഒരു നിശ്ചിത വിസ്തൃതിക്കുള്ളിൽ കൃഷി ചെയ്യുന്ന 40 മുതൽ 100 വരെ കർഷകരാണുണ്ടാവുക. ഈ കർഷകർ ഒരുമിച്ച് പദ്ധതികളുണ്ടാക്കാനും, ഒരുമിച്ച് കാർഷിക വൃത്തികൾ നടപ്പിലാക്കാനും ഒരുമിച്ച് ഗുണമേന്മയുള്ള ഉൽപാദനോപാധികൾ വാങ്ങാനും ഒരുമിച്ച് ഉൽപ്പന്നം സംഭരിച്ച് വിലപേശി കൂട്ടായി വിപണനം ചെയ്യുവാനും, ചെറുകിട സംസ്ക്കരണ സംരംഭങ്ങൾ ആരംഭിക്കാനും ഉപോൽപ്പന്നങ്ങൾ വരുമാനദായകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാനുമുള്ള ഒരു തട്ടകമാകുന്നു നാളികേര ഉത്പാദക സൊസൈറ്റികൾ. വിവിധ രാഷ്ട്രീയ മതപര വ്യക്തിഗതസ്വാർത്ഥ ചിന്തകൾക്കതീതമായുണ്ടാകുന്ന ഇത്തരം കൂട്ടായ്മകൾ ദീർഘനാൾ നിലകൊള്ളും.

കർഷക പങ്കാളിത്തത്തോടുകൂടി കൂട്ടായി ഉത്പാദന പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനാണ് നാളികേരക്ലസ്റ്ററുകൾ ബോർഡ് രൂപീകരിച്ചത് ക്ലസ്റ്ററുകളിലൂടെ നൂതന സാങ്കേതികവിദ്യകൾ നടപ്പിലാക്കി എന്ന് മാത്രമല്ല. ഉത്പാദന ചെലവ് കുറയ്ക്കാനും, ഉത്പാദനോപാധികൾ വേണ്ട അളവിൽ ഉപയോഗിച്ച് ശാസ്ത്രീയമായ രീതിയിൽ കൃഷിയിറക്കാനും കർഷകരെ പ്രാപ്തരാക്കി. ഈ നാളികേര ക്ലസ്റ്ററുകളുടെ അടുത്ത പടിയായിട്ടാണ് നാളികേ ഉത്പാദക സൊസൈറ്റികൾ ബോർഡ് രൂപീകരിച്ചിരിക്കുന്നത്. നാളികേര ഉത്പാദക സൊസൈറ്റികളിലൂടെ ബോർഡ് താഴെ പറയുന്ന ലക്ഷ്യങ്ങളാണ് വിഭാവനം ചെയ്യുന്നത്.

**സമൂല വളർച്ച:** വിപണിയുടെയും ഉപഭോക്താവിന്റെയും താൽപര്യങ്ങളും ആവശ്യങ്ങളും അറിഞ്ഞ് ഉൽപാദനം ആസൂത്രിതമായി ക്രമീകരിക്കുന്ന ഒരു കാർഷിക രീതിയായിരിക്കണം നാം വികസിപ്പിക്കേണ്ടത്. ഇതിനായി കർഷകരുടെ ഒരു ശക്തമായ ശൃംഖല രൂപീകരിച്ച് ഉത്പാദനത്തിന്റെ അളവും വിളവെടുപ്പിന്റെ കാലാവധിയും, സമയവും വിപണിയിലേക്കുള്ള ഉൽപ്പന്നത്തിന്റെ യളവും ക്രമീകരിക്കണം. ഇത് ശക്തമായ ഒരു വിപണന സംസ്ക്കാരത്തിലേക്ക് വഴി തെളിക്കും. NDDB, ITC, AMUL, HOPCOMS, RYTHU BAZAR, RUBBER BOARD, VFPCK എന്നിങ്ങനെ വിജയകരമായി പ്രവർത്തനം കാഴ്ചവച്ച വിപണന മാതൃകകളെല്ലാം തന്നെ കർഷകരെ ഉൾപ്പെടുത്തി സമൂലമായ ഒരു വികസനത്തിലൂടെയാണ് ഇത് സാദ്ധ്യമാക്കിയത്. ഉൽപന്നത്തിനെ മൊത്തമായ ഒരു കാഴ്ചപ്പാടിൽ കണ്ട്, വിപണന ശൃംഖല ശക്തിപ്പെടുത്തി, ഉത്പാദകരിലൂടെ വിപണി ആശ്രിത ഉത്പാദനം ക്രമീകരിച്ച്, വിപണി

യിലെ ഏറ്റക്കുറിച്ചിലുകൾ സ്വയം മനസ്സിലാക്കി പ്രവർത്തനങ്ങളിൽ വേണ്ട മാറ്റങ്ങൾ വരുത്തി, സ്വയം പര്യാപ്തരാകുന്ന ഒരു കർഷക സമൂഹമായിരിക്കും ബോർഡിന്റെ നാളികേര ഉത്പാദക സംഘങ്ങൾ.

**കൂട്ടായ സമീപനം:** കൃഷിയിറക്കുന്ന പ്രവർത്തനങ്ങൾ തുടങ്ങി വിപണിയിൽ, ഉൽപ്പന്നം വിറ്റഴിക്കുന്നതു വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഒരുമിച്ച് ചെയ്യുക. കാർഷിക പ്രവർത്തനങ്ങളിൽ കർഷകർ ഒരുമിക്കുമ്പോൾ ചെലവുകൾ കുറയ്ക്കാനാകുന്നു, തൊഴിലാളികളെ മെച്ചപ്പെട്ട രീതിയിൽ വിവിധ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നു, മെച്ചപ്പെട്ട ഗുണമേന്മയുള്ള ഉത്പാദനോപാധികൾ വാങ്ങാനാകുന്നു, കൃഷിരീതികൾ ശാസ്ത്രീയമായി നടപ്പിലാക്കാനാകുന്നു. കീടരോഗബാധ കുറയ്ക്കാനാകുന്നു. അങ്ങനെ മെച്ചപ്പെട്ട ഉത്പാദനം സാധ്യമാകുന്നു. കൂട്ടായി വിപണനം ചെയ്യുമ്പോൾ വിപണനത്തിനാവശ്യമായ അളവിലുള്ള ഉൽപ്പന്ന സംഭരണം സാധ്യമാകുന്നു. ഒറ്റയ്ക്കുള്ള കർഷകനെക്കാൾ ഒരുമയുള്ള കർഷകരുടെ വിലപേശൽ കഴിവ് കൂടുതലാണ്. കയറ്റുമതിക്കാർ, മൂല്യവർദ്ധിതയൂണിറ്റുകൾ, മൊത്തകച്ചവടക്കാർ തുടങ്ങിയ സ്ഥാപിത ആവശ്യക്കാർക്ക് ഉൽപ്പന്നം വിപണനം ചെയ്യുന്നതുവഴി ഉൽപ്പന്നത്തിന് വർഷം മുഴുവൻ ഡിമാന്റുണ്ടാക്കാൻ സാധിക്കുന്നു. കൂട്ടായ്മ പ്രവർത്തനങ്ങളിലൂടെ വിളവെടുപ്പനന്തര സംസ്ക്കരണം മെച്ചമാകുന്നു. ഒന്നായി പ്രവർത്തിക്കുമ്പോൾ തീരുമാനങ്ങൾ കൂട്ടായി എടുക്കുന്നതിലൂടെ മെച്ചപ്പെട്ട വിപണനം സാധ്യമാകുന്നു എന്ന് മാത്രമല്ല കാർഷിക വൃത്തിയിലെ അനിശ്ചിതാവസ്ഥയ്ക്ക് ഏറെക്കുറെ പരിഹാരം ഉണ്ടാകുന്നു.

**അടിസ്ഥാന സൗകര്യങ്ങൾ, വിളനഷ്ടം ഒഴിവാക്കൽ:** ചെറുകിട കർഷകർ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തുമ്പോൾ ഉണ്ടാകുന്ന വിപണന ചെലവുകൾ കൂട്ടായ വിപണനത്തിലൂടെ ഒഴിവാക്കുവാൻ സാധിക്കും. മാത്രമല്ല വിളവെടുപ്പനന്തരനഷ്ടങ്ങൾ ഏറെക്കുറെ ഇല്ലാതാക്കുവാനും സാധിക്കും കർഷകരുടെ ഇടിയിൽ രൂപീകൃതമാകുന്ന ഉത്പാദക സംഘങ്ങൾക്ക് ചെറുകിട സംസ്ക്കരണത്തിനും മൂല്യവർദ്ധനയ്ക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുവഴി ഉല്പന്ന വൈവിദ്ധ്യവൽക്കരണവും സാദ്ധ്യമാകുന്നു. നാളികേര ഉത്പാദക സംഘങ്ങളെ ജില്ലാതലത്തിൽ ഏകോപ്പിച്ച് തൊണ്ടും ചിരട്ടയും സംസ്ക്കരിക്കുന്നതിനുള്ള ജില്ലാതല യൂണിറ്റുകൾ സ്ഥാപിക്കുന്നതിലൂടെ ഉപോല്പന്നങ്ങളുടെ ഉത്പാദനവും സാദ്ധ്യമാകുന്നു. ഇത്തരം സൗകര്യങ്ങൾ ഓരോ സംഘത്തിനും നൽകുന്നതിനെക്കാൾ ജില്ലാതലത്തിൽ സ്ഥാപിക്കുമ്പോൾ ഉത്പാദനക്ഷമത വർദ്ധിക്കുന്നു. തെങ്ങിൻതടിയും മടലും ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംസ്കരണ ഉൽപ്പന്നങ്ങളും നിർമ്മിക്കാവുന്നതാണ്. അടിസ്ഥാന സൗകര്യങ്ങൾക്കാവശ്യമായ തുക സംഘങ്ങളിലെ അംഗങ്ങളിൽനിന്നും സ്വരൂപീക്കുന്നതിലൂടെ സാമ്പത്തിക ബാദ്ധ്യത ഇല്ലാതാകുന്നു എന്നതും അഭിലഷണീയമാകുന്നു.

**സഹവർത്തിത്വം:** വിപണന ശൃംഖലയിലെ ഇടനിലക്കാരെ കുറയ്ക്കുന്നതിലൂടെ കർഷകരും കച്ചവടക്കാർ/കയറ്റുമതിക്കാർ/സംസ്ക്കരണയൂണിറ്റുകൾ എന്നിവരും തമ്മിൽ കാലക്രമേണ ഒരു പരസ്പര സഹായ മനോഭാവം ഉടലെടുക്കുന്നു. ഇതിലൂടെ ചൂഷണം പരമാവധി കുറയ്ക്കുവാൻ സാധിക്കുന്നു. ഇടനിലക്കാരുടെ എണ്ണം കുറയുന്നതിലൂടെ ഉപഭോക്തൃവിലയുടെ ഏറിയ പങ്കും കർഷകരിലേക്കെത്തിക്കുവാൻ സാധിക്കുന്നു. വിപണനശൃംഖലയിലെ എല്ലാ കണ്ണികളെയും സംയോജിപ്പിച്ചുകൊണ്ട് എല്ലാവർക്കും മേന്മയുണ്ടാകുന്ന തരത്തിലുള്ള പ്രവർത്തനം സാധ്യമാകുന്നു. വിപണനം നേരിട്ട് ഏറ്റെടുക്കുന്നതിലൂടെ വിപണിക്കാവശ്യമായ അളവ്, ഗുണനിലവാരം, നൽകേണ്ട സമയം എന്നിവയെക്കുറിച്ച് കർഷകർ കൂടുതൽ ബോധവാന്മാരാകുന്നു എന്നതുകൊണ്ടുതന്നെ ഉത്പാദനത്തിൽ കർഷകർ വിപണിയ്ക്കനുസൃതമായ ക്രമീകരണങ്ങൾ നടത്തുന്നു. ഉദാഹരണത്തിന് ഉത്പാദനം കൂടി നിൽക്കുന്ന മാസങ്ങളിൽ വിപണിയിലേക്കുള്ള ഉൽപ്പന്നത്തിന്റെ വരവ് കുറയ്ക്കാനായി. കാലേകൂട്ടി പദ്ധതികളാവിഷ്കരിച്ച് മുൻമാസങ്ങളിൽ കൂടുതൽ നാളികേരം ഇളനീരിനായി വിളവെടുക്കാം. അല്ലെങ്കിൽ ഉത്പാദനം കൂടുന്ന വേളകളിൽ ഉപോല്പന്നങ്ങളാക്കി സൂക്ഷിക്കാം. ഈ പ്രക്രിയകളെല്ലാം ഒരു കർഷകൻ അനുവർത്തിക്കുന്നതിനെക്കാൾ കാര്യക്ഷമമായി ഒരു സംഘത്തിന് ചെയ്യാനാകും. നമ്മുടെ രാജ്യത്ത് സ്ഥാപിതമായിരിക്കുന്ന വിവിധ വിപണന ശൃംഖലകളുമായി വിപണനക്കരാറുകളിൽ ഏർപ്പെടുന്നതുവഴി നിശ്ചിതമായ ഒരളവ് ഉൽപ്പന്നം സ്ഥിരമായി പ്രസ്തുത ശൃംഖലകൾക്ക് നൽകുവാനും സാധിക്കും. ഇത് വിപണി വിലയിടിയുന്നതിനെ ഒരു പരിധിവരെ തടയാനും ഉപകരിക്കുന്നു.

**വിപണിവിലകളെക്കുറിച്ചുള്ള അറിവ്:** വിപണനം കർഷകർ നേരിട്ടു നടത്തുന്നതിലൂടെ വിപണി വിലകളെക്കുറിച്ച് അറിവ് കർഷകന് ലഭിക്കുന്നു. ഉത്പാദനാസൂത്രണത്തിന് ഇത് സഹായകമാകുന്നു. മാത്രമല്ല വിപണനത്തിനായി ഉത്പാദിപ്പിക്കുക എന്ന ആശയത്തിൽനിന്നു വിപണി ആവശ്യകതയ്ക്കനുസൃതമായി ഉത്പാദിപ്പിക്കുക എന്ന രീതിയിലേക്ക് കർഷകർ സ്വയം അറിഞ്ഞ് മാറിക്കൊള്ളും. ഉൽപ്പന്ന വൈവിധ്യവത്ക്കരണവും കർഷക നേതൃത്വത്തിൽ സാദ്ധ്യമാകുന്നു.

**കയറ്റുമതി:** നാളികേര ഉത്പാദക സംഘങ്ങൾക്ക് കയറ്റുമതിക്കാരുമായി നേരിട്ട് വിപണനക്കരാറുകളിൽ ഏർപ്പെട്ട് ഉൽപ്പന്നം നൽകാൻ സാധിക്കും. സംഘങ്ങളുടെ നേതൃത്വത്തിൽ ഉണ്ടാക്കുന്ന ഉല്പന്നങ്ങൾക്കു വിദേശവിപണി കണ്ടെത്തുവാൻ സാധിക്കുന്നു.

**ഒരു നാളികേര ഉത്പാദകസംഘത്തിലെ ശരാശരി വിപണനം**

| | |
|---|---|
| നാളികേര ഉത്പാദകസംഘത്തിലെ അംഗങ്ങൾ | : 40100 |
| ശരാശരി തെങ്ങുകളുടെ എണ്ണം | : 4000 -5000 |
| പ്രതീക്ഷിക്കുന്ന ശരാശരി വിളവ് | : 238000 തേങ്ങ പ്രതിവർഷം |
| ഒരു വിളവെടുപ്പിലെ ശരാശരി എണ്ണം | : 29750 (എട്ട് വിളവെടുപ്പ് എന്ന ക്രമത്തിൽ) |

ഉത്പാദനാസൂത്രണ സംഘതലത്തിൽ നടത്തിയിട്ട് വിളവെടുക്കുന്ന ഉൽപ്പന്നവും വിപണനം ചെയ്യുന്ന ഉൽപ്പന്നവും തീരുമാനമാക്കാവുന്നതാണ്. ഉദാഹരണത്തിന് ഉത്പാദനത്തിന്റെ ശരാശരി അളവ് അറിഞ്ഞാൽ ഇളനീരായി വിളവെടുക്കുന്നതിന്റെയും നാളികേരത്തിന്റെയും എണ്ണം ആവശ്യകതയ്ക്കനു സൃതമായി തിട്ടപ്പെടുത്താവുന്നതാണ്.

***ഉത്പാദനത്തിന്റെ 50% കൊപ്ര നിർമ്മാണത്തിനായി വിനിയോഗിക്കുകയാണെങ്കിൽ***

| | |
|---|---|
| കൊപ്രനിർമ്മാണത്തിനുപയോഗിക്കുന്ന തേങ്ങയുടെ എണ്ണം | : 14875 |
| ഉൽപാദിപ്പിക്കാവുന്ന കൊപ്രയുടെ അളവ് | : 2 മെട്രിക് ടൺ |
| ഉപോല്പന്നമായ ചിരട്ടയുടെ അളവ് | : 1860 കിലോഗ്രാം |
| ഉപോല്പന്നമായ വെള്ളത്തിന്റെ ശരാശരി അളവ് | : 3000 ലിറ്റർ |

നാളികേരത്തിൽ നിന്നുള്ള സംസ്കൃത ഉല്പന്നങ്ങളുടെ ഉത്പാദകരുമായി വിപണനബന്ധം സ്ഥാപിക്കുന്നതിലൂടെ കൊപ്ര, ചിരട്ട, തൊണ്ട് തുടങ്ങിയവയ്ക്ക് സ്ഥിരം വിപണി കണ്ടെത്തുവാൻ സാധിക്കും. ഒരു ജില്ലയിലെ 10-15 വരെ നാളികേര ഉത്പാദനസംഘങ്ങളെ ഒത്തൊരുമിപ്പിച്ച് സ്ഥാപിച്ചാൽ ചിരട്ട നാളികേര ഉത്പാദക സംഘങ്ങൾക്ക് നേരിട്ട് സംസ്കരിക്കാവുന്നതാണ്. ഇതു കൂടാതെ തേങ്ങാവെള്ളത്തിൽ നിന്നും വിന്നാഗിരി ഉത്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് 10-15 നാളികേര ഉൽപാദക സംഘങ്ങൾ കേന്ദ്രീകരിച്ച് സ്ഥാപിച്ചാൽ സംഘങ്ങൾക്ക് നേരിട്ട് വിനാഗിരി ഉത്പാദിപ്പിച്ച് വിപണനം നടത്താവുന്നതാണ്. നാളികേര ഉത്പാദകസംഘങ്ങൾക്ക് നേരിട്ട് സംസ്കൃത ഉൽപ്പന്നങ്ങൾ ആഭ്യന്തര വിപണിയിലും അന്താരാഷ്ട്രവിപണിയിലും അവതരിപ്പിച്ച് വിപണി സ്ഥാപിക്കാനും അവസരങ്ങൾ ഏറെ. ഇതിലൂടെ കർഷകന് മെച്ചപ്പെട്ട വിപണി ലഭിക്കുന്നുവെന്ന് മാത്രമല്ല അവന്റെ അദ്ധ്വാനത്തിന് തക്കതായ പ്രതിഫലം നേടിയെടുക്കുവാനും സാധിക്കുന്നു.

സ്വാതന്ത്ര്യാനന്തരം നമ്മുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സർക്കാർ നടപടികൾക്കായി കാത്തിരിക്കുക എന്നതായിരുന്നു നമ്മുടെ ശീലം. എന്നാൽ ലോകമാകെ ഒരു വിപണിയായപ്പോൾ, ആ വിപണിയിൽ കാലാകാലങ്ങളിൽ ഉയർന്നു വരുന്ന പുതിയ അവസരങ്ങൾ മുതലെടുക്കുവാൻ ശ്രമിക്കുന്നവർക്ക് തക്കതായ പ്രതിഫലം ലഭിക്കുന്നു. എന്നാൽ യാതൊരു അവസരവും വിനിയോഗിക്കാൻ താൽപര്യപ്പെടാത്തവർക്ക് വിജയത്തിലേക്കുള്ള കൃത്യമായ പ്രയാണവും, പരമ്പരാഗത മനഃസ്ഥിതിയിൽ നിന്നും മാറി പുരോഗമനാശയങ്ങൾ സ്വീകരിക്കുന്നതിനായുള്ള മനോഭാവം ഉണ്ടെങ്കിൽ മാത്രമേ കാർഷികലോകത്തിൽ പുരോഗതി സാദ്ധ്യമാകൂ. അത്തരത്തിലുള്ള ഒരു കാർഷികലോകം കെട്ടിപ്പടുക്കുന്നതിൽ ഈ നാളികേര ഉത്പാദകസംഘ ങ്ങൾ മാതൃകയാവട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

*മാർക്കറ്റിംഗ് ആഫീസർ, നാളികേര വികസന ബോർഡ്*

# കരിക്ക് പ്രഥമൻ



കരിക്ക് പ്രകൃതിയുടെ മധുരം. കരിക്ക് പ്രഥമനായാലോ, അതിമധുരമായി. ഈ തിരുവോണത്തിന് കരിക്ക് പ്രഥമനാകട്ടെ ഓണ വിഭവങ്ങളിൽ പ്രഥമൻ.

**ചേരുവകൾ**

| | |
|---|---|
| കരിക്ക് | - 500 ഗ്രാം |
| (7-8 മാസം പ്രായമായത്) | - (ചെറിയകഷണങ്ങളാക്കി) |
| നെയ്യ് | - 50 ഗ്രാം |
| ശർക്കര | - 700 ഗ്രാം |
| അരിപ്പൊടി | - 1 ടീസ്പൂൺ |
| തേങ്ങാപ്പാൽ:ഒന്നാം പാൽ | - 1 കപ്പ് |
| രണ്ടാം പാൽ | - 2 കപ്പ് |

**തയ്യാറാക്കുന്ന വിധം:** ചുവടു കട്ടിയുള്ള പാത്രത്തിൽ 25 ഗ്രാം നെയ്യ് ഒഴിച്ച് കരിക്കിൻ കഷണങ്ങൾ ഇട്ട് ചെറു തീയിൽ ഇളക്കുക. ശർക്കര നല്ല കട്ടിയുള്ള പാനിയാക്കി ഇതിൽ ഒഴിച്ച് 10 മിനിറ്റ് ഇളക്കുക. ശർക്കര കരിക്കിന്റെ കഷണങ്ങളിൽ നന്നായി പിടിച്ചുകഴിയുമ്പോൾ രണ്ടാം പാൽ ഒഴിക്കുക. അരിപ്പൊടി കുറച്ച് തേങ്ങാപ്പാലിൽ കലക്കി അരിപ്പയിൽ കൂടി ഒഴിച്ച് നല്ലതുപോലെ ഇളക്കി തിളയ്ക്കുമ്പോൾ ആദ്യത്തെ പാലും കശുവണ്ടിയും കിസ്മിസും തേങ്ങ അരിഞ്ഞതും (നെയ്യിൽ വറുത്തത്) ഏലയ്ക്കാപ്പൊടിയും ചേർത്ത് നന്നായി ഇളക്കി ഇറക്കി വയ്ക്കുക.

# നാളികേര ഉത്പാദക സംഘങ്ങൾ

കെ. എസ്. സെബാസ്റ്റ്യൻ

സഹകരണ പ്രസ്ഥാനങ്ങൾക്ക് നല്ല വേരോട്ടമുള്ള സംസ്ഥാനമാണ് കേരളമെങ്കിലും ഇവിടുത്തെ ബഹുഭൂരിപക്ഷം കേര കർഷകരും അസംഘടിതരും, ചെറുകിട നാമമാത്ര കർഷകരുമാണ്. അതിനാൽ ഉത്പാദനക്ഷമതയും കൃഷിയിടത്തിൽ നിന്നുള്ള വരുമാനവും വർദ്ധിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ പലപ്പോഴും ഫലപ്രാപ്തിയിൽ എത്തിക്കുവാൻ കേരളത്തിലെ കേര കർഷകർക്ക് കഴിയുന്നില്ല. എന്നാൽ ചെറുകിട നാമമാത്ര കർഷകരുടെ കൂട്ടായ്മയിലൂടെ ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. ഇത്തരുണത്തിലാണ്, നാളികേര വികസന ബോർഡ് നാളികേര ഉത്പാദക സംഘങ്ങൾ (സിപിഎസ്) രൂപീകരിക്കുവാനായി കർഷകരെ പ്രോൽസാഹിപ്പിക്കാൻ മുന്നിട്ടിറങ്ങിയിരിക്കുന്നത്. കൂടാതെ നാളികേര സംഭരണ - സംസ്ക്കരണ -വിപണന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുവാൻ ഇത്തരം സംഘങ്ങൾക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘം എന്നതുകൊണ്ട് ബോർഡ് വിവക്ഷിക്കുന്നത്.

**സംഘത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ**

(i) പ്രവർത്തന പരിധിയിലുള്ള നാളികേര കർഷകരുടെ സമഗ്രമായ സാമ്പത്തികവും സാമൂഹ്യവും സാംസ്ക്കാരികവുമായ ഉന്നമനത്തിനായി പ്രവർത്തിക്കുക.

(ii) അംഗങ്ങളുടേയും അവരുടെ കുടുംബാംഗങ്ങളുടേയും സംസ്ക്കാരികവും, വിദ്യാഭ്യാസപരവും, ആരോഗ്യകരവും ശുചിത്വ പൂർണ്ണവുമായ ജീവിത സാഹചര്യങ്ങളിൽ അഭിവൃദ്ധി ഉണ്ടാക്കുകയും സംഘാംഗങ്ങൾക്കായി ഉചിതമായ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

(iii) നാളികേര മേഖലയിൽ പ്രവർത്തിക്കുന്ന ഗവേഷണ വികസന സ്ഥാപനങ്ങളുമായി ചേർന്ന് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുകയും, പ്രദർശനങ്ങളിലും, പഠന പര്യടനങ്ങളിലും പങ്കെടുക്കുകയും ചെയ്യുക.

(iv) ഉത്പാദനം, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതന സാങ്കേതിക വിദ്യകൾ അംഗങ്ങളായ കർഷകർക്ക് പകർന്ന് നൽകുക.

(v) കൃഷിവകുപ്പും, കാർഷിക ഗവേഷണ സ്ഥാപനങ്ങളും നിഷ്കർഷിക്കുന്ന കൃഷിരീതികൾ അവലംബിക്കുക.

(vi) ചെറുകിട കർഷകരുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും, സംഭരണം, സംസ്ക്കരണം, വിപണനം എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കുകയും, കർഷകരെയും നാളികേര വികസന ബോർഡിനേയും ബന്ധിപ്പിക്കുന്ന കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുക.

(vii) കാര്യക്ഷമമായ കൃഷിരീതികൾ അവലംബിച്ച് കൃഷിചിലവുകൾ കുറയ്ക്കുക.

(viii) അംഗങ്ങൾക്ക് ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുക.

(ix) വളങ്ങളും കാർഷിക ഉപകരണങ്ങളും കർഷകർക്ക് ന്യായ വിലയ്ക്ക് ലഭ്യമാക്കുക.

(x) നാളികേരത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രാഥമിക സംസ്ക്കരണത്തിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

(xi) അംഗങ്ങളുടെ നാളികേരം സ്വരൂപിച്ച് ഒന്നിച്ച് വിപണനം നടത്തുക.

(xii) ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിനും മൂല്യ വർദ്ധനവിനുമുള്ള നടപടികൾ എടുക്കുക.

(xiii) സർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാരേതര ഏജൻസികൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുക.

(xiv) ഉദ്ദേശലക്ഷ്യ സാക്ഷാത്കാരത്തിനുള്ള പ്രവർത്തന ഫണ്ട് പ്രവേശന ഫീസ്, വരിസംഖ്യ, സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി, ഗ്രാൻഡ്, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുതലായ മാർഗ്ഗങ്ങളിലൂടെ സംഭരിക്കുക

**ഉത്പാദക സംഘങ്ങളിലൂടെ (സിപിഎസ്) കർഷകർക്ക് ലഭ്യമാകുന്ന അവസരങ്ങൾ**

1. ശാസ്ത്രീയമായി നിഷ്ക്കർഷിച്ചിട്ടുള്ള കൃഷിരീതികൾ കൃഷിയിടത്തിൽ അവലംബിക്കാൻ കർഷകരെ പ്രാപ്തരാക്കുന്നു.
2. ഉത്പാദനം, സസ്യ സംരക്ഷണം, സംസ്ക്കരണം, വിപണനം എന്നിവയിലുള്ള നൂതനവിദ്യകൾ സ്വായത്തമാക്കാനുള്ള അവസരം.
3. കൂട്ടായ്മ പ്രവർത്തനങ്ങളിലൂടെ കൃഷി ചിലവുകൾ കുറയ്ക്കുവാനുള്ള അവസരം.

4. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ, വളങ്ങൾ, കീടനാശിനികൾ, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ ന്യായവിലയ്ക്ക് ലഭ്യമാക്കുവാനുള്ള സാഹചര്യം.
5. ചെറുകിട – ഇടത്തരം നഴ്സറികൾ തുടങ്ങുവാനുള്ള അവസരം.
6. ജൈവവളങ്ങൾ ഉത്പാദിപ്പിക്കുവാനുള്ള യൂണിറ്റുകൾ, കൊപ്ര ഡ്രയർ മുതലാവ സ്ഥാപിക്കുവാനുള്ള സാമ്പത്തിക സഹായം.
7. വിപണനത്തിനുള്ള അവസരം.
8. പഠന പര്യടനങ്ങൾക്കുള്ള അവസരങ്ങൾ.
9. വർദ്ധിച്ച തോതിൽ ഇളനീർ (കരിക്ക്) സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള അവസരം.

**ഭാവിയിൽ പ്രതീക്ഷിക്കാവുന്ന അവസരങ്ങൾ**

1. നാളികേര സംസ്ക്കരണ യൂണിറ്റുകൾ സ്ഥാപിക്കുവാനുള്ള സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾക്ക് മുൻഗണന.
2. നിർമ്മിക്കുന്ന നാളികേര ഉൽപന്നങ്ങൾ വിപണനം ചെയ്യുവാനുള്ള വർദ്ധിച്ച സൗകര്യങ്ങൾ.
3. ഉത്പാദക സംഘങ്ങളുടെ ഫെഡറേഷനുകൾ വഴി ഇടത്തരം മുതൽ മുടക്കും സാങ്കേതിക വിദ്യയും ആവശ്യമായി വരുന്ന ഇടത്തരം വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.
4. ഉത്പാദക സംഘങ്ങൾ വഴിയോ അവയുടെ ഫെഡറേഷൻ വഴിയോ ഉത്പാദക കമ്പനികൾ വഴിയോ നാളികേരവും നാളികേര ഉൽപന്നങ്ങളും കയറ്റുമതി ചെയ്യുവാനുള്ള അവസരങ്ങൾ.
5. അംഗീകൃത കൊപ്ര/നാളികേര സംഭരണ ഏജൻസികളായി പ്രവർത്തിച്ച് ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന താങ്ങുവിലയുടെ ആനുകൂല്യം അംഗങ്ങൾക്ക് നേടിയെടുക്കുവാനുള്ള അവസരം.
6. സിപിഎസ്കൾ ഓഹരിയുടമകളായ ഉല്പാദക കമ്പനി (Producer's Company) കൾ രൂപീകരിച്ച് ഉയർന്ന മുതൽ മുടക്കും സാങ്കേതിക വിദ്യയും ബോർഡ് സഹായവും ഉപയോഗപ്പെടുത്തുന്ന വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുവാനുള്ള അവസരങ്ങൾ.

**ആർക്കാണ് അംഗമാകാവുന്നത്?**

സ്വന്തമായി കുറഞ്ഞത് കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും കൃഷി ചെയ്യുന്ന കർഷകരെ ഉൾപ്പെടുത്തി ഒരു പ്രദേശത്തെ 40 മുതൽ 100 വരെ കർഷകർ ചേർന്ന് രൂപീകരിക്കുന്നതും ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്യേണ്ടതുമായ കർഷക കൂട്ടായ്മയാണ് നാളികേര ഉത്പാദക സംഘങ്ങൾ. സംഘത്തിന്റെ (സിപിഎസ്) പ്രവർത്തന പരിധി വ്യക്തമായി നിർവചിക്കേണ്ടതും കായ്ഫലമുള്ള 10 തെങ്ങ് എങ്കിലും സ്വന്തമായുള്ള, പ്രവർത്തന പരിധിയിലുള്ള എല്ലാ കർഷകരെയും അംഗങ്ങളായി ചേർക്കേണ്ടതുമാണ്. സംഘത്തിന്റെ പ്രവർത്തന പരിധി കഴിയുന്നിടത്തോളം സ്വാഭാവിക അതിരുകളാൽ (റോഡ്, തോട്, പുഴ മുതലായവ) വേർതിരിക്കപ്പെടുന്നത് നന്നായിരിക്കും. സംഘത്തിൽ അംഗമാകുന്നതിനുള്ള ഫീസ് 100 രൂപയായും വാർഷിക വരിസംഖ്യ 20 രൂപയുമായി നിജപ്പെടുത്തിയിരിക്കുന്നു.

**എങ്ങനെ പ്രവർത്തിക്കണം**

സംഘങ്ങൾ രാഷ്ട്രീയ ലക്ഷ്യങ്ങൾ ഇല്ലാത്തതും തികച്ചും ജനാധിപത്യപരമായി പ്രവർത്തിക്കുന്നതുമായിരിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന പ്രസിഡന്റിന്റെ നേതൃത്വത്തിലുള്ള ആറംഗ നിർവ്വാഹക സമിതിയായിരിക്കും സംഘത്തിന്റെ പ്രവർത്തന പരിപാടികൾ നടത്തേണ്ടത്. സംഘങ്ങൾ നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യേണ്ടതാകുന്നു. നിശ്ചിത ഫോറത്തിൽ താഴെ പറയുന്ന രേഖകളോടൊപ്പമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ബോർഡിന്റെ സൂക്ഷ്മ പരിശോധനയിൽ രജിസ്ട്രേഷനു യോഗ്യമായി കാണുന്ന സംഘങ്ങൾ രജിസ്ട്രേഷൻ ഫീസായ 200 രൂപ ചെയർമാൻ, നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്ടായി ബോർഡിൽ അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷന്റെ കാലാവധി 2 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. കാലാവധി പൂർത്തിയാകുന്നമുറയ്ക്ക് സംഘങ്ങൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കുന്നതിന് സംഘങ്ങൾ 100 രൂപ (2 വർഷത്തിലൊരിക്കൽ) ഫീസ് നൽകേണ്ടതാണ്.

**അപേക്ഷയോടൊപ്പം രജിസ്ട്രേഷനു വേണ്ടി നാളികേര വികസന ബോർഡിൽ സമർപ്പിക്കേണ്ട രേഖകൾ**

1. സംഘം ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള സർട്ടിഫിക്കറ്റിന്റെ അസ്സൽ പകർപ്പ്.
2. സംഘത്തിന്റെ നിയമാവലിയുടെയും, മെമ്മോറാണ്ടം ഓഫ് അസ്സോസിയേഷന്റെയും പകർപ്പ്.
3. നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്യുവാൻ തീരുമാനമെടുത്ത പൊതുയോഗത്തിന്റെ മിനിട്ട്സ്.
4. അംഗങ്ങളുടെ നാളികേര കൃഷി സംബന്ധമായ വിവരങ്ങൾ.
5. സംഘത്തിന്റെ പ്രവർത്തന പരിധിയുടെ അതിരുകൾ ശരിയായ രീതിയിൽ രേഖപ്പെടുത്തിയ, സ്വയം തയ്യാറാക്കിയ വ്യക്തതയാർന്ന സ്കെച്ച്.

***അപേക്ഷ അയയ്ക്കേണ്ട മേൽവിലാസം:***
ചെയർമാൻ, നാളികേര വികസന ബോർഡ്
കേരഭവൻ, കൊച്ചി–682 011

*അസിസ്റ്റന്റ് മാർക്കറ്റിംഗ് ആഫീസർ,*
*നാളികേര വികസന ബോർഡ്*

# കേരകർഷകർക്കും സ്വാശ്രയസംഘം

ടി. എസ്. വിശ്വൻ

കേരകർഷകർക്കും വേണം സ്വാശ്രയസംഘം എന്ന ആശയത്തിന് രൂപം കൊടുത്തത് കാർഷികരംഗത്ത് നവീനപദ്ധതികൾ പലതും നടപ്പിലാക്കിയിട്ടുള്ള ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി പഞ്ചായത്തിലെ കേരകർഷകരാണ്. 1986–ൽ കേരളത്തിലെ ആദ്യത്തെ കേരസംരക്ഷണസന്നദ്ധ സേനയ്ക്ക് രൂപംകൊടുത്ത പൊന്നിട്ടുശ്ശേരി ഫാർമേഴ്സ് ക്ലബ്ബ് ഇപ്പോൾ ഇരുപത്തിയഞ്ച് വർഷം പിന്നിടുന്നു. നാളികേരവികസനബോർഡ് 'കേര ക്ലസ്റ്റർ പദ്ധതി' നടപ്പാക്കിയപ്പോൾ ഒന്നാമതായി നിലകൊണ്ടതും കഞ്ഞിക്കുഴിയിലെ അയ്യപ്പഞ്ചേരി കേര ക്ലസ്റ്റർയൂണിറ്റ് ആയിരുന്നു. രണ്ടുവർഷംകൊണ്ട് പദ്ധതിസഹായം പൂർത്തീകരിച്ചിട്ടും ഈ ക്ലസ്റ്ററിലെ കർഷകകൂട്ടായ്മ അവസാനിച്ചില്ല. ബോർഡിന്റെ സഹായത്തോടെ ടെണ്ടർ കോക്കനട്ട് മിനിമൽ പ്രോസസിംഗ് യൂണിറ്റ്, കമ്മ്യൂണിറ്റി കോക്കനട്ട് നഴ്സറി എന്നീ പദ്ധതികൾ ഏറ്റെടുത്തു. തുടർന്നുള്ള വർഷങ്ങളിൽ സമീപവാർഡുകളിലെ കേരകർഷകർ സംഘടിച്ച് ഏതാനും കേരക്ലസ്റ്ററുകൾകൂടി പ്രവർത്തനമാരംഭിച്ചു. ഇതോടെ കഞ്ഞിക്കുഴി പഞ്ചായത്തിന്റെ വടക്കൻമേഖലയിലെ നല്ലൊരു ശതമാനം കേരകർഷകരും ക്ലസ്റ്റർ പ്രവർത്തനങ്ങളുമായി സഹകരിച്ചു. നാളികേരകൃഷിയിൽ മാത്രമല്ല ഇടവിളകൃഷികളിലും കാര്യമായ മാറ്റങ്ങളുണ്ടായി കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റുക, അധികമായുണ്ടാകുന്ന ചോലപ്പുകൾ നീക്കംചെയ്യാൻ പ്രേരിപ്പിക്കുക, വളങ്ങൾ യഥാസമയങ്ങളിൽ എത്തിച്ചു കൊടുക്കുക, സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ യഥാസമയം നിർദ്ദേശങ്ങൾ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ കേരകർഷകർക്കിടയിൽ മതിപ്പുളവാക്കി. സംസ്ഥാനകൃഷിവകുപ്പ്, കായംകുളം കേന്ദ്രതോട്ടവിള ഗവേഷണസ്ഥാപനം എന്നിവരും ഇക്കാര്യത്തിൽ പ്രശംസനീയമായ പങ്കുവഹിച്ചു. കേന്ദ്രകൃഷിവകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രത്യേക പഠനസംഘം അയ്യപ്പഞ്ചേരി കേര ക്ലസ്റ്റർ പ്രദേശങ്ങൾ സന്ദർശിച്ച് സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

കർഷകർക്കിടയിൽ തുടർപ്രവർത്തനങ്ങളെക്കുറിച്ചുള്ള ചർച്ചകളും അന്വേഷണങ്ങളും സജീവമായതോടെയാണ് നാളികേരകർഷകരുടെ സ്വാശ്രയ സംഘങ്ങൾ (Coconut Farmers Self Help Group) എന്ന ആശയം രൂപംകൊണ്ടത്. വനിതകളുടെ കുടുംബശ്രീ യൂണിറ്റ്, പുരുഷന്മാരുടെ സ്വാശ്രയസംഘം എന്നിവ പോലെ കേരകർഷകരുടെ സ്വാശ്രയസംഘവും കഞ്ഞിക്കുഴിയിൽ പ്രവർത്തിക്കുന്നു. അഞ്ചു തെങ്ങ് എങ്കിലും സ്വന്തമായുള്ളവർക്കാണ് അംഗത്വം. ഒരു സംഘത്തിൽ ഇരുപത് പേർ ഉണ്ട്. ഓരോ അംഗവും മാസംതോറും 50 രൂപ വീതം അടയ്ക്കണം. മാസത്തിലെ ആദ്യത്തെ ഞായറാഴ്ചയാണ് സംഘാംഗങ്ങളുടെ ഒത്തുചേരൽ. സംഘാംഗങ്ങളുടെ വീടുകളിൽ മാറിമാറി യോഗം ചേരുന്നു. നിക്ഷേപത്തുക പിറ്റേദിവസംതന്നെ തൊട്ടടുത്തുള്ള ചെറുവാരണം സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നു. രണ്ടുവർഷം കൊണ്ട് ഓരോ അംഗത്തിനും ആയിരത്തി ഇരുന്നൂറ് രൂപയുടെ നിക്ഷേപവും പലിശയും സ്വന്തം! കേരകർഷകരുടെ ചെറിയ ചെറിയ പ്രശ്നങ്ങളിലെല്ലാം ഇടപെട്ടുകൊണ്ട് പ്രവർത്തിക്കുന്ന കഞ്ഞിക്കുഴിയിലെ ഇത്തരം പത്ത് സ്വാശ്രയസംഘങ്ങൾ കേരളത്തിലെ കേരകർഷകർക്കിടയിൽ ഒരു പുതിയ ദിശാബോധം വളർത്താൻ പ്രചോദനമാകും.

നാളികേര വികസനബോർഡ് രണ്ടുവർഷത്തെ സാമ്പത്തികസഹായങ്ങൾ നൽകി നടപ്പാക്കുന്ന കേരക്ലസ്റ്ററിലെ കർഷകർ തുടർന്നും സഹായങ്ങൾക്കായി ബോർഡിനെ സമീപിക്കാറുണ്ട്. ബോർഡിന്റെ നിലവിലുള്ള സഹായപദ്ധതികളുടെ പരിമിതികൾ മനസ്സിലാക്കുമ്പോൾ അവർ പിൻവാങ്ങുകയാണ് പതിവ്. എന്നാൽ കഞ്ഞിക്കുഴിയിലെ വിവിധ ക്ലസ്റ്ററുകളിലെ കേരകർഷകർ സംഘടിച്ച് സ്വാശ്രയകൂട്ടായ്മയ്ക്ക് തയ്യാറെടുത്തു. ഇതുസംബന്ധിച്ച് അയ്യപ്പഞ്ചേരിയിൽ സംഘടിപ്പിച്ച കേരകർഷകയോഗത്തിൽ പങ്കെടുത്ത് നാളികേര വികസനബോർഡ് ചീഫ് കോക്കനട്ട് ഡവലപ്പ്മെന്റ് ഓഫീസർ ശ്രീ. എം. തോമസ് മാത്യു നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും ഏറ്റവുമധികം സഹായിച്ചു. തെങ്ങിന്റെ ഉത്പാദനത്തിൽ മാത്രമല്ല തേങ്ങസംഭരണം, ഇളനീർസംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയ പ്രവർത്തനങ്ങളെല്ലാം ഏറ്റെടുത്ത് ചെറിയ വ്യവസായയൂണിറ്റുകളായി സ്വാശ്രയ സംഘത്തിന് പ്രവർത്തിക്കാവുന്നതാണെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു.

ശരിയായ നിലയിൽ പ്രവർത്തിച്ചാൽ കേരകർഷകരുടെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലും അംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിലും സ്വാശ്രയ സംഘങ്ങൾ സഹായകമാകുമെന്നും അദ്ദേഹം പറഞ്ഞു. അതിലേയ്ക്കു കേരവ്യവസായ സ്വാശ്രയസംഘം (കെ.വി.എസ്.എസ്) എന്ന പേരും അദ്ദേഹം നിർദ്ദേശിച്ചു. അപ്പോൾതന്നെ യോഗത്തിൽ സന്നിഹിതരായിരുന്ന പഞ്ചായത്ത്

പ്രസിഡന്റ്, വാർഡ് മെമ്പർമാർ, കൃഷിഓഫീസർമാർ, ക്ലസ്റ്റർ കൺവീനർമാർ, സർവ്വീസ് ബാങ്ക് പ്രസിഡന്റ് എന്നിവർ കൂടിയാലോചിച്ച് കേരവ്യവസായ സ്വാശ്രയ സംഘത്തിന് രൂപം കൊടുത്തു. സംഘത്തിന്റെ പേര്, ഓരോ സംഘത്തിലും 20 അംഗങ്ങൾ, ഓരോ അംഗവും പ്രതിമാസം അമ്പതു രൂപ വിഹിതമടയ്ക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം ഐക്യകണ്ഠേന യോഗത്തിൽ അംഗീകരിച്ചു. പന്ത്രണ്ടു സംഘങ്ങൾ രൂപീകരിച്ചതിൽ പത്തെണ്ണം ഇപ്പോഴും പ്രവർത്തനക്ഷമതയോടെ നിലവിലുണ്ട്.

ഓരോ സ്വാശ്രയസംഘത്തിനും പ്രത്യേകം പേരുകൾ നൽകിയിട്ടുണ്ടെങ്കിലും അവയെല്ലാം കെ.വി.എസ്.എസ്. എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. ആദ്യഘട്ടത്തിൽ അഞ്ചു തെങ്ങ് എങ്കിലും ഇളനീർ നൽകാൻ പാകത്തിലുളളവരെയാണ് അംഗമാക്കിയത്. കൂടുതൽ തെങ്ങുകൾ സ്വന്തമായുള്ള വരും സംഘത്തിലംഗമാവാൻ മുന്നോട്ടുവന്നു. ഇപ്പോൾ തെങ്ങിനും ഇടവിളകൾക്കും വളം ചെയ്യുന്നതിന് അയ്യായിരം രൂപ വരെ അംഗങ്ങൾക്കു വായ്പ നൽകും. വായ്പത്തുകയും പലിശയും മാസതവണകളായി തിരിച്ചടച്ചാൽ മതി. കൂടാതെ പച്ചക്കറിവിത്തുകൾ, വാഴവിത്ത്, കിഴങ്ങുവർഗ്ഗങ്ങളുടെ നടീൽ വസ്തുക്കൾ എന്നിവ സംഘാടിസ്ഥാനത്തിൽ വാങ്ങി അംഗങ്ങൾക്ക് നൽകുന്നുണ്ട്. കൃഷിഭവൻ സാഹായങ്ങളായ തെങ്ങിൻ തൈകളുടെയും വളത്തിന്റെയും വിതരണം ഇത്തരം സ്വാശ്രയസംഘങ്ങൾ വഴി നടക്കുന്നുണ്ട് കുടുംബ ശ്രീയും മറ്റ് സ്വാശ്രയസംഘങ്ങളും പ്രവർത്തിക്കുന്നതു പോലെ കേരകർഷകരിലും ഇത്തരം സ്വാശ്രയ സംഘങ്ങൾ പ്രവർത്തിക്കുന്നതിന്റെ ഒരു 'ത്രിൽ' ഞങ്ങൾക്കുണ്ട്! - പറയുന്നത് ഐശ്വര്യ കെ.വി.എസ്. എസിന്റെ കൺവീനർ ശ്രീ. പ്രസന്നകുമാറാണ്.

കെ.വി.എസ്.എസ്. യൂണിറ്റുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും വിവിധ ഏജൻസികളുടെ സഹായങ്ങൾ സംഘടിപ്പിക്കുന്നതിനും പഞ്ചായത്തുതല കെ. വി.എസ്. എസ്. രൂപീകരിക്കുകയും രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഇതേ തുടർന്ന് 29 തുടർച്ചയായ ആഴ്ചകളിൽ നടത്താനുള്ള പരിശീലന പദ്ധതികളായി കഴിഞ്ഞു. ഏഴംഗങ്ങളുള്ള പഞ്ചായത്തുതല കെ. വി. എസ്സ്. എസ്സിന്റെ പ്രസിഡന്റ് ശ്രീ. എൻ വിജയനും സെക്രട്ടറി ശ്രീ. വി.സി.പണിക്കരുമാണ്. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ ചങ്ങാതിക്കൂട്ടം സംഘടിപ്പിക്കുമെന്നും തെങ്ങുകയറ്റ പരിശീലനം, കുറിയ ഇനം തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും ഇവർ പറഞ്ഞു.

**കേരവ്യവസായ സ്വാശ്രയസംഘങ്ങളുടെ പ്രധാനലക്ഷ്യങ്ങൾ**

- ഉല്പാദന വർദ്ധനവിന് കേരകർഷകർ കൂട്ടായി പ്രവർത്തിക്കുക.
- ഇളനീർ സംഭരണത്തിനു സഹായകമായ ഇനം തെങ്ങിൻ തൈകൾ പ്രചരിപ്പിക്കുക.
- ഇളനീർ സംഭരിച്ചു വിപണനം നടത്തുക.
- നാളികേരസംഭരണം ഏറ്റെടുത്തു നടത്തുക.
- തൊണ്ടുസംഭരണം ഏറ്റെടുത്തു നടത്തുക.
- തെങ്ങുകയറ്റ പരിശീലനം, കീടരോഗനിവാരണം.
- കൊപ്രസംസ്കരണം, വെളിച്ചെണ്ണ നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.
- ചെലവു കുറഞ്ഞ മാർഗങ്ങളിലൂടെ വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മിക്കുക.
- തെങ്ങിൻ തോപ്പിൽ ഇടവിള കൃഷിയെ പരമാവധി പ്രോത്സാഹിപ്പിക്കുക.
- എല്ലാവിധ നടീൽ വസ്തുക്കളും സംഭരിച്ചു വിപണനം നടത്തുക.
- ജൈവവളങ്ങളുടെ നിർമ്മാണം, വിപണനം എന്നിവ ഏറ്റെടുത്തു നടത്തുക.
- നാളികേര വികസന ബോർഡ്, കൃഷി വകുപ്പ്, കെ.വി.കെ. എന്നിവരുടെ സഹായത്തോടെ വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- മികച്ച കൃഷിയിടങ്ങളിലും ഗവേഷണ കേന്ദ്രങ്ങളിലും പഠനയാത്രകൾ സംഘടിപ്പിക്കുക.
- കേരകർഷകർക്കിടയിൽ സമ്പാദ്യശീലം വളർത്തുക.
- കേരകർഷർക്കിടയിൽ സാമൂഹികവും സാംസ്ക്കാരികവുമായ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

കേരളത്തിന്റെ പ്രധാനവിളയാണ് നാളികേരമെങ്കിലും ഒട്ടേറെ പ്രതിസന്ധികളാണ് ഈ കൃഷി നേരിടുന്നത്. നാളികേരകൃഷിയിൽ കേരളത്തോളം പഴക്കമില്ലെങ്കിലും അന്യസംസ്ഥാനങ്ങളിൽ നില വളരെ മെച്ചമാണ്. അതുകൊണ്ടുതന്നെ നാളികേരത്തെ രക്ഷിക്കാനുള്ള പ്രതിബദ്ധത ഓരോ കേരളീയനും ഉണ്ടായേ മതിയാകൂ. തെങ്ങുകൃഷിയിലെന്നപോലെ തേങ്ങയുടെ വിവിധ ദിശയിലുള്ള ഉപയോഗങ്ങൾ തിരിച്ചറിഞ്ഞ് ഇത്തരം കേരവ്യവസായ സ്വാശ്രയ സംഘങ്ങൾ പ്രവർത്തിച്ചാൽ കേരളത്തിലും പൊതുവെ തെങ്ങുകൃഷി അഭിവൃദ്ധി പ്രാപിക്കും. തെങ്ങിൻതോട്ടത്തിലെ വിവിധ പരിചരണമുറകൾ യഥാസമയം നിർവ്വഹിക്കാൻ പര്യാപ്തമായ തൊഴിലുറപ്പുപദ്ധതി, തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടക്കുന്ന ആസൂത്രണപദ്ധതികൾ - എല്ലാം ചേരുമ്പോൾ 'കേരംതിങ്ങും കേരളനാട്' ഉണരുകതന്നെ ചെയ്യും.

*'ചിന്ത', തണ്ണീർമുക്കം, ആലപ്പുഴ, ഫോൺ : 9496884318*

# ഉദ്യാൻ വികാസ് പദ്ധതി - ബോംഗേഗാവ് ജില്ല ഭരണകൂടത്തിന്റെ ഒരു നൂതനസംരംഭം

ശന്തനു ഗോഡ്മാരെ

ആസ്സാമിലെ ബോംഗേഗാവിലെ ജില്ല ഗ്രാമവികസന ഏജൻസി ആദ്യമായി മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി പ്രകാരം തെങ്ങും കൊക്കോയും ചേർന്നുള്ള ഒരു സമ്പൂർണ്ണ ജൈവിക വിളസമ്പ്രദായത്തിനു തുടക്കമിടുന്നു. ആസ്സാം സംസ്ഥാന കൃഷി വകുപ്പിലെ ബോയിട്ടമാറി, ശ്രീരംഗം എന്നീ വികസന ബ്ലോക്കുകളാണ് ബോർഡുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നത്. കേരളത്തിൽ നിന്നുള്ള ജൈവ കൃഷി ഗ്രാമവികസന ഫൗണ്ടേഷൻ എന്ന എൻജിഓ ആണ് ഈ പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായം നൽകുന്നത്.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന തദ്ദേശവാസികളായ കർഷകരുടെ വിദൂരഭാവിയിലെ ജീവിത സുരക്ഷയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഓരോ വ്യക്തിഗത ഗുണഭോക്താക്കളേയും ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു പൊതു പദ്ധതിയായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. 1000 ഏക്കറിലാണ് 4.74 കോടി രൂപ ചിലവു പ്രതീക്ഷിക്കുന്ന പദ്ധതി നടപ്പിലാക്കുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടംബങ്ങളിൽപെട്ടവർ ചെറുകിട നാമമാത്രകർഷകർ, പട്ടികജാതി / പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർ എന്നിവരെയാണ് ഗുണഭോക്താക്കളായി ലക്ഷ്യമിട്ടിരിക്കുന്നത്.

വർദ്ധിച്ച തൊഴിലവസരങ്ങൾ, ഉയർന്നവരുമാനം, ഉന്നത ജീവിതനിലവാരം, ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ ഉയർച്ച എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്ന പ്രയോജനങ്ങൾ. ജൈവ കൃഷിരീതിയിലൂന്നിയുള്ള സമ്മിശ്രകൃഷിസമ്പ്രദായം മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുമെന്നും മണ്ണൊലിപ്പു തടയുമെന്നും അതുവഴി പരിസ്ഥിതി സംരക്ഷണം നടപ്പാക്കുമെന്നും പ്രതീക്ഷിക്കുന്നു.

ബോംഗേഗാവ് മോഡൽ വിജയകരമായാൽ ഇത് മറ്റു പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാനാണുദ്ദേശിക്കുന്നത്.

*ജില്ലാ കളക്ടർ, ബോംഗേഗാവ്*


## ഏജന്റുമാരെ ആവശ്യമുണ്ട്

| | വാർഷിക വരിസംഖ്യ | ആയുഷ്കാല വരിസംഖ്യ (30 വർഷത്തേക്ക്) |
|---|---|---|
| 1. ഇൻഡ്യൻ കോക്കനട്ട് ജേണൽ (മാസിക - ഇംഗ്ലീഷ്) | 60 ക. | 1600 ക. |
| സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും | 200 ക. | 5000 ക. |
| 2. ഇൻഡ്യൻ നാളികേര ജേണൽ (മാസിക - മലയാളം) | 40 ക. | 1000 ക. |
| 3. ഭാരതീയ നാരിയൽ പത്രിക (ത്രൈമാസികം - ഹിന്ദി) | 40 ക. | 1000 ക. |
| 4. ഭാരതീയ തെങ്ങു പത്രിക (ത്രൈമാസികം - കന്നഡ) | 40 ക. | 1000 ക. |
| 5. ഇന്തിയ തെന്നൈ ഇതൾ (ത്രൈമാസികം - തമിഴ്) | 40 ക. | 1000 ക. |

ശാസ്ത്രീയ തെങ്ങുകൃഷി, നാളികേര സംസ്ക്കരണ-വിപണന രീതികൾ, വിവിധ കേരോല്പന്നങ്ങളുടെ ഉപയോഗങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന മേൽപറഞ്ഞ ജേണലുകൾക്ക് വാർഷിക വരിക്കാരെ ചേർക്കുന്നതിന് കമ്മീഷൻ വ്യവസ്ഥയിൽ ഏജന്റുമാരെ ആവശ്യമുണ്ട്. 10 വരിക്കാരെ ചേർക്കുന്ന ഏജന്റിന് 25 ശതമാനം കമ്മീഷൻ ലഭിക്കും.

**വരിക്കാരുടെ മേൽവിലാസത്തിൽ പിൻകോഡ് എഴുതിയിരിക്കണം**

*കൂടുതൽ വിവരങ്ങൾക്കും ഏജൻസി വ്യവസ്ഥകൾക്കും താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കുക.*

**ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, കൊച്ചി - 682 011.**

# ബോർഡിന്റെ മാണ്ഡ്യ പ്രദർശന വിത്തുത്പാദന തോട്ടം- ഒരു മാതൃകാ ഫാം

ഡോ. രമണി ഗോപാലകൃഷ്ണൻ

കേരകൃഷി വിസ്തീർണ്ണത്തിൽ രണ്ടാം സ്ഥാനത്തു നില്ക്കുന്ന സംസ്ഥാനമാണ് കർണ്ണാടകം. 419 ലക്ഷം ഹെക്ടറിൽ വ്യാപിച്ചു കിടക്കുന്ന ഇവിടത്തെ തെങ്ങു കൃഷിയിൽനിന്നും പക്ഷെ ലഭിക്കുന്നത് 2176 കോടി നാളികേരംമാത്രം. ഉത്പാദനക്ഷമത ഹെക്ടറൊന്നിന് 5193 നാളീകേരമാണ് തമിഴ്നാട്ടിൽ ഹെക്ടറൊന്നിന് 13771 നാളികേരം ലഭിക്കുന്ന സ്ഥാനത്താണിത്. തിപ്തൂർ ടാൾ എന്ന തദ്ദേശ ഇനമാണ് കർണ്ണാടകത്തിൽ വ്യാപകമായി കൃഷി ചെയ്തിരിക്കുന്നത്. ഉയർന്ന ഉത്പാദനക്ഷമത ലഭിക്കുന്ന ഇനമാണിതെങ്കിലും സംസ്ഥാനത്തെ കുറഞ്ഞ ഉത്പാദനക്ഷമതയ്ക്ക് ജലസേചനക്കുറവുൾപ്പെടെ മറ്റു കാരണങ്ങൾ പലതുമുണ്ടാകാം. ഹെക്ടറൊന്നിന് ഇവിടെ നടുന്ന തെങ്ങുകളുടെ എണ്ണത്തിൽ കുറവുണ്ട്. കേരളത്തിലും തമിഴ്നാട്ടിലുമെല്ലാം ഹെക്ടറൊന്നിന് 175വരെ തെങ്ങുകൾ നടുമ്പോൾ ഇവിടെ 150 തെങ്ങുകളാണ് ശുപാർശ ചെയ്തിരിക്കുന്നത്. ഉത്പാദനക്ഷമത കണക്കുകൂട്ടുമ്പോൾ തെങ്ങുകളുടെ എണ്ണത്തിലുള്ള ഈ കുറവും സ്വാധീനിക്കാം.

ഹെക്ടറൊന്നിന് 5193 നാളികേരം ലഭിക്കുമ്പോൾ തെങ്ങൊന്നിന് 35 നാളികേരം ലഭിക്കുന്നെന്ന് കണക്കാക്കപ്പെടുന്നു. എന്നാൽ കർണ്ണാടകയിലെ മാണ്ഡ്യയിൽ ബോർഡ് സ്ഥാപിച്ചിരിക്കുന്ന പ്രദർശന വിത്തുത്പാദന തോട്ടത്തിലെ തിപ്തൂർടാളിന്റെ ഇപ്പോഴത്തെ ഉത്പാദനക്ഷമത 160ൽ എത്തിനിൽക്കുന്നു. ഫാമിൽ നട്ടിരിക്കുന്ന എല്ലാ ഇനങ്ങളും ഉയർന്ന ഉത്പാദനക്ഷമത പ്രകടമാക്കുന്നു.

കർണാടകത്തിലെ ഉദ്യാന നഗരമെന്നറിയപ്പെടുന്ന ബാംഗ്ലൂരിൽനിന്ന് 100 കി.മീ. അകലെയായി സ്ഥിതി ചെയ്യുന്ന ഒരു പട്ടണമാണ് മാണ്ഡ്യ. ചരിത്ര സ്മൃതികളുറങ്ങുന്ന മൈസൂർ നഗരത്തിലേയ്ക്ക് ഇവിടെ നിന്നും ഏകദേശം 40 കി.മീ. ദൂരമേയുള്ളൂ. മാണ്ഡ്യ ടൗണിൽനിന്നും 9 കി.മീ. ഉള്ളിലായി പുര എന്ന വില്ലേജിലാണ് ഫാം സ്ഥിതി ചെയ്യുന്നത്. കൃഷിയെ മാത്രം ആശ്രയിച്ചു കഴിയുന്ന ഈ പ്രദേശത്തെ മുഖ്യവിള കരിമ്പാണ്. എങ്കിലും ഇവിടെ കൃഷി ചെയ്തു കാണാത്ത വിളകൾ വിരളമാണ്. പഞ്ഞപ്പുല്ല്, നിലക്കടല, മുതിര, ചോളം, സൂര്യകാന്തി, എള്ള്, കടുക്, മൾബറി ഇവയെല്ലാം വിപുലമായി ഇവിടെ കൃഷിചെയ്തുവരുന്നു. കൊടും വരൾച്ചയിൽ പോലും ഹരിതഭംഗിയിൽ ആറാടിനില്ക്കുന്ന ഈ ഗ്രാമം ആരെയും ആകർഷിക്കാതിരിക്കുകയില്ല. ഈ ഗ്രാമീണ സൗന്ദര്യത്തിന്റെ പിന്നിൽ ഇവിടുത്തെ കർഷകരുടെ സസൂക്ഷ്മം സംവിധാനം ചെയ്തിട്ടുള്ള കൃഷിമുറകളാണ്. കൃഷ്ണരാജസാഗർ അണക്കെട്ടിൽനിന്ന് കൃഷിയിടങ്ങളിലേക്ക് തുറന്നുവിടുന്ന കനാൽ വെള്ളമാണ് ജലസേചനത്തിന് മുഖ്യ ആശ്രയം.

1982-83 സാമ്പത്തിക വർഷത്തിൽ കർണ്ണാടക ഗവണ്മെന്റ് സൗജന്യമായി നൽകിയ 50 ഏക്കർ സ്ഥലത്താണ് ഫാമിന്റെ പ്രാരംഭപണികൾ ആരംഭിച്ചത്. 30 ഏക്കറും 20 ഏക്കറുമായി കിടക്കുന്ന രണ്ടു ബ്ലോക്കുകളെ കർണ്ണാടക ഹോർട്ടിക്കൾച്ചർ വകുപ്പിന്റെ അധീനതയിലുള്ള ഒരു കൃഷിയിടത്താൽ വിഭജിക്കപ്പെട്ടിരിക്കുന്നു. വിവിധയിനത്തിൽപ്പെട്ട 3600 ലധികം തെങ്ങുകൾ ഇതിനകം ഈ 50 ഏക്കറിൽ നട്ടിട്ടുണ്ട്. ഇവയിൽ 899 തിപ്തൂർ നെടിയത്, 198 പശ്ചിമതീരനെടിയത്, 66 ലക്ഷദ്വീപ് നെടിയത്, 120 ബെനാളിം നെടിയത്, 138 തമിഴ്നാട് നെടിയത് എന്നീ നെടിയ ഇനങ്ങളും 1162 ചാവക്കാട് കുറിയ ഓറഞ്ച്, 160 മലയൻ കുറിയ മഞ്ഞ, 149 മലയൻ കുറിയ ഓറഞ്ച്, 295 ചാവക്കാട് കുറിയ പച്ച എന്നീ കുറിയയിനങ്ങളുമാണ് ഇവിടുത്തെ ഇന്നത്തെ തെങ്ങിന്റെ മുഖ്യ ജനിതക ശേഖരം. കൂടാതെ 300ലധികം സങ്കരയിനങ്ങളും 20 വിദേശ ഇനങ്ങളും തെങ്ങുകളുടെ ശേഖരത്തിന്റെ ഭാഗമാണ്. ശാസ്ത്രീയ



*മാണ്ഡ്യ വിത്തുത്പാദന തോട്ടം*

രീതിയിലുള്ള വളപ്രയോഗം, ശരിയായ ജലസേചനം, സസ്യ സംരക്ഷണം തുടങ്ങി മെച്ചപ്പെട്ട പരിപാലനമുറകൾ അവലംബിച്ചാണ് തുടക്കം മുതൽ തൈകൾ സംരക്ഷിച്ചു വന്നത്. സിയാം, ഫിജി, സാന്റമൺ, ഫിലിപ്പീൻസ്, ലാഗുണ, സ്ട്രെയിറ്റ് സെറ്റിൽമെന്റ് ഗ്രീൻ (SSG) എന്നിവയാണ് വിദേശ ഇനങ്ങൾ.

തെങ്ങിൻ തോപ്പിലെ ഇടസ്ഥലങ്ങൾ ഉപയോഗപ്പെടുത്തി അനുയോജ്യമായ ഇടവിളകൾ കൃഷി ചെയ്യുക വഴി നല്ലൊരു തുക ആണ്ടുതോറും ആദായമായി ലഭിയ്ക്കുന്നു. പയറുവർഗ്ഗത്തിലുള്ള മുതിര, കടല, തുവര തുടങ്ങിയ വിളകൾ തുടക്കത്തിൽ ഇടവിളകളായി കൃഷി ചെയ്തിരുന്നതുകൊണ്ട് മണ്ണിലെ പാക്യജനകത്തിന്റെ അളവ് വർദ്ധിച്ചിരുന്നു. ഇതിനുപുറമേ തെങ്ങിൻതോട്ടം വെടിപ്പായി സൂക്ഷിയ്ക്കുന്നതിനും തെങ്ങുകൾക്ക് പച്ചിലവളങ്ങളുടെ ഒരു സ്രോതസ്സായും ഈ സംവിധാനം ഉപകരിച്ചിരുന്നു. തെങ്ങ്, കൊക്കോ, ജാതി, പപ്പായ, കുരുമുളക് എന്നീ വിളകൾ സമന്വയിപ്പിച്ചിരിക്കുന്ന ബഹുവിളകൃഷി സമ്പ്രദായം ഫാമിന്റെ ആദായം വർദ്ധിപ്പിക്കുന്നു. തെങ്ങിൻ തോപ്പിൽ ഏറ്റവും അനുയോജ്യമായ ഇടവിളയായി കൊക്കോ നിലനിർത്തിയിരിക്കുന്നു. സ്വതവേ വളക്കൂറും ജലസംഗ്രഹണശേഷിയും കുറഞ്ഞ മണ്ണാണെങ്കിലും ശരിയായ പരിപാലനത്തിൽകൂടി ഈ പോരായ്മ പരിഹരിയ്ക്കാൻ കഴിയുന്നു. 700 മി.മി. വാർഷിക വർഷപാതം ലഭിക്കുന്ന ഈ പ്രദേശത്ത് ഊഷ്മാവ് 35-40 ഡിഗ്രി സെൽഷ്യസാണ്.

ഫാമിലെ മൊത്തം തെങ്ങുകളും കായ്ഫലം തന്നു തുടങ്ങി. ഇക്കഴിഞ്ഞ വർഷത്തെ മൊത്തം ഉത്പാദനം ഏതാണ്ട് നാലു ലക്ഷം നാളികേരമായിരുന്നു. ഇവിടെ തെങ്ങൊന്നിന്റെ ശരാശരി ഉത്പാദനക്ഷമത 118ലധികം നാളികേരമാണ്. ഉത്പാദനക്ഷമതയിൽ മുന്നിട്ടു നില്ക്കുന്നത് സങ്കരയിനങ്ങളും ചാവക്കാട് ഓറഞ്ചുമാണ്; 120 മുതൽ 130വരെ. തിപ്തൂർ നെടിയത് 160 നാളികേരവുമായി മുന്നിൽ നിൽക്കുന്നു. ഏതാണ്ട് രണ്ടു ലക്ഷത്തോളം തെങ്ങിൻ തൈകൾ പ്രതിവർഷം ഉത്പാദിപ്പിയ്ക്കാൻ കഴിയുന്നു. ലഭ്യമായ വ്യത്യസ്ത ഇനങ്ങൾ തമ്മിൽ വർഗ്ഗസങ്കരണം നടത്തി പുതിയ പുതിയ തെങ്ങിനങ്ങൾ ഉരുത്തിരിച്ചെടുക്കുകയാണ് ചെയ്യുന്നത്. കർഷകർക്ക് ശാസ്ത്രീയ കൃഷിരീതികളെക്കുറിച്ചും മറ്റും മനസ്സിലാക്കുന്നതിനുള്ള മാതൃകാഫാമായി ഇത് നിലനില്ക്കുന്നു. ഫാമിലെ ഈ വർഷത്തെ വിളവ് ഒരു കോടി കവിഞ്ഞത് സംതൃപ്തിയേകുന്നു.

ബോർഡിന്റെ ബാംഗ്ലൂരിലുള്ള റീജിയണൽ ഓഫീസിന്റെ ഭരണ നിയന്ത്രണത്തിലാണ് ഈ ഫാം. ഇതിന്റെ ചുമതല വഹിയ്ക്കുന്നത് ഫാം മാനേജരാണ്. ഫീൽഡ് സ്റ്റാഫടക്കം 11 ജീവനക്കാർ വേറെയുമുണ്ട്. സ്ത്രീകളുൾപ്പെടെ 25 സ്ഥിരം തൊഴിലാളികളുമുണ്ട്.

ഗുണമേന്മയുള്ള തൈകളുടെ ഉത്പാദനവും വിതരണവും ബോർഡിന്റെ ലക്ഷ്യങ്ങളിൽ ഒന്നാണെന്ന് തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ. കേരകൃഷിയിൽ മുൻപന്തിയിൽ നില്ക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കർണ്ണാടകം. അതുകൊണ്ടുതന്നെ മേത്തരം തെങ്ങിൻ തൈകൾക്ക് ഇവിടെ വളരെയധികം ഡിമാൻഡുണ്ട്. ഈ ആവശ്യം കണക്കിലെടുത്ത് 40,000 മുതൽ 50,000 വരെ തൈകൾ ഉത്പാദിപ്പിച്ചു വിതരണം ചെയ്യുന്നതിനുള്ള നഴ്സറി സംവിധാനവും ഈ ഫാമിലുണ്ട്. കർഷകർക്ക് ആവശ്യാനുസരണം തൈകൾ ലഭ്യമാക്കുന്നതിനുള്ള ഒരു വിശ്വസ്ത ഉറവിടമായി ഈ ഫാം വർത്തിയ്ക്കുന്നു.

ഒരുലക്ഷത്തിലധികം വിത്തുതേങ്ങ ബോർഡിന്റെ വിവിധ ഫാമുകളിലേക്കും സംസ്ഥാന നഴ്സറികൾക്കും ഇവിടെ നിന്ന് വിതരണം ചെയ്തു വരുന്നു.

ഈ ഫാമിൽ നിന്നും കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളായി വില്പന ചെയ്തിട്ടുള്ളത് ലക്ഷക്കണക്കിന് തൈകളാണ്. പ്രധാനമായും കരിക്കിനുപറ്റിയ ഇനം കുറിയയിനങ്ങൾ പൊള്ളാച്ചി, കോയമ്പുത്തൂർ എന്നിവിടങ്ങളിൽ നല്ല തോട്ടങ്ങളായി കായ്ഫലം തന്നു തുടങ്ങിയിട്ടുണ്ട്.

വർഗ്ഗസങ്കരണത്തിലൂടെ ഉത്പാദിപ്പിച്ച സങ്കരയിനം തൈകളും അത്യുത്പാദന ശേഷിയുള്ളവയാണ്. രാജ്യത്തിന്റെ പല ഭാഗത്തേക്കും ഈ ഫാമിൽനിന്ന് വിത്തുതേങ്ങയും തൈകളും നൽകിവരുന്നു. കർഷകരുടേയും ഗവണ്മെന്റ് നഴ്സറികൾ, ബോർഡിന്റെ മറ്റു ഡി.എസ്.പി. ഫാമുകൾ എന്നിവിടങ്ങളിലെയുമെല്ലാം ആവശ്യം ഒരു പരിധിവരെ മാണ്ഡ്യ ഫാം നിറവേറ്റി വരുന്നു. അടുത്ത വർഷം രണ്ടു ലക്ഷം തൈകളാണ് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്.

വിലമതിക്കാനാകാത്ത ജനിതക സ്രോതസ്സാണ് ഈ ഫാമിലുള്ളത്. അതിനാൽ ഗവേഷണവും വികസനവും സമന്വയിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു ഗവേഷണ വികസന കേന്ദ്രമായി ഈ ഫാമിനെ വികസിപ്പിച്ചെടുക്കാനും ബോർഡ് ആലോചിച്ചുവരുന്നു.

ബോർഡിന്റെ വിലപ്പെട്ട സംഭാവനകളിൽ ഒന്നുമാത്രമായ ഈ സംരംഭം ബോർഡിനെന്നപോലെതന്നെ കേരകൃഷിയുമായി ബന്ധപ്പെട്ട ഏവർക്കും ഒരു മുതൽക്കൂട്ടാണെന്ന കാര്യത്തിൽ സംശയമില്ല. ഗുണമേന്മയുള്ള തൈകളുടെ വിശ്വാസയോഗ്യമായ ഒരു ഉറവിടവും.

*ബന്ധപ്പെടേണ്ട വിലാസം:*

എം.കെ. സിംഗ്, ഫാം മാനേജർ, ഡെമോൺസ്ട്രേഷൻ കം സീഡ് പ്രൊഡക്ഷൻ ഫാം, പുര വില്ലേജ്, ലോക്സര പി.ഒ., മാണ്ഡ്യ, കർണ്ണാടക-571 403., ഫോൺ: 08232-234059

*ഡെപ്യൂട്ടി ഡയറക്ടർ,*
*നാളികേര വികസന ബോർഡ്, കൊച്ചി-11*

# നാളികേര ചിപ്സ് നിർമ്മാണവും വിപണനവും വനിതാ സ്വാശ്രയ സംഘങ്ങളിലൂടെ - ഒരു 'കല്പകം' വിജയ കഥ

സി. തമ്പാൻ, കെ. മുരളീധരൻ, എം. കൃഷ്ണൻ

കൃഷി ആദായകരമാക്കുന്നതിന് വിളകളുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുകയും ബഹുവിള-സമ്മിശ്ര കൃഷി അനുവർത്തിക്കുകയും ചെയ്യുന്നതോടൊപ്പം ഉൽപന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ മൂല്യവർദ്ധനവ് കൈവരിക്കുക എന്ന സമീപനത്തിനും വളരെ പ്രാധാന്യമുണ്ട്. തെങ്ങുകൃഷി ലാഭകരമാക്കുന്നതിന് കേരോൽപന്ന വൈവിദ്ധ്യവൽക്കരണം വിപുലമായ സാദ്ധ്യതകൾ പ്രദാനം ചെയ്യുന്നു. കേവലം കൊപ്രയുടെയും വെളിച്ചെണ്ണയുടെയും വിലയെ അടിസ്ഥാനമാക്കി തേങ്ങയുടെ വില നിർണ്ണയിക്കപ്പെടുന്ന രീതി മാറി വൈവിദ്ധ്യമാർന്ന കേരോൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്ന സാഹചര്യം സൃഷ്ടിച്ചാൽ തെങ്ങുകൃഷി അഭിവൃദ്ധിപ്പെടുമെന്നതിൽ സംശയം വേണ്ട. നാളികേര കാമ്പും തേങ്ങവെള്ളവും ഇളനീരും ചിരട്ടയും തൊണ്ടും തടിയും ഒക്കെ ഉപയോഗിച്ച് ഒട്ടേറെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ ലഭ്യമാണ്. അടുത്ത കാലത്തായി വിപണിയിൽ പ്രിയം നേടി വരുന്ന ഒരു മൂല്യവർദ്ധിത കേരോൽപന്നമാണ് നാളികേര ചിപ്സ്. കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനമാണ് നാളികേര ചിപ്സ് തയ്യാറാക്കുന്നതിനുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തത്.

### നാളികേര ചിപ്സ് തയ്യാറാക്കുന്നവിധം

നേർമ്മയായി അരിഞ്ഞെടുത്ത തേങ്ങക്കാമ്പ് പഞ്ചസാര ലായനിയിൽ മുക്കി വെച്ച് വ്യതിവ്യാപന നിർജ്ജലീകരണം (osmotic dehydration) വഴി ജലാംശം ക്രമീകരിച്ച ശേഷം ഉണക്കിയെടുത്താണ് നാളികേര ചിപ്സ് തയ്യാറാക്കുന്നത്. ഏകദേശം പത്ത് മാസം മൂപ്പെത്തിയ വെള്ളം വറ്റാത്ത നാളികേരമാണ് ചിപ്സുണ്ടാക്കാൻ ഉപയോഗിക്കേണ്ടത്. തേങ്ങ പൊതിച്ച് കാമ്പ് പൊട്ടിപ്പോകാതെ ചിരട്ട മാറ്റുക എന്നതാണ് ചിപ്സ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ ഘട്ടം. അതിനുശേഷം കാമ്പിന്റെ പുറന്തൊലി ചുരണ്ടി മാറ്റണം. സാധാരണ പീലർ ഉപയോഗിച്ചോ ഇലക്ട്രിക് മോട്ടോർ ഘടിപ്പിച്ച ടെസ്റ്റാ റിമൂവർ എന്ന യന്ത്രമുപയോഗിച്ചോ പുറന്തൊലി മാറ്റാം. പുറന്തൊലി മാറ്റിയ കാമ്പ് ചെറുകഷണങ്ങളാക്കി ശുദ്ധജലത്തിൽ മുക്കി വെയ്ക്കണം. പിന്നീട് വെള്ളം കളഞ്ഞ ശേഷം സ്ലൈസർ ഉപയോഗിച്ച് കാമ്പിൽ നിന്നും നേർത്ത ചിപ്സ് അരിഞ്ഞെടുക്കണം. ചിപ്സ് അരിഞ്ഞിടുന്നത് ശുദ്ധജലത്തിലേക്കായിരിക്കണം. കഴുകിയെടുത്ത ചിപ്സ് പഞ്ചസാര ലായനിയിൽ ഒരു മണിക്കൂർ ഓസ്മോട്ടിക്ക് നിർജ്ജലീകരണത്തിനായി വെക്കണം. ഇതിനായി ഒരു കിലോഗ്രാം ചിപ്സിന് ഒരു കിലോഗ്രാം പഞ്ചസാര ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ലയിപ്പിച്ച ലായനിയാണ് വേണ്ടത്. 20 ഗ്രാം ഉപ്പ് കൂടി ഈ ലായനിയിൽ ചേർക്കണം. പഞ്ചസാര ലായനിയിൽ നിന്നും പുറത്തെടുത്ത ചിപ്സ് ഫിൽട്ടർ പേപ്പറിലോ വൃത്തിയുള്ള നേർത്ത തുണിയിലോ വിതറിയിട്ട് ഈർപ്പം കളയണം. ഈർപ്പം മാറ്റിയ ചിപ്സ് എയർഡ്രയറിൽ വെച്ച് 60-70 ഡിഗ്രി സെന്റിഗ്രേഡ് ഊഷ്മാവിൽ ഏകദേശം ആറു മണിക്കൂർ ഉണക്കിയെടുക്കണം. ഇപ്രകാരം ഡ്രയറിൽ ഉണക്കിയ ചിപ്സ് ഉടൻ തന്നെ പായ്ക്ക് ചെയ്യണം. അതല്ലെങ്കിൽ ഈർപ്പം തട്ടിയ ചിപ്സിന്റെ മൊരുമൊരുപ്പ് (crispness) കുറയാനിടയുണ്ട്. എൽ.ഡി.പി.ഇ. പൗച്ചുകളിലോ അലൂമിനിയം ഫോയിലുകളിലോ ചിപ്സ് പായ്ക്ക് ചെയ്യാം. നൈട്രജൻ വാതകം നിറച്ച് പായ്ക്ക് ചെയ്യുന്നത് ചിപ്സ് പൊടിഞ്ഞുപോകാതിരിക്കാൻ സഹായിക്കും.

### നാളികേര ചിപ്സ് - വിപണന സാദ്ധ്യതകൾ

നല്ല തൂക്കമുള്ള ഒരു തേങ്ങയിൽനിന്ന് ഏതാണ്ട് 150 ഗ്രാം ചിപ്സ് ലഭിക്കും. പഞ്ചസാര ലായനിയിൽ വാനില എസൻസ്, മറ്റ് ഫ്ളേവറുകൾ തുടങ്ങിയവ ചേർത്താൽ വിവിധ രുചികളിലുള്ള ചിപ്സ് തയ്യാറാക്കാം. നാളികേര കാമ്പിന്റെ സ്വതസിദ്ധമായ തൂവെള്ള നിറവും, രുചിയും പിന്നെ എണ്ണയിൽ വറുത്തെടുത്തതല്ല എന്ന വസ്തുതയുമാണ് നാളികേര ചിപ്സിനെ മറ്റ് ചിപ്സുകളിൽനിന്നും വ്യത്യസ്തമാക്കുന്നത്. ചിപ്സ് വെള്ളത്തിലിട്ട് കുതിർത്തതിനു ശേഷം നാളികേരം ചിരകി ഉപയോഗിക്കുന്നതിനു പകരമായി ഉപയോഗിക്കുകയും ചെയ്യാം. നാളികേര ചിപ്സ് ചൂടുവെള്ളത്തിലിട്ട് കുതിർത്തെടുക്കാം. സ്വാദിഷ്ടമായ ഒരു ലഘുപലഹാരം എന്ന നിലയിൽ നാളികേര ചിപ്സിനു വളരെ മികച്ച വിപണി സാദ്ധ്യതയാണുള്ളത്. കേരളത്തിനകത്തും പുറത്തുമായി ഏതാണ് ഇരുപത്തഞ്ചോളം നാളികേര ചിപ്സ് നിർമ്മാണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ മിക്കവയും പ്രാദേശിക വിപണി മാത്രം




*കല്പകം യൂണിറ്റിലെ അംഗങ്ങൾ ചിപ്സ് നിർമ്മാണത്തിൽ*

ലക്ഷ്യമിട്ടു പ്രവർത്തിക്കുന്ന ചെറിയ യൂണിറ്റുകളാണ്. ചില യൂണിറ്റുകൾ വിപണനമേളകളിലും എക്സിബിഷനുകളിലും പങ്കെടുത്തുകൊണ്ട് വില്പന മെച്ചപ്പെടുത്തുന്നുമുണ്ട്. ഗ്രാമ പ്രദേശങ്ങളിലെ വനിത സ്വാശ്രയ സംഘങ്ങൾക്ക് വളരെ ആദായകരമായി നടത്തിക്കൊണ്ടുപോകാവുന്ന ഒരു സംരംഭമാണ് നാളികേര ചിപ്സ് നിർമ്മാണം.

**'കല്പകം' കേരോൽപന്ന നിർമ്മാണ യൂണിറ്റ്**

ഒരു സംരംഭമെന്ന നിലയിൽ മൂല്യവർദ്ധിത കേരോൽപന്നമായ നാളികേര ചിപ്സിന്റെ നിർമ്മാണവും വിപണനവും വളരെ വിജയകരമായി നടത്തിക്കൊണ്ടുപോകുന്ന ഒരു വനിതാ സ്വാശ്രയ സംഘത്തിന്റെ അനുഭവമാണ് കാസറഗോഡ് ജില്ലയിലെ മടിക്കൈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 'കല്പകം' കേരോൽപന്ന യൂണിറ്റിന്റേത്. 2008 മുതൽ കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന 'നാളികേര മൂല്യ ശൃംഖല' എന്ന ഗവേഷണ പദ്ധതിയുടെ പ്രവർത്തന ലക്ഷ്യങ്ങളിലൊന്ന് നാളികേര ചിപ്സ് തുടങ്ങിയ മൂല്യവർദ്ധിത കേരോൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിനായി വനിത സ്വാശ്രയ സംഘങ്ങളെ സജ്ജരാക്കുക എന്നതായിരുന്നു. അതിന്റെ ഭാഗമായാണ് മടിക്കൈ ഗ്രാമപഞ്ചായത്തിലെ കാലിച്ചാംപൊതി എന്ന സ്ഥലത്ത് 2009 ജൂലൈ ഒന്നിന് വനിതാ സ്വാശ്രയ സംഘം "കല്പകം" കേരോൽപന്ന യൂണിറ്റ് തുടങ്ങിയത്. എട്ട് അംഗങ്ങളാണ് ഈ യൂണിറ്റിൽ സജീവമായി പ്രവർത്തിച്ചു വരുന്നത്. ഈ സംരംഭം തുടങ്ങുന്നതിനു മുമ്പ് അംഗങ്ങളെല്ലാവരും വീട്ടമ്മമാരായി ഒതുങ്ങിക്കഴിയുകയായിരുന്നു. കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിന്റേയും മടിക്കൈ പഞ്ചായത്ത് ഭരണസമിതിയുടെയും പ്രോത്സാഹനവും കുടുംബശ്രീ മിഷന്റെ പിന്തുണയും സംരംഭം തുടങ്ങുന്നതിന് ഏറെ സഹായകമായി.

നാളികേര ചിപ്സ് തയ്യാറാക്കുന്നതിന്റെ സാങ്കേതിക വിദ്യയിൽ പ്രാവീണ്യം നേടുന്നതിനായി 'കല്പകം' യൂണിറ്റിലെ അംഗങ്ങൾ കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ പരിശീലനം നേടി. ചിപ്സ് തയ്യാറാക്കുന്നതിനൊപ്പം തേങ്ങവെള്ളമുപയോഗിച്ചുള്ള വിനാഗിരി, തേങ്ങ വെള്ളമുപയോഗിച്ചുള്ള സ്ക്വാഷ്, തേങ്ങ അച്ചാർ, തേങ്ങ ചമ്മന്തിപ്പൊടി, വെർജിൻ വെളിച്ചെണ്ണ തുടങ്ങിയ മൂല്യവർദ്ധിത കേരോൽപന്നങ്ങൾ തയ്യാറാക്കുന്നതിനുള്ള പരിശീലനവും നേടി. കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിനു പുറമെ മൈസൂരിലെ ഡി.എഫ്.ആർ.എൽ, നാളികേര വികസന ബോർഡിനു കീഴിൽ ആലുവയിൽ പ്രവർത്തിക്കുന്ന ടെക്നോളജി ഡെവലപ്പ്മെന്റ് സെന്റർ എന്നിവിടങ്ങളിലും ഈ വനിത സ്വാശ്രയ സംഘം അംഗങ്ങൾ പരിശീലന പരിപാടികളിൽ പങ്കെടുത്തു. കേരോൽപന്നങ്ങൾ തയ്യാറാക്കുന്ന സാങ്കേതിക വിദ്യ സ്വായത്തമാക്കുന്നതിനുള്ള പരിശീലനത്തിനു പുറമേ ഉൽപന്നങ്ങളുടെ ഗുണനിയന്ത്രണം, വിപണന തന്ത്രങ്ങൾ, അക്കൗണ്ടിങ്ങ് രീതികൾ തുടങ്ങി ഒരു സംരംഭം കാര്യക്ഷമമായി നടത്തിക്കൊണ്ടുപോകുന്നതിനാവശ്യമായ മറ്റു വിഷയങ്ങളിലും ഇവർ പരിശീലനം നേടിയിരുന്നു. നാളികേര ചിപ്സ് ഉൾപ്പെടെയുള്ള ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ വിവിധ യന്ത്രോപകരണങ്ങൾ ദേശീയ കാർഷിക ഇന്നൊവേഷൻ പ്രോജക്ടിന്റെ ഭാഗമായി കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനം ലഭ്യമാക്കി. ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനാവശ്യമായ നാളികേരം യൂണിറ്റിനു ചുറ്റുമുള്ള പ്രദേശങ്ങളിലെ കേരകർഷകരിൽനിന്നാണ് സംഭരിക്കുന്നത്. തങ്ങളുടെ സംരംഭം കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നാളികേരം ലഭ്യമാക്കുന്നതിലും മറ്റും കർഷകരുടെ നിർലോഭമായ സഹകരണം ലഭിക്കുന്നുണ്ടെന്ന് യൂണിറ്റംഗങ്ങൾ പറയുന്നു.

'കല്പകം' യൂണിറ്റിൽ പ്രതിദിനം 60 നാളികേരം ഉപയോഗിച്ച് 7 കി.ഗ്രാം ചിപ്സ് തയ്യാറാക്കുന്നുണ്ട്. ഇതിനുള്ള ഉത്പാദനച്ചെലവ് കൂലിച്ചെലവടക്കം ഏകദേശം 2200 രൂപയാകും. 25 ഗ്രാം വീതം കൊള്ളുന്ന പായ്ക്കറ്റുകളിലാണ് ചിപ്സ് വിപണനം നടത്തുന്നത്. പായ്ക്കറ്റൊന്നിന് പന്ത്രണ്ട് രൂപ നിരക്കിലാണ് വിപണനം നട

ത്തുന്നത്. നാളികേര ചിപ്സിന്റെയും മറ്റ് കേരോൽപന്നങ്ങളുടെയും വിപണനം പ്രധാനമായും യൂണിറ്റിനു സമീപ പ്രദേശത്തുള്ള കടകളിലും, അടുത്ത നഗരപ്രദേശത്തെ കടകളിലും, ബേക്കറികളിലും മറ്റുമായാണ് നടത്തുന്നത്. ഉപഭോക്താക്കൾ യൂണിറ്റിൽ നേരിട്ടെത്തിയും ഉൽപന്നങ്ങൾ വാങ്ങാറുണ്ട്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിച്ച 25ലധികം എക്സിബിഷനുകളിലും വിപണനമേളകളിലും 'കല്പകം' യൂണിറ്റിന്റെ പ്രവർത്തകർ നാളികേര ചിപ്സും മറ്റ് കേരോൽപന്നങ്ങളും വിപണനം നടത്തുന്നതിനായി പങ്കെടുത്തിട്ടുണ്ട്. ഇതിനായി കേന്ദ്രതോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നിന്നും വേണ്ട സഹായങ്ങൾ ദേശീയ കാർഷിക ഇന്നോവഷൻ പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കി. ഗ്രാമീണ മേഖലയിൽ നിന്നുള്ള വനിതകളുടെ ശാക്തീകരണത്തിന്, പ്രത്യേകിച്ച് സ്വന്തം നിലയിൽ വരുമാനം നേടുന്നതിന്, നാളികേര ചിപ്സ് നിർമ്മാണ സംരംഭം വളരെ സഹായകമായിട്ടുണ്ടെന്ന് അംഗങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. ശ്രീമതി ഷീന പി. വി. പ്രസിഡന്റും ശ്രീമതി ശ്രീജ ബി. സെക്രട്ടറിയുമായ സംഘത്തിലെ മറ്റംഗങ്ങൾ ലത കെ., ജയന്തി, ശാരദ, ശോഭ എ.വി., ബീന കെ.പി., സുശീല എ.വി. എന്നിവരാണ്. സംഘത്തിന്റെ വിലാസം : 'കല്പകം' കോക്കനട്ട് പ്രോഡക്ട്സ്, കാലിച്ചാംപൊതി, മടിക്കൈ പോസ്റ്റ്, കാസറഗോഡ് ജില്ല, പിൻ - 671314.

തേങ്ങയുടെ വിലയിൽ വർദ്ധനയുണ്ടാവുമ്പോൾ തേങ്ങ സംഭരിക്കുന്നതിലുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാൻ തദ്ദേശവാസികളായ തെങ്ങു കൃഷിക്കാരുമായി ആവശ്യത്തിനുള്ള തേങ്ങ ലഭ്യമാക്കുന്നതിന് മുൻധാരണ ഉണ്ടാക്കേണ്ടത് വളരെ പ്രധാനമാണെന്നാണ് കല്പകം യൂണിറ്റിന്റെ അനുഭവം. ചിപ്സിന്റെ കാര്യത്തിൽ വിപണി മാന്ദ്യം ഉണ്ടാകുമ്പോൾ മറ്റുൽപന്നങ്ങൾ, പ്രത്യേകിച്ച് പ്രാദേശികമായി ലഭ്യമാകുന്ന കാർഷികോൽപന്നങ്ങളായ ഏത്തക്കായ തുടങ്ങിയവ ഉപയോഗിച്ചുള്ള ഭക്ഷ്യോൽപന്നങ്ങൾ തയ്യാറാക്കി വിപണനം നടത്തുന്നതിലൂടെ വരുമാനത്തിൽ സ്ഥിരത കൈവരിക്കാൻ യൂണിറ്റിന് സാധിക്കുന്നുണ്ട്.

അടുത്തകാലത്തായി കല്പകം യൂണിറ്റിൽ തയ്യാറാക്കുന്ന നാളികേര ചിപ്സ് ബാംഗ്ലൂർ തുടങ്ങിയ വൻനഗരങ്ങളിലെ വിപണിയിലെത്തിക്കുന്നതിനായി ഒരു സ്വകാര്യ സ്ഥാപനവുമായി ധാരണയായിട്ടുണ്ട്. തങ്ങൾക്ക് ലഭിക്കുന്ന വരുമാനത്തിൽ കുറവുണ്ടാകാത്ത വിധത്തിൽ യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന ചിപ്സ് പ്രസ്തുത സ്വകാര്യ സംരംഭകന് നൽകുകയാണ് സംഘം ഇപ്പോൾ ചെയ്യുന്നത്. നാളികേര ചിപ്സ് നിർമ്മാണത്തിനായുള്ള ഒരു ചെറുകിട സംരംഭം തുടങ്ങുന്നതിന് ഏകദേശം രണ്ടു ലക്ഷം രൂപയോളം മുതൽ മുടക്കു വരും. പ്രധാനമായും ചിപ്സ് ഉണക്കിയെടുക്കുന്നതിനുള്ള ഇലക്ട്രിക്കൽ ഡ്രയർ സ്ഥാപിക്കുന്നതിനാണ് മുതൽ മുടക്കിന്റെ പ്രധാന ഭാഗം വേണ്ടിവരിക. ഒരു ബാച്ചിൽ 60 നാളികേരത്തിൽനിന്നുള്ള ചിപ്സ് ഉണക്കുന്നതിന് ശേഷിയുള്ള ഡ്രയറിന് ഏതാണ്ട് 80,000 രൂപയോളം വില വരും.

കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ നാളികേര ചിപ്സ് നിർമ്മാണത്തിൽ പരിശീലനം നൽകുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കാസറഗോഡ്-671124 എന്ന വിലാസത്തിൽ ബന്ധപ്പെട്ടാൽ മതി.

*കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം,*
*കാസറഗോഡ്-671124*

## നാളികേര ചിപ്സ്



നാളികേര വികസന ബോർഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനവുമായി സഹകരിച്ച് നാളികേര ചിപ്സ് നിർമ്മിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ട്.

നന്നായി വിളഞ്ഞ തേങ്ങ അരിഞ്ഞ് പഞ്ചസാര ലായനിയിലോ ഉപ്പ് വെള്ളത്തിലോ 40 മിനിട്ട് മുക്കി വെച്ചതിനുശേഷം ഹോട്ട് എയർ അവനിൽ ഉണക്കിയാണ് തേങ്ങ ചിപ്സ് ഉണ്ടാക്കുന്നത്. ചിപ്സ് നിർമ്മിക്കുന്നതിന് സ്ലൈസിങ്ങ് മെഷീൻ, ഹോട്ട് എയർ അവൻ, ലായനിയിൽ മുക്കി വെയ്ക്കുന്നതിനുള്ള ടാങ്ക്, സ്റ്റീൽ പാത്രങ്ങൾ, നൈട്രജൻ ഫ്ളഷ് പാക്കിംഗ് മെഷീൻ എന്നിവയാണ് ആവശ്യമായിട്ടുള്ളത്. ഇവയ്ക്ക് ഏകദേശം പത്ത് ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. പ്രതിദിനം അയ്യായിരം തേങ്ങ സംസ്കരിക്കാവുന്ന ഒരു യൂണിറ്റിന്റെ ഉത്പാദനശേഷി 500 കി.ഗ്രാം തേങ്ങ ചിപ്സ് ആയിരിക്കും. എട്ടു പേർക്ക് ജോലി സാദ്ധ്യതയുണ്ട്. പദ്ധതിയ്ക്ക് 23.32 ലക്ഷം രൂപ മൊത്തം ചെലവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്.

# കുരുത്തോലപന്തൽ

## ആമുഖം

തെങ്ങും തെങ്ങുകൃഷിയും കേരോല്പന്നങ്ങളും കേരസംസ്ക്കാരവും വരുംതലമുറകളിലേക്ക് ഫലപ്രദമായി കൈമാറുവാനുള്ള നാളികേര വികസന ബോർഡിന്റെ ദൗത്യത്തോട് ചേർന്നു നിന്നുകൊണ്ട് പുതിയൊരു പംക്തി ആരംഭിക്കുന്നു 'കുരുത്തോലപന്തൽ'

നമ്മുടെ വിദ്യാർത്ഥി സമൂഹത്തേയും യുവാക്കളേയും അദ്ധ്യാപകരേയും സാംസ്ക്കാരിക പ്രവർത്തകരേയും ഈ പംക്തിയിൽ അണിചേരുവാൻ സ്വാഗതം ചെയ്യുന്നു. സർഗ്ഗാത്മകതയും സാങ്കേതികത്വവും സമ്മേളിക്കുന്ന ഈ വേദി ക്രിയാത്മകമായി ഉപയോഗപ്പെടുത്തുമെന്ന് പ്രത്യാശിക്കട്ടെ.

**പായിപ്ര രാധാകൃഷ്ണൻ**
മുൻ സെക്രട്ടറി, കേരള സാഹിത്യ അക്കാദമി



## കൊച്ചുതെങ്ങ്

**സിപ്പി പള്ളിപ്പുറം**

പച്ചക്കുടയുമായ് നൃത്തമാടും
കൊച്ചുതെങ്ങേ നിനക്കെന്തു ചന്തം
ഉച്ചവെയിലത്തും ഞങ്ങളെ നീ
പച്ചത്തണലേകി ആശ്വസിപ്പൂ

ഇളനീർക്കുടങ്ങളും പേറി നില്ക്കും
അരുമക്കിടാത്തിയാം ഓമലാളേ
ദാഹിച്ചു ഞങ്ങളലഞ്ഞിടുമ്പോൾ
ദാഹനീരേകി നീ ആശ്വസിപ്പൂ

കേവഞ്ചിപ്പാട്ടുകൾ കേട്ടുറങ്ങും
കേരളനാടിന്റെ ചാരുത നീ
കേളീകദംബങ്ങൾ പൂവണിയും
കേരളനാടിന്റെ കേളിയും നീ.

## കല്പവൃക്ഷത്തണലിൽ

**കുറ്റിപ്പുറത്ത് കേശവൻ നായർ**

പുറംകഠോരം പരിശുഷ്കമൊട്ടു-
ക്കുള്ളോമൃദുസ്വാദു രസാനുവിദ്ധം
നാടൻ കൃഷിക്കാരൊരു നാളികേര –
പ്പാകത്തിലാണിങ്ങനെ മിക്കപേരും.

## ഉപകാരസ്മരണ

**എൻ.കെ.ദേശം**

സദയമുദമസാരം പണ്ടൊരാൾ തന്ന മൂലം
പകരമമൃതസാരം പാരമേകാനുദാരം
കനകകലശഭാരം പേറിനിൽക്കുന്നു കേരം
പരകൃതമുപകാരം വിസ്മരിക്കില്ല നല്ലോർ.

## നമസ്കാരം

**പായിപ്ര രാധാകൃഷ്ണൻ**

നാകത്തിൽ നിന്നും
ഞെട്ടറ്റുവീണതും
ജീവിതപ്പാതയിൽ
തണലായി നിന്നതും
സ്നേഹം പകർന്നതും
മാധുര്യമായതും
ദുരിതക്കരകളിൽ
പാലമായ്ത്തീർന്നതും
മംഗല്യവേളയിൽ
തോരണമായതും
പഞ്ചുരുളിത്തെയ്യത്തി-
ന്നുടയാടയായതും
കാറ്റിൻകരങ്ങളിൽ
മയിലാട്ടമായതും
കേരമതു നീതന്നെ
നമിക്കട്ടെ നിന്നെ ഞാൻ.



# കല്പവൃക്ഷത്തിന്റെ കത്ത്

**രഹ്ന രാജേഷ്**
വിദ്യാവികാസ് ഹയർ സെക്കൻഡറി സ്കൂൾ, കറുകടം

പ്രിയ കൂട്ടുകാരെ,

മണ്ണിൽ മുളയെടുത്ത് വിണ്ണിൽ തലപ്പുകാട്ടുന്ന കല്പവൃക്ഷമാണ് ഞാൻ. ചതിയന്മാരല്ല എന്നൊരു ഖ്യാതിയും ഞങ്ങൾക്കുണ്ട്. ഞങ്ങളെ മാത്രം ആശ്രയിച്ച ഒരു ജീവിതശൈലി കേരളത്തിൽ നിലനിന്നിരുന്നു. ഞങ്ങളുടെ സാന്നിധ്യം കൊണ്ട് രമണീയമായ ആ കാലത്തെക്കുറിച്ച് വിദേശ സഞ്ചാരികളും കവികളും വർണ്ണിച്ചിട്ടുണ്ട്.

മുറ്റത്ത് വെട്ടിക്കൂട്ടിയ തേങ്ങാക്കൂനകൾ വീടിന്റെ സമൃദ്ധിയുടെ കൊടിയടയാളങ്ങളായിരുന്നു. സർവ്വാംഗം ഉപയോഗയോഗ്യമാണ് തെങ്ങെന്ന കാര്യം സുവിദിതമാണ്. ഓലമെടഞ്ഞ് പുരമേയുന്നു. പൂങ്കുലയും ഈർക്കിലിയും പോലും ഔഷധമാണ്. തടി ഗൃഹനിർമ്മാണത്തിനും വീട്ടുപകരണങ്ങൾക്കും ഉപയോഗപ്പെടുന്നു.

തേങ്ങയും വെളിച്ചെണ്ണയും മണക്കാത്ത പാചകം മലയാളിക്ക് പറഞ്ഞിട്ടില്ല. കള്ളോളം നല്ലൊരു വസ്തു ഭൂലോകത്തില്ലെന്നാണ് പ്രകൃതിദത്ത പാനീയത്തെക്കുറിച്ചുള്ള സരസഭാഷണം.

കാലം മാറിയപ്പോൾ ഞങ്ങളുടെ കഷ്ടകാലവുമുദിച്ചു. കൃഷിക്കാരന്റെ ധാർമ്മികതയിൽ മാറ്റം വന്നു. റബ്ബറിന്റെ പ്രലോഭനവലയത്തിൽ, കടന്നാക്രമണത്തിൽ പുത്തൻരോഗങ്ങളും വന്നണഞ്ഞു. മണ്ഡരിയായും കാറ്റുവീഴ്ചയായും എന്റെ ശനിദശ തിമർത്താടി.

വിദേശികൾപോലും ഇളനീരിന്റെ മഹത്വം ഘോഷിച്ചപ്പോൾ എന്റെ സ്വന്തം നാട്ടുകാർ എന്നെ കൈയൊഴിഞ്ഞു. തൊടിയിലെ എന്റെ സാന്നിധ്യങ്ങൾ മാഞ്ഞു തുടങ്ങി.

കാലം പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത്, പുതിയതലമുറ എന്നെ കണ്ടെത്തി, കേരളമെന്ന അർത്ഥപൂർണ്ണതയിലേക്ക് നമ്മുടെ നാടിനെ നയിക്കുമെന്നാണെന്റെ പ്രത്യാശ.

കാലദോഷങ്ങൾ മാറിയ പുതിയപ്രഭാതത്തെ ഞാൻ കാത്തിരിക്കുന്നു.

നിങ്ങളുടെ സ്വന്തം,
കല്പവൃക്ഷം

# തെങ്ങ് - കൃഷിഗീതയിൽ

“പന്തീരാണ്ടങ്ങൊരുപോലെ കായുള്ള
വൻതെങ്ങിന്മേൽ കാമൂപ്പിച്ചു നിർത്തണം
വിത്തുതേങ്ങയിറക്കിയിട്ടുമെല്ലവേ
പച്ചമഞ്ഞളരികെ മുളപ്പിച്ച്
കുണ്ടുള്ള കുഴികുത്തി മണലിട്ട്
കൊണ്ടിടേണം ലവണം പുരോഭുവി
തിരുവാതിര ഞാറ്റുവേല തന്നിൽ
കരുത്തോടെ വച്ചിടേണം തെങ്ങിനെ
ഓരു തട്ടുന്ന ഭൂമിയിലേറ്റവും
പാരിക്കുന്നിതു കേരങ്ങളത്രയും
പാരമില്ല ചിതലങ്ങുഭൂമിയി-
ലോരു തട്ടുന്നദേശത്തു നിർണ്ണയം”

****

തെങ്ങുവയ്ക്കുന്ന മാനുഷരെല്ലാം
പൊങ്ങിടാതെ ഇരിക്കുന്നു സ്വർഗ്ഗത്തിൽ

****

തേങ്ങയും ചെറുതേങ്ങ പരദേശ-
ത്തെങ്ങുമുണ്ടല്ലോവെള്ളത്തേങ്ങാധ്രുവം
ഗൗരീഗാത്രമെന്നുള്ളൊരു തേങ്ങയ്ക്ക്
പാരംദുർലഭമെ പരദേശത്ത്
കന്നിക്കൂരനും കുംഭകുടവനും
എന്നു രണ്ടങ്ങിവറ്റിലേഭേദങ്ങൾ

*(കേരളത്തിലെ ഏറ്റവും പഴയതെന്നുകരുതപ്പെടുന്ന നാടോടി കൃഷിവിജ്ഞാന കൃതിയായ കൃഷിഗീത (പരശുരാമപ്പാട്ട്)യിൽ തെങ്ങിനെക്കുറിച്ചും തെങ്ങു കൃഷിയെക്കുറിച്ചുമുള്ള ഭാഗങ്ങൾ)*


സമ്പാ: **ദിൽനാ ബാബു,**
ഓൻപതാംതരം, എം.എച്ച്.എച്ച്.എസ്.എസ്. വേങ്ങൂർ

# നന്മതൻ സ്നേഹവൃക്ഷം

ശിരസ്സുയർത്തി സംസ്ക്കാരവാഹിനിയവൾ
മലനാടിന് പ്രലോഭനമേകി
മന്ദംമന്ദം കേരളമെന്ന് കാതിലോതിയവൾ
സത്യപ്രതീകമായി ബ്രഹ്മലോകത്തിൻ
പൂമുഖം പൂകുന്നവൾ.
ലജ്ജയിൽ പൊതിഞ്ഞ
സൂര്യചന്ദ്രനക്ഷത്രപ്രഭകളെ
കൈക്കുമ്പിളിൽ ഒളിപ്പിച്ചവൾ
ഉഷ്ണമകറ്റിയ സ്വത്വവെണ്മയായി
ഇളംകാറ്റായും ഇളനീരായും
നമ്മെ സ്പർശിക്കുന്നവൾ.
ഉത്സവങ്ങളിലലങ്കാരമായി
മനസ്സിനെതണുപ്പിക്കുന്നവൾ
കേരം തിങ്ങും കേരളം
നന്മതൻ നാട്; നന്മയുടെ വൃക്ഷം
കല്പവൃക്ഷം; നന്മതൻ സ്നേഹവൃക്ഷം.

**സാറാ ജോർജ്ജ്**
പത്താം തരം, എച്ച്.എസ്. എസ്. വളയൻചിറങ്ങര

**കാർട്ടൂൺ**




## കല്പവൃക്ഷക്കവിതകൾ

മലയാളത്തിലെ ഒരു പ്രമുഖ കവിയുടെ വരികളാണ് താഴെക്കൊടുത്തിരിക്കുന്നത്. ഈ കവിതയുടെ പേരെന്ത്?

കവിയുടെ പേരെന്ത്?

ഉത്തരങ്ങൾ പോസ്റ്റ് കാർഡിൽ എഴുതി അയക്കുക.

"ചകിരികൾ സംസ്കാരത്താൽപ്പാരി-
ന്നപകൃതി ചെയ്യും കയറാവാൻ
അവയെത്തല്ലി സ്വർണ്ണശലാക-
യ്ക്കവമതി ചേർക്കും തുമ്പുകളെ
ഇവരുടെ കൈകളുദിപ്പിക്കുന്നു
കരിനിശപുലരിക്കതിർപോലെ."

### താഴെപ്പറയുന്നവയെക്കുറിച്ച് നിങ്ങൾക്കെന്തറിയാം? ലഘുക്കുറിപ്പുകൾ എഴുതി അയക്കുക.

1. ചിരട്ട എണ്ണ
2. ആക്ടിവേറ്റഡ് കാർബൺ
3. നാറ്റാ-ഡി-കൊക്കോ
4. കോക്കനട്ട് പേൾ
5. മികച്ച വിത്തുതേങ്ങകൾ എങ്ങിനെ ശേഖരിക്കാം?

### കടങ്കഥച്ചെപ്പ്

തെങ്ങിനെ സംബന്ധിക്കുന്ന ധാരാളം കടങ്കഥകൾ നിലവിലുണ്ട്. വിദ്യാർത്ഥികൾക്ക് അവ ശേഖരിച്ച് അയക്കാവുന്നതാണ്.

**മാതൃക:**

"അമ്മ കല്ലിലും മുള്ളിലും
മോള് കല്യാണപ്പന്തലിൽ"

"കാടുവെട്ടി പാറ കണ്ടു.
പാറവെട്ടി വെള്ളകണ്ടു

വെള്ള വെട്ടി വെള്ളം കണ്ടു"

"ഉടുക്കാത്ത മങ്ക
കുടചൂടി നിൽക്കുന്നു."

### രചനകൾ ക്ഷണിക്കുന്നു

വിദ്യാർത്ഥികളിൽനിന്നും താഴെപ്പറയുന്ന രചനകൾ 'കുരുത്തോലപന്തലിലേക്ക്' ക്ഷണിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്നവ പ്രസിദ്ധീകരിക്കുന്നതാണ്. കേരസംബന്ധമായ കവിതകൾ, നാടൻ പാട്ടുകൾ, ലേഖനങ്ങൾ, മുതിർന്ന കേരകർഷകരുമായുള്ള അഭിമുഖ സംഭാഷണങ്ങൾ, അനുഭവക്കുറിപ്പുകൾ.......

**വിലാസം:**

ഇന്ത്യൻ നാളികേര ജേണൽ
(കുരുത്തോലപന്തൽ), കേരഭവൻ, കൊച്ചി-11




**ബലറാം**
പത്താം തരം, എസ്.ജെ. ഹയർ സെക്കന്ററി സ്കൂൾ, പിറവം

# സമ്മർ ഫാൻസി ഫുഡ് ഷോ

നാളികേര വികസന ബോർഡ് വാഷിംഗ്ടണിൽ നടന്ന 57-ാമത് സമ്മർ ഫാൻസി ഫുഡ് ഷോയിൽ പങ്കെടുത്തു. നാഷണൽ അസ്സോസിയേഷൻ ഫോർ ദി സ്പെഷ്യാലിറ്റി ഫുഡ് ട്രേഡ് ആണ് ഇക്കഴിഞ്ഞ ജൂലായ് 10-ാം തീയതി മുതൽ 12-ാം തീയതി വരെ വാൾട്ടർ ഇ വാഷിംഗ്ടൺ കൺവെൻഷൻ സെന്ററിൽ നടന്ന ഫുഡ് ഷോ സംഘടിപ്പിച്ചത്. ലോകമെമ്പാടുമുള്ള നാൽപതിനായിരത്തോളം സംരംഭകർ പങ്കെടുക്കുന്ന ഫുഡ് ഷോ ആണിത്.



*സമ്മർ ഫാൻസി ഫുഡ് ഷോയിൽ ബോർഡിന്റെ സ്റ്റാൾ*

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കീഴിലുള്ള ഇന്ത്യൻ ട്രേഡ് പ്രൊമോഷൻ ഓർഗനൈസേഷന്റെ ഇന്ത്യൻ പവിലിയനിലാണ് ബോർഡിന്റെ പ്രദർശന സ്റ്റാൾ ഒരുക്കിയത്. നാളികേര വികസനബോർഡ്, കാഷ്യു എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ, എപിഇഡിഎ എന്നിവരടക്കം 15 സ്ഥാപനങ്ങളാണ് ഇന്ത്യൻ പവിലിയനിൽ ഉണ്ടായിരുന്നത്.

ബോർഡിന്റെ സ്റ്റാളിൽ പായ്ക്ക് ചെയ്ത കരിക്കിൻവെള്ളം, തേങ്ങ ചിപ്സ്, തേങ്ങപ്പാൽപ്പൊടി, വെർജിൻ വെളിച്ചെണ്ണ, ആക്ടിവേറ്റഡ് കാർബൺ, ഡെസിക്കേറ്റഡ് കോക്കനട്ട് മുതലായ നാളികേരോൽപന്നങ്ങൾ പ്രദർശിപ്പിച്ചിരുന്നു. ഇതിനുപുറമേ, നാളികേരോൽപന്നങ്ങളുടെ വിവിധ പ്രയോജനങ്ങളും, ഉപയോഗങ്ങളും ഗുണഗണങ്ങളും വിശദീകരിക്കുന്ന പോസ്റ്ററുകളും പ്രദർശിപ്പിച്ചിരുന്നു. തേങ്ങ ചിപ്സിന്റേയും തേങ്ങപ്പാൽപ്പൊടിയുടേയും സാംപിൾ പായ്ക്കറ്റുകൾ സന്ദർശകർക്ക് വിതരണം ചെയ്യുകയുണ്ടായി. കെ.എൽ.എഫ് നിർമ്മൽ ഇൻഡസ്ട്രീസ്, പ്യൂർ ട്രോപ്പിക്ക് എന്നീ സ്ഥാപനങ്ങൾ അവരുടെ ഉൽപന്നങ്ങൾ ബോർഡ് സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു.

അമേരിക്കയിലെ ഇന്ത്യൻ അംബാസിഡർ ശ്രീമതി മീര ശങ്കർ, ഇന്ത്യൻ എംബസിയിലെ കൗൺസിലർ, കൊമേഴ്സ് ഡോ. ബാല ഭാസ്കർ എന്നിവർ ബോർഡ് സ്റ്റാൾ സന്ദർശിച്ചു. ബോർഡ് മുഖ്യ നാളികേര വികസന ആഫീസർ ശ്രീ.എം. തോമസ് മാത്യു, അസിസ്റ്റന്റ് മാർക്കറ്റിംഗ് ആഫീസർ ശ്രീ. കെ.എസ്. സെബാസ്റ്റ്യൻ എന്നിവരാണ് പ്രദർശനത്തിൽ പങ്കെടുത്തത്. പ്രദർശനത്തിൽ പങ്കെടുത്ത രണ്ട് സ്ഥാപനങ്ങൾക്കും നിരവധി കയറ്റുമതി സംബന്ധിച്ച അന്വേഷണങ്ങൾ ലഭിച്ചു.




*മുഖ്യ നാളികേര വികസന ആഫീസർ ശ്രീ. എം. തോമസ് മാത്യു, അസിസ്റ്റന്റ് മാർക്കറ്റിംഗ് ആഫീസർ, ശ്രീ. കെ.എസ്. സെബാസ്റ്റ്യൻ എന്നിവർ ഷോയിൽ പങ്കെടുത്ത സംരംഭകർക്കും സന്ദർശകർക്കുമൊപ്പം*

# ഏഷ്യൻ ആന്റ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റിയിലെ അംഗ രാഷ്ട്രങ്ങൾ

ഏഷ്യൻ ആന്റ് പസഫിക് കോക്കനട്ട് കമ്മ്യൂണിറ്റിയിലെ (എ പി സി സി) അംഗരാഷ്ട്രങ്ങളിൽ ഈ ലക്കത്തിൽ ഫിലിപ്പീൻസിനെ പരിചയപ്പെടാം. നാളികേരോത്പാദനത്തിൽ ഫിലിപ്പീൻസ് ലോകത്ത് മൂന്നാം സ്ഥാനത്താണ്.

## ഫിലിപ്പീൻസ്

### പൊതുവിവരം

| | | |
|---|---|---|
| *തലസ്ഥാനം* | – | *മനില* |
| *മൊത്തം വിസ്തീർണ്ണം (ഹെക്ടർ)* | – | *29,817,000* |
| *ജനസംഖ്യ* | – | *90457000* |
| *മൊത്തം ആഭ്യന്തര ഉത്പാദനം (പെസോ മില്യൻ)* | – | *7497535* |
| *കറൻസി* | – | *പെസോ* |
| *വിനിമയ നിരക്ക് അമേരിക്കൻ ഡോളറിൽ (ശരാശരി)* | – | *44.45* |

### കേരവ്യവസായം

| | | |
|---|---|---|
| *1. തെങ്ങുകൃഷിയുടെ വിസ്തീർണ്ണം (ഹെക്ടർ)* | – | *3380000* |
| *2. മൊത്തം നാളികേരോത്പാദനം* | | |
| *2.1 കോടി നാളികേരത്തിന്* | – | *1257.3* |
| *2.2 കൊപ്ര തൂക്കത്തിന് (കോടി മെട്രിക് ടൺ)* | – | *239.9* |
| *3. ആഭ്യന്തര ഉപയോഗം* | | |
| *3.1 കോടി നാളികേരത്തിന്* | – | *432.4* |
| *3.2 കൊപ്ര തൂക്കത്തിന് (കോടി മെട്രിക് ടൺ)* | – | *0.0825* |
| *4. കയറ്റുമതിത്തോത് (മെട്രിക് ടൺ)* | | |
| *4.1. പച്ചത്തേങ്ങ* | – | *1662* |
| *4.2 കൊപ്ര* | – | *കയറ്റുമതി ഇല്ല* |
| *4.3 വെളിച്ചെണ്ണ* | – | *847626* |
| *4.4 തേങ്ങപ്പിണ്ണാക്ക്* | – | *435244* |
| *4.5 തൂൾത്തേങ്ങ* | – | *142626* |
| *4.6 ഫാറ്റി ആൽക്കഹോൾ* | – | *21323* |
| *4.7 ഫാറ്റി ആസിഡ്* | – | *16826* |
| *4.8 മീതൈൽ എസ്റ്റർ* | – | *1525* |
| *4.9 ആൽക്കനോലമൈഡ്* | – | *1871* |
| *4.10 ചിരട്ടക്കരി* | – | *21979* |
| *4.11 ആക്ടിവേറ്റഡ് കാർബൺ* | – | *20259* |
| *4.12 തേങ്ങാപാൽപ്പൊടി* | – | *1000* |
| *4.13 തേങ്ങാപ്പാൽ* | – | *1310* |
| *4.14 നാറ്റാ ഡി കൊക്കോ* | – | *1310* |
| *4.15 വെർജിൻ വെളിച്ചെണ്ണ* | – | *1639* |
| *4.16 തേങ്ങവെള്ളം* | – | *647336* |
| *5. മൊത്തം കയറ്റുമതി മൂല്യം (മില്യൺ അമേരിക്കൻ ഡോളറിന്)* | – | *1493* |
| *6. കയറ്റുമതി വരുമാനത്തിൽ സംഭാവന (ശതമാനം)* | – | *3.04* |

# കമ്പോളാവലോകനം

## 2011 ജൂലായ്

- ആട്ടുകൊപ്ര ഉണ്ടകൊപ്ര, വെളിച്ചെണ്ണ എന്നിവയുടെ വില എല്ലാ പ്രമുഖ വിപണികളിലും ഏറിയും കുറഞ്ഞും നിന്നു.
- വെളിച്ചെണ്ണയുടെ അന്താരാഷ്ട്രവില കുറഞ്ഞു. വെളിച്ചെണ്ണയുടെ ആഭ്യന്തര വില കൊച്ചി വിപണിയിൽ അന്താരാഷ്ട്രവിലയേക്കാൾ 21 ശതമാനം അധികമായിരുന്നു.

കൊപ്ര (എഫ്എക്യു) യുടേയും വെളിച്ചെണ്ണയുടേയും വില കൊച്ചി വിപണിയിൽ വർദ്ധിച്ചു. ഭക്ഷ്യയോഗ്യമായ കൊപ്രയുടെ വില കോഴിക്കോട് വിപണിയിൽ വർദ്ധിച്ചു. ഉണ്ടക്കൊപ്രയുടെ വില കർണ്ണാടകത്തിലെ തിപ്തൂർ വിപണിയിൽ ഏറിയും കുറഞ്ഞും നിൽക്കുകയും അരസിക്കരയിൽ വർദ്ധിക്കുകയും ചെയ്തു. ഇളനീരിന്റെ വില മദ്ദൂർ നിയന്ത്രിത വിപണിയിൽ മാറ്റമില്ലാതെ നിന്നു.

വെളിച്ചെണ്ണയുടെ ശരാശരി മാസവില യൂറോപ്പിൽ (സി.ഐ.എഫ്.റോട്ടർഡാം) മെട്രിക്ക് ടണ്ണിന് 1028 അമേരിക്കൻ ഡോളറായിരുന്നു; അത് കഴിഞ്ഞ മാസത്തെക്കാൾ 8 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 52 ശതമാനവും അധികമായിരുന്നു. കൊപ്രയുടെ ശരാശരി മാസവില മെട്രിക്ക് ടണ്ണിന് 682 അമേരിക്കൻ ഡോളറായിരുന്നു, അത് കഴിഞ്ഞ മാസത്തെക്കാൾ 10 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 41 ശതമാനവും അധികമായിരുന്നു. വെളിച്ചെണ്ണയുടെ ആഭ്യന്തരവില കൊച്ചി വിപണിയിൽ അന്താരാഷ്ട്ര വിലയേക്കാൾ 11 ശതമാനം അധികമായിരുന്നു.

### വെളിച്ചെണ്ണ

വെളിച്ചെണ്ണയുടെ വില രാജ്യത്തെ എല്ലാ പ്രമുഖ വിപണികളിലും ഏറിയും കുറഞ്ഞും നിന്നു. കൊച്ചി വിപണിയിൽ ഓരോ ആഴ്ചയിലും ശരാശരി വില ക്വിന്റലിന് 8417 രൂപയ്ക്കും 9583 രൂപയ്ക്കും ഇടയിൽ ഏറിയും കുറഞ്ഞും നിന്നു. ശരാശരി മാസവിലയായ ക്വിന്റലിന് 9010 രൂപ കഴിഞ്ഞ മാസത്തെക്കാൾ 9 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 68 ശതമാനം അധികവുമായിരുന്നു.

വെളിച്ചെണ്ണയുടെ വിലയിൽ ആലപ്പുഴ വിപണിയിലും കൊച്ചി വിപണിയിലെ അതേ പ്രവണത നിലനിന്നു. ഓരോ ആഴ്ചയിലും ശരാശരി മാസവില ക്വിന്റലിന് 8400 രൂപയ്ക്കും 9517 രൂപയ്ക്കും ഇടയിൽ ഏറിയും കുറഞ്ഞും നിന്നു.

കോഴിക്കോട് വിപണിയിൽ വെളിച്ചെണ്ണയുടെ ശരാശരി മാസവില 8517 രൂപയ്ക്കും 9967 രൂപയ്ക്കും ഇടയിൽ ഏറിയും കുറഞ്ഞും നിന്നു. ശരാശരി മാസവിലയായ ക്വിന്റലിന് 9180 രൂപ കഴിഞ്ഞ മാസത്തെക്കാൾ 8 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 66 ശതമാനവും അധികമായിരുന്നു.

ഫസ്റ്റ് കമ്മോഡിറ്റീസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ജൂലൈ 2011 മാസത്തിലേക്ക് കൊച്ചി വിപണിയിൽ പ്രഖ്യാപിച്ച വെളിച്ചെണ്ണയുടെ ശരാശരി മാസവില ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ യഥാക്രമം 8440 രൂപയും 9504 രൂപയും 9321 രൂപയുമായിരുന്നു. അതേ സമയം കൊച്ചിയിലെ ശരാശരി നടപ്പ് വില ക്വിന്റലിന് 9010 രൂപയായിരുന്നു.

ഫസ്റ്റ് കമ്മോഡിറ്റീസ് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ ആഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിലേയ്ക്ക് പ്രഖ്യാപിച്ച അവധി വ്യാപാര വിലകൾ യഥാക്രമം 8616 രൂപയും 8690 രൂപയും 8721 രൂപയുമായിരുന്നു.

### ആട്ടുകൊപ്ര

എഫ്എക്യൂകൊപ്രയുടെ ഓരോ ആഴ്ചയിലേയും ശരാശരി വില കൊച്ചിയിൽ ക്വിന്റലിന് 5500 രൂപയ്ക്കും 6292 രൂപയ്ക്കും ഇടയിലായിരുന്നു. ശരാശരിമാസവിലയായ ക്വിന്റലിന് 5894 രൂപ കഴിഞ്ഞ മാസത്തേക്കാൾ 11 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 64 ശതമാനം അധികവുമായിരുന്നു.

ആലപ്പുഴ വിപണിയിൽ രാശികൊപ്രയുടെ ഓരോ ആഴ്ചയിലെയും ശരാശരി വില ക്വിന്റലിന് 5333 രൂപയ്ക്കും 6358 രൂപയ്ക്കും ഇടയിലായിരുന്നു. കോഴിക്കോട് വിപണിയിൽ ആഫീസ്പാസ് കൊപ്രയുടെ ശരാശരി മാസവില 5858 രൂപ കഴിഞ്ഞ മാസത്തേക്കാൾ 12 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 62 ശതമാനവും അധികമായിരുന്നു.

ആന്ധ്രപ്രദേശിലെ അമ്പാജിപേട്ട വിപണിയിൽ ആട്ടുകൊപ്രയുടെ ഓരോ ആഴ്ചയിലേയും ശരാശരി വില ക്വിന്റലിന് 3500 രൂപയ്ക്കും 3550 രൂപയ്ക്കും ഇടയിലായിരുന്നു.

### ഭക്ഷ്യയോഗ്യമായ കൊപ്ര

കോഴിക്കോട് വിപണിയിൽ രാജാപൂർ കൊപ്രയുടെ ഓരോ ആഴ്ചയിലേയും ശരാശരി വില ക്വിന്റലിന് 7342 രൂപയ്ക്കും 7992 രൂപയ്ക്കും ഇടയിലായിരുന്നു. ശരാശരി മാസവിലയായ ക്വിന്റലിന് 7647 രൂപ കഴിഞ്ഞ മാസത്തെക്കാൾ നാമമാത്രം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 67ശതമാനം അധികവുമായിരുന്നു.

കോഴിക്കോട് വിപണിയിൽ ഉണ്ടക്കൊപ്രയുടെ വില ഓരോ ആഴ്ചയിലേയും ശരാശരി വില ക്വിന്റലിന് 6633 രൂപയ്ക്കും 7300 രൂപയ്ക്കും ഇടയിലായിരുന്നു.

കർണ്ണാടകത്തിലെ തിപ്തൂർ നിയന്ത്രിത വിപണിയിൽ ഉണ്ടക്കൊപ്രയുടെ ഓരോ ആഴ്ചയിലേയും ശരാശരി വില ക്വിന്റലിന് 6470 രൂപയ്ക്കും 6723 രൂപയ്ക്കും ഇടയിലായിരുന്നു. ജൂൺ 2011ലെ ശരാശരി മാസവിലയായ ക്വിന്റലിന് 6535 രൂപ ജൂലൈയിൽ 6608 രൂപയായി വർദ്ധിച്ചു.

## കൊട്ടത്തേങ്ങ

കോഴിക്കോട് വിപണിയിൽ കൊട്ടത്തേങ്ങയുടെ ശരാശരി മാസവിലയായ 6590 രൂപ കഴിഞ്ഞ മാസത്തേക്കാൾ 6 ശതമാനവും കഴിഞ്ഞ വർഷം ഇതേ മാസത്തേയപേക്ഷിച്ച് 89 ശതമാനവും അധിക മായിരുന്നു.

## നാളികേരം

നെടുമങ്ങാട് വിപണിയിൽ പൊതിച്ച നാളികേര ത്തിന്റെ ഓരോ ആഴ്ചയിലേയും ശരാശരി വില ആയിരത്തിന് 8000 രൂപയ്ക്കും 9000 രൂപയ്ക്കും ഇടയിലായിരുന്നു.

അരസിക്കര നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ശരാശരി വില ജൂലായ് 2011ൽ ജൂൺ മാസത്തിലെ ആയിരത്തിന് 7098 രൂപയിൽ നിന്ന് 7044 രൂപയായി കുറഞ്ഞു.

ബാംഗ്ലൂർ നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച നാളികേരത്തിന്റെ ഓരോ ആഴ്ചയിലെയും ശരാശരി വില ആയിരത്തിന് 6050 രൂപയ്ക്കും 6200 രൂപയ്ക്കും ഇടയിലായിരുന്നു.

മംഗലാപുരം നിയന്ത്രിത വിപണിയിൽ ഭാഗികമായി പൊതിച്ച ഗ്രേഡ് 1 നാളികേരത്തിന്റെ ശരാശരി മാസവില ആയിരത്തിന് ജൂൺ 2011 ലെ 9327 രൂപയിൽ നിന്ന് ജൂലായ് മാസത്തിൽ 9470 രൂപയായി വർദ്ധിച്ചു. ഓരോ ആഴ്ചയിലേയും ശരാശരി വില ആയിരത്തിന് 9000 രൂപയ്ക്കും 9875 രൂപയ്ക്കും ഇടയിലായിരുന്നു.

## ഇളനീർ

കർണ്ണാടകത്തിലെ മദ്ദൂർ നിയന്ത്രിത വിപണിയിൽ ഇളനീരിന്റെ ഓരോ ആഴ്ചയിലേയും ശരാശരി വില ആയിരത്തിന് 5283 രൂപയ്ക്കും 7000 രൂപയ്ക്കും ഇടയിലായിരുന്നു.

## അന്താരാഷ്ട്ര വില

യൂറോപ്പിൽ (സിഐഎഫ് റോട്ടർഡാം) വെളിച്ചെണ്ണയുടെ ശരാശരി മാസവില മെട്രിക് ടണ്ണിന് 1673 അമേരിക്കൻ ഡോളറായിരുന്നു. അത് കഴിഞ്ഞ മാസത്തേക്കാൾ 7 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തേയപേക്ഷിച്ച് 62 ശതമാനം അധികവുമായിരുന്നു. കൊപ്രയുടെ ശരാശരി മാസവിലയായ മെട്രിക് ടണ്ണിന് 1138 അമേരിക്കൻ ഡോളർ കഴിഞ്ഞ മാസത്തേക്കാൾ 4 ശതമാനം കുറവും കഴിഞ്ഞ വർഷം ഇതേ മാസത്തെയപേക്ഷിച്ച് 65 ശതമാനം അധികവുമായിരുന്നു. കൊച്ചി വിപണിയിൽ വെളിച്ചെണ്ണയുടെ ആഭ്യന്തര വിലയായ 2032 അമേരിക്കൻ ഡോളർ അന്താരാഷ്ട്രവിലയേക്കാൾ 21 ശതമാനം അധികമായിരുന്നു.

വെളിച്ചെണ്ണയുടെ ആഭ്യന്തര വില മെട്രിക് ടണ്ണിന് ഫിലിപ്പീൻസിൽ 1165 അമേരിക്കൻ ഡോളറും ഇന്തോനേഷ്യയിൽ 1444 അമേരിക്കൻ ഡോളറുമാ യിരുന്നു. പാമോയിലിന്റേയും പനങ്കുരു എണ്ണയുടേയും സോയബീൻ ഓയിലിന്റേയും അന്താരാഷ്ട്രവില യഥാക്രമം 1095 അമേരിക്കൻ ഡോളറും 1378 അമേരിക്കൻ ഡോളറും 1341 അമേരിക്കൻ ഡോളറുമായി രുന്നു. അതേസമയം വെളിച്ചെണ്ണയുടെ വില അന്താരാഷ്ട്ര വിപണിയിൽ മെട്രിക് ടണ്ണിന് 1673 അമേരിക്കൻ ഡോളറും ഇന്ത്യയിലെ അഭ്യന്തര വില 2032 അമേരിക്കൻ ഡോളറുമായിരുന്നു.

**വിവിധ കമ്പോളങ്ങളിൽ 2011 ജൂലായ് 1 മുതൽ 31 വരെ വെളിച്ചെണ്ണ, കൊപ്ര, നാളികേരം, എന്നിവയുടെ പ്രതിവാരവിലനിലവാരമാണ് താഴെ കൊടുത്തിരിക്കുന്നത്**

| | വെളിച്ചെണ്ണ (രൂ./കി.) | | | ആട്ടു കൊപ്ര (രൂ./കി.) | | | ഭക്ഷ്യ യോഗ്യമായ കൊപ്ര (രൂ./കി.) | ഉണ്ടക്കൊപ്ര (രൂ./കി.) | | | | കൊട്ട ത്തേങ്ങ (രൂ./1000) | നാളി കേരം (രൂ./1000) | പൊതിച്ച/ഭാഗികമായി പൊതിച്ച നാളികേരം (രൂ./1000) | | | ഇള നീർ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| തീയതി | കൊച്ചി | ആല പ്പുഴ | കോഴി ക്കോട് | കൊച്ചി (എഫ്എക്യൂ) | ആല പ്പുഴ (രാശി കൊപ്ര) | കോഴി ക്കോട് | കോഴി ക്കോട് (രാജ്പൂർ) | കോഴി ക്കോട് | തിപ് ത്തൂർ | ബാംഗ്ലൂർ | അരസി ക്കര | കോഴി ക്കോട് | നെടു മങ്ങാട് | അര സിക്കര | ബാംഗ്ലൂർ | മംഗലാ പുരം (ഗ്രേഡ് 1) | മദ്ദൂർ |
| 2/72011 | 9350 | 9500 | 9400 | 6088 | 6200 | 6088 | 7625 | 7000 | 6589 | 5600 | 6580 | 5950 | 9000 | 6500 | 6100 | 9000 | 7000 |
| 9/2/2011 | 8733 | 9317 | 8533 | 5717 | 5758 | 5325 | 7342 | 6633 | 6470 | 5600 | 6580 | 5783 | 8667 | 6750 | 6067 | 9133 | 5283 |
| 16/3/2011 | 8417 | 8400 | 8517 | 5500 | 5333 | 5467 | 7408 | 6650 | 6554 | 5600 | 6630 | 5567 | 8000 | 7583 | 6200 | 9500 | 6042 |
| 23/3/2011 | 8967 | 8833 | 9483 | 5875 | 5717 | 5996 | 7992 | 7300 | 6704 | 6000 | 6700 | 7917 | 8000 | 6425 | 6183 | 9842 | 5667 |
| 30/7/2011 | 9583 | 9517 | 9967 | 6292 | 6358 | 6417 | 7867 | 7167 | 6723 | 6000 | 6700 | 7733 | 9000 | 7963 | 6050 | 9875 | 6417 |
| **ശരാശരി** | **9010** | **9113** | **9180** | **5894** | **5873** | **5858** | **7647** | **6950** | **6608** | **5760** | **6638** | **6590** | **8533** | **7044** | **6120** | **9470** | **6082** |

*അവലംബം :*
*കൊച്ചി : കൊച്ചിൻ ഓയിൽ മർച്ചന്റ്സ് അസ്സോസിയേഷൻ ആൻഡ് കൊച്ചിൻ ചേയ്മ്പർ ഓഫ് കോമേഴ്സ്, കൊച്ചി-2*
*കോഴിക്കോട് : മാതൃഭൂമി*
*ആലപ്പുഴ : മലയാള മനോരമ*
*അരസിക്കര : ഏ പി എം സി, അരസിക്കര*
** ഓഫീസ് പാസ് കൊപ്രയ്ക്ക് കൊച്ചിയിലും കോഴിക്കോടും രാശികൊപ്രയ്ക്ക് ആലപ്പുഴയിലുമുള്ള വിലയാണ് മേൽകൊടുത്തിരിക്കുന്നത്.
*N.A. : ലഭ്യമല്ല N.T. : ക്രയവിക്രയം നടന്നില്ല N.R. : റിപ്പോർട്ട് ചെയ്തിട്ടില്ല*